
എന്താണ് കമ്മ്യൂണിസം?



90
2404



എന്താണീകമ്മ്യൂണിസം?

ഒന്നാംഭാഗം

(വിവർത്തനം)



മൂലഗ്രന്ഥ എഡിറ്റർ

വില രൂപാ രണ്ട്

റിച്ചാർഡ് എം. കെച്ചം

Series VII No. 6

പ്രതിമാസ ഗ്രന്ഥ ക്ലബ്

എറണാകുളം

1959

M/335.43
KET

ENTHANEE COMMUNISM?

a free translation of

WHAT IS COMMUNISM?

Edited by
RICHARD M. KETCHUM

Art director
WILL ANDERSON

Picture editor
RUTH TRAURIG

Copy right
E. P. DUTTON & Co. U. S. A.

Price Rs. 2-00

All rights for Malayalam translation
BOOK-A-MONTH CLUB
ERNAKULAM

PRINTED AT THE SAHODARAN PRESS, AND PUBLISHED BY K. P. ITTYERAH,
SECRETARY, BOOK-A-MONTH CLUB, ERNAKULAM

രണ്ടു സെക്കണ്ടിലൊരിക്കൽ ഒരു നവജീവൻ ഭൂമുഖത്തു് ഉദയംചെയ്യുകയും ജീവിതപ്രവാഹത്തിൽപ്പെട്ടു് തിരോധാനം ചെയ്യുകയും ചെയ്യുന്നുണ്ടു്. എന്നാൽ, ലോകാരംഭത്തിലെന്നപോലെ, ഇന്നും, അവയോരോന്നും ജന്മനിമിഷംമുതൽ ജീവിക്കുവാനൊരു വിശ്വാസപ്രമാണത്തെതിരക്കിപുറപ്പെട്ടുന്നു. ഈ അന്വേഷണത്തിൽ അവരോരോരുത്തരും തന്നേക്കാൾ ഔന്നത്യമേറിയ എന്തോ ഒന്നിലേയ്ക്കു് ആകൃഷ്ടരായി പിന്നാലെ പോകുകയായി. സ്വന്തജീവിതത്തിനു് അർത്ഥം നൽകുന്ന ഒരു ജീവിതാദർശസംഹിതയെ തിരക്കിപോകുകയാണു് അവരോരോരുത്തരും.



എന്താണ്

ഒന്നാം

— ഉള്ള

പുറം

1. കമ്മ്യൂണിസത്തിന്റെ മുഖം..... 9

ലോകത്തിലെ എത്തരം ആളുകളെയാണ് കമ്മ്യൂണിസം ആക്രമിക്കുന്നതെന്ന് ഈ ഭാഗത്തെ ചിത്രങ്ങൾ വ്യക്തമാക്കും.

2. കമ്മ്യൂണിസ്റ്റ് തത്വസംഹിത..... 20

കമ്മ്യൂണിസ്റ്റ്നയപരിപാടികൾ ഗ്രഹിക്കണമെങ്കിൽ അവരുടെ അടിസ്ഥാനതത്വങ്ങളും, സാമ്പത്തികസിദ്ധാന്തങ്ങളും, രാഷ്ട്രീയമീമാംസയും പഠിച്ചിരിക്കണം. അവയെല്ലാമാണ് ഈ അദ്ധ്യായത്തിൽ.

3. റഷ്യയിൽ കമ്മ്യൂണിസം വന്നതെങ്ങനെ...? 30

ബോൾഷെവിക്ക് വിപ്ലവത്തിന്റെ സമഗ്രമായൊരു വിവരണം — ലനിന്റെ കീഴിൽ കമ്മ്യൂണിസം — സ്റ്റാലിൻ വരുത്തിയ പരിവർത്തനം — സ്റ്റാലിന്റെ നവീന സാമ്പത്തികപദ്ധതി — റഷ്യയിൽ കമ്മ്യൂണിസം ഉറപ്പിച്ചതു്.

4 കമ്മ്യൂണിസം പ്രയോഗത്തിൽ..... 43

— യു. എസ്സ്. എസ്സ്. ആർ.

സ്റ്റാലിന്റെ നേതൃത്വത്തിൽ റഷ്യയിൽ കമ്മ്യൂണിസം സുശക്തമായി സ്ഥാപിക്കപ്പെട്ടതു് —



കമ്മ്യൂണിസം?

ഭാഗം

ടക്കം —

പുറം

പ്രഥമ പഞ്ചവത്സരപദ്ധതി — കർഷകരുടേയും തൊഴിലാളികളുടേയും യാതനാകാലഘട്ടം — ദേശീയബോധവും കമ്മ്യൂണിസവും — കലകളും വിദ്യാഭ്യാസവും യുവാക്കളും റഷ്യയിൽ.

5. കമ്മ്യൂണിസ്റ്റ് വികാസം..... .....(ഇരട്ടിപ്പു്) 61

അന്തർദ്ദേശീയകമ്മ്യൂണിസത്തിന്റെ ലക്ഷ്യം — ഏഷ്യയിലും യൂറോപ്പിലും കമ്മ്യൂണിസത്തിന്റെ വിപുലീകരണം — നിഷ്പക്ഷരാജ്യങ്ങൾക്കു അപകടം — ഇന്ത്യയ്ക്കു് ഒരാപത്തു്.


പ്രതീക്ഷിക്കുക:

6. നിശ്ശബ്ദതയുടെ മേഖല
7. കമ്മ്യൂണിസത്തിന്റെ പരാജയം
8. കമ്മ്യൂണിസത്തിന്റെ ബലിയാടുകൾ
9. കമ്മ്യൂണിസത്തിന്റെ ശത്രുക്കൾ, ചോദ്യോത്തരങ്ങൾ

—രണ്ടാം ഭാഗത്തിൽ

ഒരു തിരുത്തു്

74 കഴിഞ്ഞു് വീണ്ടും 61 എന്നു തുടങ്ങിയാണു് പേജ് നമ്പ്രു് ഇട്ടിരിക്കുന്നതു്. ഈ പിശകു് തിരുത്തി വായിപ്പാനപേക്ഷ.



പ്രസ്താവന

കൊളംബിയാ യൂണിവേഴ്സിറ്റിയുടെ പ്രസിഡൻറ് ഡോക്ടർ ഗ്രിസൺകേർക്കിന്റെ അവതാരികയോടുകൂടി വിൽ ആൻഡ്രോ സ്മിത്തിന്റെയും റൂത്ത് ട്യൂറിഗിന്റെയും സഹായത്തോടുംകൂടി റിച്ചാർഡ് എം. കെച്ചം പ്രസാധനം ചെയ്ത "എന്താണീ കമ്മ്യൂണിസം" എന്ന ചിത്രഗ്രന്ഥം കേരളീയർക്ക് ഈയവസരത്തിൽ സമ്മാനിപ്പാൻ ഇടയായതിൽ ഞങ്ങൾ അതീവ കൃതാർത്ഥരാണ്. മൂന്നുമാസം മുമ്പ് അച്ചടിതുടങ്ങിയ ഈ ഗ്രന്ഥം അച്ചടിശാലകളിലെ പല അവിചാരിത അസൗകര്യങ്ങൾ നിമിത്തം ഇത്രയുംകാലം താമസിച്ചതിൽ ഞങ്ങൾക്ക് അതീവ ഖേദമുണ്ട്. കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റിതരരും തമ്മിൽ ഒരു ജീവൻ മരണമാത്സര്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വികാരാവേശം കൂടാതെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളും പ്രയോഗരീതികളും വസ്തുനിഷ്ഠമായി പൊതുജനങ്ങളെ മനസ്സിലാക്കേണ്ടതു് ഏതു കേരളീയന്റെയും കടമയാണ്. ഈ ഗ്രന്ഥം വിഭ്രാന്തിയോടുകൂടിയ കമ്മ്യൂണിസ്റ്റ് വൈരുത്താലോ ആത്യന്തികമായ പ്രജായത്തപ്രേരണയാലോ വിരചിതമല്ല; ഇതു് ഒരു ശാസ്ത്രീയാപഗ്രഥനമാണ്.

പക്ഷേ, സാമാന്യജനങ്ങൾക്ക് ഉതകുന്ന ലളിതഭാഷയിലും രീതിയിലുമാണ് വിഷയം പ്രതിപാദിച്ചിട്ടുള്ളതു്. ഇതിന്റെ വിശേഷത രചനാരീതിയിൽ മാത്രമല്ല; സംഭവങ്ങളെ കുറിക്കുന്ന ആശയങ്ങൾ ചിത്രങ്ങളിൽക്കൂടിയും പ്രകാശിപ്പിച്ചിട്ടുണ്ടെന്നുള്ളതാണ്. വാക്കുകളിൽ പ്രതിഫലിപ്പിക്കാൻ നിവ്വാഹമില്ലാത്ത അനേകം ആശയങ്ങളുണ്ട്. സാമാന്യജനങ്ങൾക്ക് വാക്കുകളേക്കാൾ ബോദ്ധ്യം വരുത്തുന്നതും ചിത്രങ്ങളാണ്. 260-ലധികം ചിത്രങ്ങളിലൂടെ കമ്മ്യൂണിസത്തിന്റെ സർവ്വ വശങ്ങളും ഈ ഗ്രന്ഥത്തിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. ഇതു് പാരായണം ചെയ്യുന്ന കൊച്ചുകുട്ടികൾമുതൽ വൃദ്ധസ്ത്രീകൾവരെ ആർക്കും ഈ ചിത്രങ്ങളിൽനിന്നു മാത്രം കമ്മ്യൂണിസത്തിന്റെ സ്വഭാവം ഗ്രഹിക്കാമെന്നുള്ളതാണ്, ഈ പുസ്തകത്തിന്റെ മറെറാരു സവിശേഷത.

ഇത്ര ഉപകാരപ്രദമായ ഒരു ഗ്രന്ഥം കേരളീയർക്ക് പ്രദാനംചെയ്യുവാൻ ഇതിന്റെ പകർപ്പവകാശം ഞങ്ങൾക്കു നൽകിയ ഡട്ടൺ കമ്പനിക്കാർക്ക് ഞങ്ങളുടെ കൃതജ്ഞത.

ACHARYA PALACKAL JEEVAS KENDRAM
LIBRARY
ALWAYE
18045



1 കമ്മ്യൂണിസത്തിന്റെ മുഖം

സാമൂഹ്യവും സാമ്പത്തികവുമായ ദുരിതം നിറഞ്ഞൊരു ലോകത്തിൽ, ആ നീതിയുടെ ബലിയാടുകളാകുവാൻ ഇടയാകുന്ന നിഷ്ഠുരരായ സ്ത്രീപുരുഷന്മാർ ആലംബത്തിനായി ഏതെങ്കിലുമൊരു തത്വസംഹിതയെ ആശ്ലേഷിക്കുവാൻ തുനിയുന്നതു സ്വാഭാവികമാണു്. പലപ്പോഴും ഇത്തരക്കാർ, അപ്പഴപ്പോൾ തങ്ങൾക്കു് ആശയും ആശ്വാസവും അരുളുമെന്നു വിചാരിക്കുന്ന തത്വസംഹിതയോടു് അലിഞ്ഞുചേരുകയാണു്. താരതമ്യേന ഒരു ഹ്രസ്വകാലയളവിനുള്ളിൽ വിഭിന്നദേശക്കാരും വിവിധവർഗ്ഗക്കാരുമുൾപ്പെടെ നിരവധി ജനങ്ങളുടെ ഭാവനയേയും വികാരങ്ങളേയും കവർന്നു് അവരെ കീഴടക്കുവാൻ കമ്മ്യൂണിസത്തിന്റെ മോഹനവാഗ്ദാനങ്ങൾക്കു സാധിച്ചിട്ടുണ്ടു്.

അവരെങ്ങനെ കമ്മ്യൂണിസത്തിന്റെ വാഗ്ദാനങ്ങളാൽ ആകൃഷ്ടരായിയെന്നും, ആ വാഗ്ദാനങ്ങളിൽ ഒന്നെങ്കിലും സാക്ഷാത്കരിക്കാൻ കമ്മ്യൂണിസത്തിനു സാധിച്ചിട്ടുണ്ടോ എന്നുമുള്ള ഒരു പരിശോധന മാത്രമാണു് ഈ പുസ്തകം. മാനവസംസ്കാരത്തിന്റെ പ്രാരംഭം മുതൽക്കുതന്നെ സംഘടിത സാമൂഹ്യവ്യവസ്ഥിതി നിലനിന്നിരുന്നെങ്കിലും, പരിഗണനക്കു വിധേയമായ കമ്മ്യൂണിസം ഒരു നവാഗതനാണു്. ഒരു അരനൂറ്റാണ്ടു മുമ്പു് ഇതു് ചുരുക്കം ചിലരുടെ മനോമണ്ഡലത്തിൽ വിഹരിച്ചിരുന്ന ഒരാദർശം മാത്രമായിരുന്നു. ഇന്നു അതു് ലോകത്തിലെ അതുല്യപ്രാഭവമുള്ള ശക്തികളിലൊന്നായി തീർന്നിരിക്കുകയാണു്. അതുകൊണ്ടുമാത്രം കമ്മ്യൂണിസിസ്റ്റു് തത്വസംഹിതയുടേയോ അതിന്റെ

സാമ്പത്തികവും സാമൂഹ്യവുമായ ഘടനാവിശേഷങ്ങളുടേയോ ആന്തരികസ്വഭാവത്തെപ്പറ്റി അധികമാളുകൾക്കും മനസ്സിലാക്കിയിട്ടുണ്ടെന്നു് വിശ്വസിക്കാൻ നിവ്വാഹമില്ല.

അതിന്റെ വിവിധവശങ്ങളേപ്പറ്റി പരിചിന്തിക്കുന്നതിനു മുമ്പു് നമുക്കു് കമ്മ്യൂണിസത്തെ ബാഹ്യമായി ഒന്നവലോകനം ചെയ്യാം. ഒറ്റ നോട്ടത്തിൽത്തന്നെ അതിന്റെ ആകഷ്ണീയത, അതിന്റെ വാശാനങ്ങൾ, അതിൽ വിശ്വസിക്കുന്നവരുടെ ആശയും ആശങ്കയും എല്ലാം അതിന്റെ മുഖത്തു പ്രതിഫലിച്ചു കാണാം.

ലോകത്തിലെ എല്ലാ രാജ്യങ്ങളിലും കമ്മ്യൂണിസം മുഖം കാണിച്ചിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ കമ്മ്യൂസ്റ്റ്‌രീതിയിലുള്ള ഭരണക്രമം ഒരു സുസ്ഥാപിത യാഥാത്ഥ്യമായിത്തീന്നിരിക്കുകയാണു്. മറ്റു ചിലയിടങ്ങളിൽ അതു് അധികാരത്തിലേറാത്ത ഒരു ആഭ്യന്തരശക്തിയായിത്തീന്നിരിക്കുന്നു.

അങ്ങനെയുള്ള നാടുകളിലെ ഭരണക്രമങ്ങൾക്കു് കമ്മ്യൂണിസ്റ്റ് പ്രതിപക്ഷത്തുണ്ടാകുന്ന പ്രതികരണങ്ങളെ സൂക്ഷ്മം വീക്ഷിച്ചുകൊണ്ടു മാത്രമേ രാജ്യഭരണവിഷയകമായി ഒരു ചുവടെങ്കിലും മുന്നോട്ടവയ്ക്കാൻ സാധിക്കൂ എന്നവരെയായിട്ടുണ്ടു്. വേറെ ചില സ്ഥലങ്ങളിൽ കമ്മ്യൂണിസം ഒരു ന്യൂനപക്ഷമാണു്. അവിടെ അതിനെ അതിന്റെ വിരോധികൾ അധിക്ഷേപിക്കുകയും ഭയപ്പെടുകയും ചെയ്യുമ്പോൾ അതിന്റെ അനുയായികൾ അതിനെ അന്ധമായി ആരാധിക്കയും പൂജിക്കയും ചെയ്യുന്നു.

☆

ആരെയെല്ലാമാണു്, കമ്മ്യൂണിസം ആകർഷിക്കുന്നതു്?

അതു് അവക്കു വാശാനം ചെയ്യുന്ന പ്രതീക്ഷകൾ എന്തെല്ലാം?


ഇതിനുള്ള ഉത്തരങ്ങളിൽ ചിലതു് ഈ പേജുകളിലെ മനുഷ്യമുഖങ്ങളിൽനിന്നു മനസ്സിലാക്കാം.

എന്തെന്നാൽ,

കമ്മ്യൂണിസം വിവിധതരത്തിലുള്ള ആളുകൾക്കു് വിവിധതരത്തിലുള്ള പ്രത്യാശകൾ വാശാനം ചെയ്യുന്നു.

കമ്മ്യൂണിസം എല്ലായ്പ്പോഴും മോഹനങ്ങളായ വാശാനങ്ങൾ നിറഞ്ഞതാണു്.


ഈ ചിത്രങ്ങളിൽ കാണുന്ന തരത്തിലുള്ളവക്കു് കമ്മ്യൂണിസം ഒരു ആശാകേന്ദ്രമായിത്തോന്നിപ്പോകും..




യുദ്ധം എന്തെന്നറിഞ്ഞിട്ടുള്ളതിനാൽ സമാധാനം മാത്രം കാംക്ഷിക്കുന്നവക്കു്.... ...



ഒരിക്കലും ശ്രേയസ്സിനു ഒരു അവസരം ലഭിച്ചി
ട്ടില്ലെന്നു ദുഃഖിക്കുന്ന അസൂയാലുക്കൾക്ക്.....




തങ്ങൾക്കു നഷ്ടമായ പുരോഗതി
ക്കുള്ള അവസരം മക്കൾക്കെങ്കിലും
കിട്ടണമെന്നു മോഹിക്കുന്നവർക്ക്...



അന്ധമായി ആരെയും വിശ്വസി
ക്കുന്ന ഉജ്ജ്വബുദ്ധികൾക്ക്.....

വികാരാധീനരായ യുവാക്കന്മാക്കു്.....




നിരാശരായ ബുദ്ധിജീവികഠംക്കു്.....



നിരാശ്രയക്കു്.....





സ്വാതന്ത്ര്യക്കിനാവുകൾ എള്ളപ്പത്തിൽ പ്രവൃത്തിയായി മാറുന്നവർക്ക്...



വീടും കുടുംബവും നഷ്ടപ്പെട്ടവർക്ക്...



നീലവിലുള്ള വ്യവസ്ഥിതിയുടെ കുറവു കൊണ്ടു മൂലം അതിനെ എതിർക്കുന്നവർക്കു്...




അവസരമെന്തെന്നു് ഒരിക്കലും അറിഞ്ഞിട്ടില്ലാത്തവർക്കു്.....

☆

കമ്മ്യൂണിസം രണ്ടു വീക്ഷണകോണുകളിലൂടെ

മറെറല്ലാ പ്രശ്നങ്ങളേയും പോലെ കമ്മ്യൂണിസത്തിനും രണ്ടു വ്യത്യസ്തവശങ്ങളുണ്ടു്. ആ പാർട്ടിയോടു കൂറുള്ള ഒരാളെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസത്തിനു് ഒരു മതത്തിനേറതായ സകല വശ്യഗുണങ്ങളുമുണ്ടു്. അങ്ങനെയുള്ളവർക്കു് കമ്മ്യൂണിസം മോക്ഷദായകമായ ഒരു വിശ്വാസപ്രമാണമാണു്.

ഒരു കമ്മ്യൂണിസ്റ്റു്വിരോധിയെ സംബന്ധിച്ചിടത്തോളം, കമ്മ്യൂണിസം ലോകം ഇതു വരെ കണ്ടിട്ടില്ലാത്ത ഒരു മഹാ തിന്മയാണു്, — എല്ലാ നല്ല മനുഷ്യരേയും വെല്ലു വിളിക്കുന്ന ഒരു വലിയ ശത്രുവാണു്.




അടുത്ത പേജുകളിലെ ചിത്രങ്ങളിലേയ്ക്കൊന്നു കണ്ണോടിച്ചാൽ കമ്മ്യൂണിസത്തേക്കുറിച്ചുള്ള മേല്പറഞ്ഞ രണ്ടു വീക്ഷണഗതികളും മനസ്സിലാക്കാം.....






ഒരുവനു്, കമ്മ്യൂണിസം സമാധാന
പരമായ ഒരു പ്രസ്ഥാനമാണു്...




അപരനു്, അതു് ഒരു ശിഥി
ലീകരണശക്തിയും....




ചിലക്കു് അതു്
സമാധാനമാണു്..




മറ്റചിലക്കു് സമാധാനത്തി
ന്റെ വികൃതരൂപവും .....



കമ്മ്യൂണിസത്തെ രാജ്യരക്ഷ
യെന്ന വിളിക്കുന്നവരുണ്ട്..




പക്ഷെ, അതു് ആക്രമണാത്മക
മെന്നു് അറിയാവുന്നവരുമുണ്ട്.....




ചിലക്കു് അതു സ്വാഗതാർഹമാണു്....




മറെറ ചിലർ അതിൽനിന്നു് ഓടിയകലുന്നു....




ചിലർ അതിനെ ഭാവിയുടെ
തീരമായെന്നു വിളിക്കുന്നു..




ചിലർ ശ്രദ്ധാലോചനയെന്നും....



ചിലർ അതിൽ അസാധാരണ
മായിട്ടൊന്നും കാണുന്നില്ല.....



ചിലർ, ഓരോ വ്യക്തിയേയും
ഉറ്റുനോക്കുന്ന സമ്പ്രദായമായി
അതിനെ ഗണിക്കുന്നു.....



ചിലർ അതിനെ, കുറേക്കൂടി ന
ല്ല ജീവിതമായി കാണുന്നു.....



മറ്റുചിലക്കറിയാം അതു്
ജീവിതാവസാനമാണെന്നു്..

കമ്മ്യൂണിസത്തേക്കുറിച്ചുള്ള രണ്ടു വീ
ക്ഷണഗതികളും നാം കണ്ടു; ധ്രുവങ്ങളോ
ളം വ്യത്യാസമുണ്ടു് അവ തമ്മിൽ. ഒരി
ടത്തു് കമ്മ്യൂണിസത്തിന്റെ ആജ്ഞാനു
വർത്തികളും അഞ്ജലീബദ്ധരായി അന്ധ
മായും അവാച്യമായ ഭക്തിയോടുകൂടി
യും അതിനെ ആരാധിക്കുന്നു. മറെറാരി
ത്തു് ഒരു രക്തരക്ഷസ്സിനെ കണ്ടാലുണ്ടാ
കുന്ന ഭയത്തോടും ഒരു അട്ടയെ കണ്ടാലു
ണ്ടാകുന്ന അറപ്പോടും വെറുപ്പോടുംകൂടി
കമ്മ്യൂണിസത്തെ അവഹേളിക്കുന്നു.


എന്നാൽ കമ്മ്യൂണിസത്തേക്കുറിച്ചു്
കൂടുതലായി അറിയണമെങ്കിൽ, താത്വി
കവും, സാമൂഹ്യവും, സാമ്പത്തികവുമാ
യ അതിന്റെ ഘടകങ്ങളേക്കുറിച്ചു പ
രിചിന്തിക്കേണ്ടിയിരിക്കുന്നു.


കമ്മ്യൂണിസം ആരംഭത്തിൽ ബാഹ്യ
മായ ഒരു താല്പര്യംമാത്രമായി കരുത
പ്പെട്ടിരുന്നു. കുറേക്കാലത്തേയ്ക്കു് അതു്
പലർക്കും അജ്ഞാതമായിരുന്നു. എന്നിട്ടും
മൂന്നുനാലു തലമുറ കഴിയുന്നതിനു മുമ്പുത
ന്നെ പൂർവ്വാർദ്ധഗോളത്തിൽ അധികഭാഗ
വും കമ്മ്യൂണിസത്തിന്നധീനമായിക്കഴി
ഞ്ഞു. ബെറിങ്ങ് സ്ട്രേറ്റിൽനിന്നു് ഇട
യ്ക്കു കിടക്കുന്ന വിസ്തൃതമായ ഭൂവിഭാ
ഗം കടന്നു് ജർമ്മനിവരേയും, ആർട്ടിക്
സമുദ്രം മുതൽ ദക്ഷിണചൈനയുടെ തീ
രംവരേയും, ഇന്ത്യ, ഇറാൻ, ടർക്കി മുത
ലായ രാജ്യങ്ങളെ ഉരുമ്മിയും കമ്മ്യൂണി
സ്റ്റ് സാമ്രാജ്യം വിപുലമായിത്തീർന്നു. അ
തായതു് 90 കോടി ജനങ്ങൾ — ലോക
ത്തിലെ മൊത്തം ജനസംഖ്യയുടെ മൂന്നി
ലൊരു ഭാഗത്തിൽ അധികം—ഉൾക്കൊ
ള്ളുന്ന ഭൂവിഭാഗമത്രയും മൂവന്ന കൊടി

ക്കീഴിൽ കൊണ്ടുവരപ്പെട്ട.

ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിലെ പൗരനു വായിക്കുവാൻവേണ്ടി എഴുതിയതല്ല ഈ പുസ്തകം. അണിയറയ്ക്കുള്ളിൽ നടക്കുന്നതിനേപ്പറ്റി അവർക്ക് അറിവുണ്ടായിരിക്കും. ഇതു് കമ്മ്യൂണിസ്റ്റാധിപത്യപ്രദേശത്തിനു പുറത്തു സ്ഥിതിചെയ്യുന്നവരുടെ ഉപയോഗത്തിനുവേണ്ടിയുള്ളതാണു്. കമ്യൂണിസത്തിന്റെ, കമ്മ്യൂണിസ്റ്റ് ഭരണസമ്പ്രദായത്തിന്റെ, തനിനിറം അറിയാവുന്നവർ അവരിൽ എത്രപേർ കാണും? ഒരു ഗവമ്മെണ്ടിന്റെ ഘടനയും പ്രവർത്തനവും എങ്ങനെയെന്നു് ആ ഗവമ്മെണ്ടിനകീഴിൽ കഴിയാതെ ഒരുവനെങ്ങനെ പറയാൻ സാധിക്കും? നിർഭാഗ്യവശാൽ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടുകൾ, അതിന്റെ തനിനിറമെന്തെന്നു് മനസ്സിലാക്കാൻ ജിജ്ഞാസുക്കളായ വിദേശീയരെ തികച്ചും അനുവദിക്കാറില്ല.

നമുക്കു് അറിയാനും കാണാനുമിടയായിട്ടുള്ളിടത്തോളം കാര്യങ്ങളും, ഇരുമ്പുമറയ്ക്കകത്തു ജീവിച്ചിരുന്ന ആളുകളിൽനിന്നു കിട്ടുന്ന വിവരങ്ങളും ഒരുമിച്ചുവച്ചു് പരിചിന്തിക്കുമ്പോൾ കമ്മ്യൂണിസത്തേപ്പറ്റി ഒരുപക്ഷെ ക്രൂടതൽ ജ്ഞാനം നമുക്കു കിട്ടിയേക്കാം.





2 കമ്മ്യൂണിസ്റ്റ് തത്വസംഹിത

കമ്മ്യൂണിസ്റ്റേതര രാജ്യവാസികളായ നമ്മേപ്പോലുള്ളവക്ക് കാണുവാൻ സാധിക്കുന്നിടത്തോളം, നാം കമ്മ്യൂണിസത്തിന്റെ മുഖമെന്നു പറഞ്ഞതു് യഥാർത്ഥത്തിൽ നിരവധി മുഖങ്ങളാണെന്നു വ്യക്തം. വിശ്വനാടകവേദിയിൽ കമ്മ്യൂണിസം ഒരു പ്രഗത്ഭനടനേപ്പോലെ പ്രത്യക്ഷപ്പെടുന്നു; അഭിനയിക്കുന്ന കഥാപാത്രത്തിനനുസരിച്ച് വേഷവിധാനം, അംഗചലനം, ശബ്ദം ഇവ മാറുന്നു; അവസാനം ഒരു പ്രത്യേകഭാഗത്തിൽ വേണ്ട വിശേഷതകളെപ്പറ്റി ഒരുവനു് ഓമ്മിക്കുവാൻ അസാദ്ധ്യമായിത്തീരുന്ന ഒരു പരിതഃസ്ഥിതിയിലെത്തുന്നു. മാറിവരുന്ന പരിതഃസ്ഥിതിക്കനുസരണമായി വേഷം മാറുവാനുള്ള ഈ പ്രത്യേക കഴിവിൽനിന്നാണു് കമ്മ്യൂണിസത്തെപ്പറ്റി ഇന്നുള്ള ചിന്താക്കുഴപ്പം ഉടലെടുത്തതു്.

ഉദാഹരണത്തിനു് 1954 ഒക്ടോബർ 5-ാം തീയതി ട്രീസ്റ്റിനെ സംബന്ധിച്ചുണ്ടാക്കിയ 'ലണ്ടൻ എഗ്രിമെൻറ്''നെക്കുറിച്ചു് മോസ്കോനിയന്ത്രണത്തിലുള്ള കമ്മ്യൂണിസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ ഇങ്ങനെ അഭിപ്രായപ്പെട്ടുകയുണ്ടായി: "ഇതുവരേയുമുണ്ടായ സന്ധിയാലോചനകളിൽവച്ചു് ഏറ്റവും നിർഭാഗ്യകരം." എട്ടുദിവസങ്ങൾക്കുശേഷം ഒരു തകിടം മറിച്ചിൽ ദൃശ്യമായി. റഷ്യ അമേരിക്കക്കു് ഇങ്ങനെ ഒരു കുറിപ്പെഴുതി: "ഇറ്റലിയും യൂഗോസ്ലാവിയായും തമ്മിലുള്ള കരാറു് ഞങ്ങൾക്കു് സ്വീകാര്യമാണു്.... അതു് യൂറോപ്പിൽ നിലവിലിരുന്ന സംഘർഷാവസ്ഥക്കു് അയവുവരുത്താൻ പര്യാപ്തമായി." ഈ പ്രഖ്യാപനത്തിന്റെ ചിറകേറുന്നു് ഒക്ടോബർ 14-ാം തീയതി, അതിന്റെ നയത്തിനനുസരി

ച്ചു് ഇറാലിയിലെ കമ്മ്യൂണിസ്റ്റ്പത്രമായ 'ലയുണിറാ' ഇങ്ങനെയെഴുതി: "യു. എസ്സ്. എസ്സ്. ആർ. ന്റെ സമാധാനവാഞ്ഛയുടെ ഒരു പ്രത്യക്ഷോദാഹരണമാണിതു്...."

ലോകവ്യാപക കമ്മ്യൂണിസമാകുന്ന ഒരു വലിയ തന്ത്രത്തിന്റെ വെറും കരുനീക്കങ്ങളാണിതു്; ഒരു സൈനികന്റെ ഭാഷയിൽ പറഞ്ഞാൽ അടവുകൾ അല്ലെങ്കിൽ തന്ത്രങ്ങൾ. കമ്മ്യൂണിസ്റ്റ്രീതിയിൽ ഇങ്ങനെ വ്യതിയാനം തുടർന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, സാവ്വലൗകിക കമ്മ്യൂണിസത്തിന്റെ ലക്ഷ്യം സ്ഥിരമായിത്തന്നെ നിൽക്കുന്നു. അതുകൊണ്ടു് ചില കമ്മ്യൂണിസ്റ്റ്തത്വങ്ങളിലേക്കു് നമ്മുടെ ശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ അവർ വിശ്വസിക്കുന്നതും അവർ അഭിലഷിക്കുന്നതും എന്താണെന്നു് നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

കമ്മ്യൂണിസ്റ്റദ്ധ്യയനത്തെപ്പറ്റി ഒരിക്കൽ മനസ്സിലായാൽ, കമ്മ്യൂണിസ്റ്റ്കാർ ഒരു കാര്യത്തെപ്പറ്റി ഒരുദിവസം അനുകൂലമായും അതേ സംഗതിയെപ്പറ്റി അതുകണ്ടു് ഉജ്ജ്വലസഫലതയോടെ അടുത്ത ദിവസംതന്നെ പ്രതികൂലമായും വാദിക്കുന്നതിന്റെ പൊരുൾ എളുപ്പത്തിൽ മനസ്സിലാകും. ഓരോ വാദമുഖങ്ങളുടേയും പിന്നിൽ, ഓരോ വാശാനങ്ങളുടേയും അടിയിൽ അചഞ്ചലമായ വിശ്വാസത്തിന്റേയും അധികാരവ്യഗ്രതയുടേയും നഗ്നയാഥാർത്ഥ്യങ്ങൾ കാണുവാൻ കഴിയും.

ലെനിന്റെ വാക്കുകൾ ഇതു കുറച്ചുകൂടി വ്യക്തമാക്കിത്തരും: "കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തോടുള്ള അചഞ്ചലമായ മതയോടൊപ്പം അവശ്യം ആവശ്യവും പ്രായോഗികവുമായ പരസ്പരധാരണയുണ്ടാക്കുവാനും, കരാറുകളിൽ ഏർപ്പെടുവാനും, അവശ്യമെന്നു കണ്ടാൽ വളഞ്ഞവഴി സ്വീകരിക്കാനും വേണ്ടിവന്നാൽ പിൻതിരിയാനും ഉള്ള കഴിവുംകൂടി ഉണ്ടായിരിക്കണം...."

കമ്മ്യൂണിസത്തിന്റെ വേരുകൾ

1848-ൽ ജർമ്മൻകാരായ കാറൽമാർക്സും ഏംഗൽസുംകൂടി കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്ന ലഘുലേഖ പ്രസിദ്ധപ്പെടുത്തിയതോടെ ലോക കമ്മ്യൂണിസത്തിന്റെ നാന്ദി കുറിച്ചു. നിലവിലിരിക്കുന്ന വ്യവസ്ഥിതിയുടെ വിമർശകരെന്ന നിലയിൽ മാർക്സും ഏംഗൽസും അവർ ജീവിച്ചിരുന്ന സമൂഹത്തിന്റെ പോരായ്മകളെ നിശിതമായി വിമർശിച്ചു. യൂറോപ്പിൽ പടർന്നുപിടിച്ചിരുന്ന വ്യാവസായികവിപ്ലവംമൂലം 1848 ആയപ്പോഴേക്കും സാമൂഹ്യഘടനയിൽ രാഷ്ട്രീയവും, സാമ്പത്തികവും, സാമൂഹ്യവുമായ പലേ പരിവർത്തനങ്ങളും സംഭവിച്ചിരുന്നു. വ്യവസായങ്ങൾ അഭിവൃദ്ധി പ്രാപിച്ചതോടെ ഗ്രാമപ്രദേശങ്ങളിൽ നിന്നും നഗരങ്ങളിലേക്കു് പുതിയ ജോലിയന്വേഷിച്ചു് ആളുകൾ തടിച്ചുകൂടുവാൻ തുടങ്ങി. എന്നാൽ തൊഴിലാളികൾ വർദ്ധിച്ചപ്പോൾ കൂലി കുറഞ്ഞുതുടങ്ങി. ഫലമോ? സർവ്വത്ര ദുരിതം! പലവ്യവസായികളും നിസ്സാരകൂലികൊടുത്തു് കുട്ടികളെക്കൊണ്ടു പണിയെടുപ്പിക്കാൻ തുടങ്ങി. അസംസ്കൃതസാധനങ്ങൾക്കുവേണ്ടിയുള്ള മത്സരത്തിൽ കോളനികളിലെ ജനങ്ങളെ ചൂഷണം ചെയ്യൽ സാധാരണമായിത്തീർന്നു. ദാരിദ്ര്യം അതിന്റെ സകല സ്വരൂപത്തിലും പ്രത്യക്ഷമായിത്തുടങ്ങി. വ്യാവസായികവി

പ്ലവത്തെത്തുടർന്ന് താല്ക്കാലികമായി ഉണ്ടായ പരിതഃസ്ഥികളാണിവയെല്ലാം. ഈ പശ്ചാത്തലത്തിലാണ് മാർക്സും, ഏംഗൽസും, മറവു സോഷ്യലിസ്റ്റ് ചിന്തകരും തങ്ങളുടെ കൃതികളുമായി മുന്നോട്ടു വന്നതു്.

1900-ാമാണ്ടു് ആയപ്പോഴേക്കും തത്വത്തിലും ലക്ഷ്യത്തിലും ഭിന്നങ്ങളും താരതമ്യേന പ്രബലങ്ങളുമായ സോഷ്യലിസ്റ്റ് ഗ്രൂപ്പുകൾ യൂറോപ്യൻരാജ്യങ്ങളിലും അമേരിക്കയിലും വളർന്നുവന്നിരുന്നു. ഇക്കാലത്തു് സാമ്പത്തികസ്ഥിതിപൊതുവെ കുറെ മെച്ചപ്പെട്ടതിനാൽ മാർക്സ് വിഭാവനംചെയ്ത വിപ്ലവാത്മക സാവ്വലൗകിക സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ വിപ്ലവാഗ്നി ആറിത്തണുക്കുകയും നിലവിലിരിക്കുന്ന വ്യവസ്ഥിതിയിലൂടെതന്നെ തൊഴലാളികളുടെ സ്ഥിതി മെച്ചപ്പെടുത്തുവാൻ സാധിക്കുമെന്നുള്ള ചിന്താഗതിക്കു് പ്രാബല്യം കൂടുകയും ചെയ്തു. വിപ്ലവാത്മകതയിൽ നിന്നുമുള്ള ഈ വ്യതിയാനത്തെപ്പറ്റി എഡ്വേർഡ് ബേൺസ്റ്റീൻ എന്ന പ്രമുഖ സോഷ്യൽ ഡെമോക്രാറ്റ് സൂചിപ്പിച്ചിട്ടുണ്ടു്: "(സോഷ്യൽ ഡെമോക്രസി) വളരെ മുമ്പുതന്നെ അനന്തകാലികമായിത്തീർന്ന ഒരു തത്വസംഹിതയോടു് (മാർക്സിസം) വിട്ടുപോരുവാനുള്ള ധൈര്യം പ്രദർശിപ്പിക്കുകയും, സ്വയം പ്രദർശിപ്പിക്കുവാൻ, അതായതു് ഒരു ഡെമോക്രാറ്റിക്കു് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപം എന്താണെന്നു് കാണിച്ചുകൊടുക്കുവാൻ തയ്യാറാവുകയും വേണം." റഷ്യയിലെ ബോൾഷെവിക്കുവിപ്ലവത്തിന്റെ കാലത്തു് സോഷ്യലിസ്റ്റ് തൊഴിലാളിപ്രസ്ഥാനത്തിലെ ഒരു വലിയ വിഭാഗം മാർക്സിസത്തിന്റെ വിപ്ലവവശത്തെ എതിർത്തിരുന്നുവെന്നതു് രസാവഹമാണു്.

തങ്ങളുടെ പ്രവൃത്തികൾ യുക്തിസഹമാണെന്നു സമർത്ഥിക്കുവാൻവേണ്ടി എല്ലാ അവസരങ്ങളിലും അവർ മാർക്സിന്റെ പേർ ഉപയോഗിച്ചിരുന്നു. ഇതിനും പുറമെ, മാർക്സിസവും കമ്മ്യൂണിസവും ഒരുതരത്തിലും ഒന്നല്ലെന്നു മനസ്സിലാക്കണം. ലെനിനും, സ്റ്റാലിനും മറവു കമ്മ്യൂണിസ്റ്റ് നേതാക്കന്മാരും മാർക്സിനു വളരെ പ്രാധാന്യം കല്പിച്ചു എന്നുള്ളതു് ശരിയാണു്. പക്ഷെ തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിക്കുവാൻ പര്യാപ്തമായ ആശയഗതികൾ മാർക്സിന്റെ സിദ്ധാന്തത്തിൽ അവർ കണ്ടെത്തിയെന്നതാണു് ഇതിനു കാരണം. ഒരു വർഗ്ഗസമരത്തിനു്—പ്രോലിറ്റേറിയൻ വിപ്ലവത്തിനു്—അനുയോജ്യമായ സാഹചര്യങ്ങൾക്കാണു് മാർക്സ് കൂടുതൽ പരിഗണന കൊടുത്തതു്. യഥാർത്ഥത്തിൽ മാർക്സിന്റേയും ഏംഗൽസിന്റേയും അനേകായിരം പേജുകൾ ഉൾക്കൊള്ളുന്ന കൃതികളിൽ, താരതമ്യേന നിസ്സാരമായ ഒരു ഭാഗമൊഴിച്ചു്, മുഴുവനും വിപ്ലവാനന്തരമുള്ള പ്രായോഗികപരിപാടികളെപ്പറ്റിയുള്ള ചർച്ചയാണു്.

വിശദാംശങ്ങളുടെ ഈ അസാന്നിദ്ധ്യമാണു് തങ്ങളുടെ വിപ്ലവാനന്തര പുനർനിർമ്മാണപരിപാടികളെപ്പറ്റി പ്രസ്താവിക്കുമ്പോൾ മാർക്സിനെ ഇഷ്ടംപോലെ 'വ്യാഖ്യാനി'ക്കുവാനുള്ള സൗകര്യം പ്രദാനം ചെയ്തതു്. പൂർവ്വകാലസംഭവഗതികൾക്കുപരിയായി തത്വങ്ങളെ അവലംബിച്ചു. സ്റ്റാലിനേറതിൽനിന്നും വിഭിന്നമായി മാർക്സിസത്തെ വ്യാഖ്യാ

നിച്ച നിരവധി പ്രമുഖരായ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ ഭരന്തകഥകളും ഇതിനു ദൃഷ്ടാന്തമാണു്.

ടോട്ടലിറേറിയൻ സ്റ്റേററിന്റെ നിലനില്പിനു് അനുയോജ്യമായ രീതിയിലാണു് കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾക്കു് രൂപം കൊടുത്തിരിക്കുന്നതു്. കമ്മ്യൂണിസത്തിന്റെ ഏഴു മൗലികസിദ്ധാന്തങ്ങളെപ്പററി ചർച്ച ചെയ്യുമ്പോൾ ഈ സംഗതി ഓർക്കുന്നതു നന്നായിരിക്കും. ഈ തത്വങ്ങൾ ഏതുവിധത്തിൽ പ്രയോഗത്തിൽ വരുത്തുന്നു എന്നുള്ളതും നമ്മുടെ പരിഗണനക്കു വിഷയമാകേണ്ടതുണ്ടു്.

കമ്മ്യൂണിസത്തിന്റെ മൗലികസിദ്ധാന്തങ്ങൾ

1. പ്രോലിട്ടേറിയററു്.

മാർക്സിന്റെ പല ആദർശങ്ങളും കമ്മ്യൂണിസ്റ്റ് ചിന്തകന്മാർ തിരിച്ചറിയാൻ പാടില്ലാത്തവിധത്തിൽ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ, വർഗ്ഗത്തെ അടിസ്ഥാനമാക്കിയുള്ള തത്വങ്ങൾമാത്രം അതേവിധത്തിൽത്തന്നെ നിലനിത്തിപോന്നു. പ്രോലിട്ടേറിയററിനെപ്പററിയുള്ള മാർക്സിന്റെ ചില നിഗമനങ്ങളെ അടിസ്ഥാനമാക്കി പല സിദ്ധാന്തങ്ങളും കമ്മ്യൂണിസ്റ്റ്കാർ അവരുടെ ആവശ്യത്തിനുവേണ്ടി വളത്തിക്കൊണ്ടുവന്നു. ആധുനികസമൂഹത്തെ പ്രോലിട്ടേറിയററ്-ബൂഷ്വാസി (തൊഴിലാളി-മുതലാളി) എന്നു രണ്ടായി മാർക്സ് വിഭജിച്ചു. ആദ്യത്തേതു് തൊഴിലെടുക്കുന്ന വർഗ്ഗവും രണ്ടാമത്തേതു് ഉല്പാദനോപാധികളുടെ ഉടമസ്ഥതവഹിക്കുന്ന മുതലാളിവർഗ്ഗവും. മാർക്സിനെ സംബന്ധിച്ചിടത്തോളം ഇവർ തമ്മിൽ തൊഴിലെടുക്കുന്നവരും തൊഴിലെടുപ്പിക്കുന്നവരും എന്നുള്ള വ്യത്യാസം മാത്രമല്ലായിരുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തമനുസരിച്ചു് ബൂർഷ്വാവർഗ്ഗത്തിൽപ്പെട്ടവരെല്ലാം മർദ്ദകരാണു്; ബൂർഷ്വാസിയുടെ അടിമകളെന്നുള്ള നിലയിൽ തൊഴിലാളിവർഗ്ഗത്തിൽപ്പെട്ടവരെല്ലാം മർദ്ദിതരുമാണു്. ഇതിനു രണ്ടിനുമിടയിൽ ഒരു മദ്ധ്യവർത്തിതലം അദ്ദേഹം അംഗീകരിച്ചിരുന്നില്ല.

തന്റെ ഈ നിഗമനത്തെത്തുടർന്നു്, നിയമം, മതം, സന്മാർഗ്ഗം, ദേശീയത എന്നീ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി തൊഴിലാളിവർഗ്ഗത്തിലുള്ളവർ സംഘടിക്കുമെന്നും അദ്ദേഹം ദീർഘദർശനം ചെയ്തു. ചരിത്രത്തെ സാമ്പത്തികഘടകത്തിലും വർഗ്ഗസമരത്തിലും ഒതുക്കിനിത്തി ഓരോരുത്തനും അവന്റെ വർഗ്ഗസ്വഭാവത്തിന്റെ അടിസ്ഥാനത്തിലേ പ്രവർത്തിക്കുകയുള്ളുവെന്നും അദ്ദേഹം പറഞ്ഞു.

അങ്ങനെ മാർക്സിന്റെ നിഗമനങ്ങൾ നിഷ്കൃഷ്ടമായ ഗവേഷണത്തെ അടിസ്ഥാനമാക്കിയല്ല, പ്രത്യുത, താത്വികവാദഗതി അവലംബിച്ചാണു് നിൽക്കുന്നതു്. തങ്ങളുടെ നിഗമനങ്ങൾ ശാസ്ത്രീയമായി തെളിയിക്കുവാൻ കഴിവുള്ളതാണെന്നുള്ള ഭാവത്തിൽ "ശാസ്ത്രീയ സോഷ്യലിസ"മെന്നാണു് മാർക്സും കൂട്ടുകാരും അതിനെ വിളിക്കാറുള്ളതു്. തന്റെ അറിവിന്റെ പരിധിയിൽ ഒതുങ്ങിനിന്നുകൊണ്ടു് ജീവിതത്തിന്റെ ചില വശങ്ങളേപ്പററി സമഗ്രമായി വ്യാഖ്യാനിച്ചെങ്കിലും മനുഷ്യനെ രണ്ടു വിഭിന്നവർഗ്ഗങ്ങളായി വിഭജിച്ചു് സമൂഹത്തിന്റെ പ്രാധാന്യത്തെ അമിതമാ

യി ലഘൂകരിക്കയാണു് മാർക്സ് ചെയ്തതു്.

തന്റെ വർഗ്ഗസിദ്ധാന്തങ്ങൾക്കു് പശ്ചാത്തലമായി, ചരിത്രം ഒരു അത്യന്തവും സുസ്ഥിരവുമായ ലക്ഷ്യത്തിലേക്കു് പ്രയാണം ചെയ്യുകയാണെന്നും പ്രസ്തുത ലക്ഷ്യം തൊഴിലാളിവർഗ്ഗാധിപത്യമാണെന്നും അദ്ദേഹം സമർത്ഥിച്ചു. ഈ പ്രത്യേകനിഗമനത്തിൽനിന്നുമാണു് മറ്റു കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ രൂപീകരിച്ചതും വികസിപ്പിച്ചതും.

2. വർഗ്ഗസമരം.

തൊഴിലാളിവർഗ്ഗാധിപത്യം അനിവാര്യമാണെന്ന അദ്ദേഹത്തിന്റെ നിഗമനത്തെ ന്യായീകരിക്കുവാൻ എല്ലാ ചരിത്രവും വർഗ്ഗസമരത്തിന്റെ റിക്കാർഡുകളാണെന്ന അദ്ദേഹം പ്രഖ്യാപിച്ചു. ആധുനികയുഗത്തിൽ ഈ സമരം തൊഴിലാളിയും ബൂഷ്വാസിയും തമ്മിലാണു് എന്നമാത്രം. ചരിത്രത്തിന്റെ വ്യതിയാനരഹിതമായ പ്രയാണംകൊണ്ടു് ബൂർഷ്വാസിയേക്കാൾ പ്രോലിട്ടേറിയറിനു് അംഗസംഖ്യ അധികമായതുകൊണ്ടും തൊഴിലാളിവർഗ്ഗാധിപത്യം അനിർവാര്യമാണെന്നു് മാർക്സ് പറഞ്ഞു. താൻ വിഭാവനംചെയ്ത ആദർശസമുദായസൃഷ്ടിക്കുവേണ്ടി എല്ലാ തൊഴിലാളികളും സംഘടിക്കുവാനും അങ്ങനെ സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിൽ ഒരു വർഗ്ഗരഹിതസാമൂഹ്യസ്ഥിതി കെട്ടിപ്പടുക്കുവാനും മാർക്സ് ആഹ്വാനംചെയ്തു.

3. ഉല്പാദനോപാധികളും
പൊതു ഉടമയും

സമൂഹത്തിന്റെ സാമ്പത്തികവശത്തെപ്പറ്റി മാർക്സ് ചെയ്ത വിശദീകരണം സാധാരണക്കാരുടെ ജീവിതനിലവാരത്തിന്റെ ഉയർച്ചക്കുള്ള ഒരു വാശ്വാനമായിരുന്നു. ഉല്പാദനോപാധികളുടെ ഉടമാവകാശം വ്യക്തികളിലല്ല, പ്രത്യുത, സമുദായത്തിലാണു് അധിഷ്ഠിതമായിരിക്കേണ്ടതെന്ന തത്വം അതിലുൾക്കൊണ്ടിരുന്നു. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനുംകൂടി പങ്കുള്ളതായിരിക്കണം ഉല്പാദനവും അതിന്റെ ആദായവും. കൃഷിസ്ഥലങ്ങളും വ്യവസായസ്ഥാപനങ്ങളും യന്ത്രസാമഗ്രികളും പൊതു ഉടമയിലാകകൊണ്ടു് എല്ലാ തൊഴിലാളികളും ആത്മാർത്ഥമായി ജോലിയെടുത്തുകൊള്ളും. തങ്ങൾ തങ്ങളെത്തന്നെ ചൂഷണം ചെയ്യുവാൻ ആരും അനുവദിക്കുകയില്ലല്ലോ. പൊതു ഉടമ വ്യവസ്ഥിതി അദ്ധ്വാനിക്കുന്ന വർഗ്ഗമൊഴിച്ചുള്ള മറ്റു വർഗ്ഗങ്ങളുടെ ക്രമേണയുള്ള തിരോധാനത്തിനു് കാരണഭൂതമായിത്തീരും. അപ്പോൾ നിലവിൽവരുന്ന വർഗ്ഗരഹിത സമുദായത്തിൽ പരിപൂർണ്ണ സാമ്പത്തിക സമത്വം ഉണ്ടാവുകയും വർഗ്ഗസമരം അവസാനിക്കുകയും ചെയ്യും.

4. സായുധവിപ്ലവം.

തൊഴിലാളികൾ രാഷ്ട്രീയാധികാരം പിടിച്ചടക്കുന്നതോടുകൂടി സോഷ്യലിസം സ്ഥാപിതമാകുമെന്നാണു് മാർക്സിയൻ സിദ്ധാന്തം വിശ്വസിക്കുന്നതു്. ഈ തത്വത്തെ വിശദീകരിച്ചുകൊണ്ടു് ലനിൻ പറയുന്നതു് ബഹുജനങ്ങളുടെ അക്രമാസക്തിയെ ഇളക്കിവിടുവാൻ, ത്രാണിയുള്ള സുശക്തവും സുശിക്ഷിതവും വിപ്ലവാവേശമുൾക്കൊണ്ടതുമായ ഒരു തൊഴിലാളിസംഘടനക്കു മാത്രമെ രാഷ്ട്രീയാധികാരം പിടിച്ചുപറ്റുവാൻ സാധിക്കുകയുള്ളുവെന്നാണു്. ഈ വിശ

ദീകരണത്തിന്റെ വെളിച്ചത്തിലാണ് 1917-ലെ റഷ്യൻ വിപ്ലവം നടന്നതും വിജയിച്ചതും. സോവിയറ്റ്യൂണിയനിലേയും മറ്റുള്ള രാജ്യങ്ങളിലേയും തൊഴിലാളികളുടെ സ്ഥിതി ഒന്നുതന്നെയാണെന്നാണ് സ്റ്റാലിന്റെ നിഗമനം.

ഈ വിശാലവീക്ഷണത്തിനുള്ളിലും സങ്കുചിതമായ ദേശീയമനോഭാവം പ്രകടമാകുന്നുവെന്നതാണ് ഒരു വിരോധാഭാസം! സോവിയറ്റ്യൂണിയന്റേയും സോവിയറ്റ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും ആവശ്യത്തിനുവേണ്ടി ഏതു നയം സ്വീകരിക്കുവാനും ഒരുക്കമായിരുന്നു. സോവിയറ്റ്നേതൃത്വത്തിന്റെ ആജ്ഞാനുവർത്തികളായിരിക്കണം മറ്റു രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകാരും എന്ന നിർബ്ബന്ധമുണ്ട്.

ഒരു രാജ്യത്ത് കമ്മ്യൂണിസം സ്ഥാപിക്കണമെങ്കിൽ അവിടെ നിലവിലിരിക്കുന്ന ഗവമ്മെണ്ടിനെ മാറ്റിയേ പറ്റൂ; ഇതിനുവേണ്ടി ഏതു രീതി അവലംബിക്കാനും കമ്മ്യൂണിസ്റ്റുകാർ തയ്യാറായിരിക്കണം. അട്ടിമറിപ്രവർത്തനം, ക്രൂട്ടക്കൊല, സായുധസമരം ഇവയെല്ലാം ന്യായീകരിച്ചിരുന്നു.

സോവിയറ്റ്യൂണിയൻ ലോകവിപ്ലവത്തിന്റെ ശക്തികേന്ദ്രമാണ്; നിയന്ത്രണത്തിന്റെ ആസ്ഥാനമാണ്. കമ്മ്യൂണിസ്റ്റല്ലാത്ത രാജ്യങ്ങളിൽപ്പോലും വിപ്ലവാശയങ്ങൾ പ്രചരിപ്പിക്കുവാൻ കമ്മ്യൂണിസം ബാദ്ധ്യസ്ഥമാണ്. എന്നാൽ തൊഴിലാളിവർഗ്ഗാധിപത്യം നിലവിലിരിക്കുന്ന രാജ്യങ്ങളിൽ വിപ്ലവമല്ല, അനുസരണമാണ് ആവശ്യപ്പെടുന്നതെന്നുമാത്രം.

5. തൊഴിലാളിസ്വേച്ഛാധിപത്യം.

നിരന്തരമായ സമരത്തിൽക്കൂടി ബൂർഷ്വാസിയിൽനിന്നും പടിപടിയായി അധികാരം പിടിച്ചുപറ്റി, അവസാനം തൊഴിലാളിവർഗ്ഗാധിപത്യം സ്ഥാപിക്കുകയെന്നതാണ് മാർക്സിന്റെ പദ്ധതി. തുടന്ന് എല്ലാ ബൂർഷ്വാസ്ഥാപനങ്ങളും നശിപ്പിക്കുകയും മുതലാളിത്തം പുനഃസ്ഥാപിക്കുവാൻ ശ്രമിക്കുന്ന പ്രവണതകളെ മുഴുവൻ പരാജയപ്പെടുത്തുകയും വേണം. ക്രമേണ തൊഴിലാളിവർഗ്ഗം മാത്രം ശേഷിക്കും. ഫലമോ? വർഗ്ഗരഹിതമായ ഒരു സമുദായം!


ഭ്രരിപക്ഷഭരണത്തോട് താത്വികമായി മാർക്സ് യോജിക്കുന്നുണ്ട്. അതേ സമയംതന്നെ തൊഴിലാളിവർഗ്ഗസംഘടനയെ ഭ്രരിപക്ഷത്തിന്റെ പ്രതിനിധിയായി അദ്ദേഹം കണക്കാക്കുന്നു. ലെനിൻ തൊഴിലാളിവർഗ്ഗമേധാവിതാഭരണത്തെ ന്യായീകരിക്കുകയും അംഗീരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, അവരെ സ്വതന്ത്രമായി വിട്ടാൽ ഒരു വിപ്ലവം നയിക്കുന്നതിനോ കമ്മ്യൂണിസ്റ്റ്ഭരണക്രമം സ്ഥാപിക്കുന്നതിനോ അവർക്കു കഴിയുകയില്ലെന്ന് വിശ്വസിക്കുന്നു. വിപ്ലവകാരികളുടെ ഒരു സുശക്തസംഘടനയ്ക്കു മാത്രമെ കമ്മ്യൂണിസം സ്ഥാപിക്കുവാൻ സാധിക്കൂ എന്നാണ് അദ്ദേഹം കരുതുന്നത്. അദ്ദേഹം പറയുന്നു: "വിപ്ലവകാരികളുടെ ഒരു സംഘടനയെ ഞങ്ങൾക്കു തരൂ. ഞങ്ങൾ റഷ്യയെ കീഴ്മേൽ മറിക്കാം."

ഏറ്റവും വർഗ്ഗബോധമുള്ളവർ അധിവസിക്കുന്ന ജനങ്ങളായതുകൊണ്ട് അവരുടെ സംഘടനയായ കമ്മ്യൂണിസ്റ്റ് പാർട്ടി ലോകത്തിലെ സാധാരണക്കാരു

പാർട്ടിനയം നടപ്പാക്കുന്ന വിധം




കമ്മ്യൂണിസത്തിന്റെ നിരന്തരസമരത്തിന്റെ ഭാഗമായി ലോകവ്യാപിയായ പ്രചരണപദ്ധതികളും ക്രെംലിനിൽ സംവിധാനം ചെയ്ത് പാർട്ടിമാർഗ്ഗങ്ങളിലൂടെ വ്യാപരിപ്പിക്കുന്നു.



കോമിൻഫോം - മുന്നണിസംഘടനകളും - നവതന്ത്രപ്രവർത്തനങ്ങളും - തദ്ദേശ കമ്മ്യൂണിസ്റ്റ് പാർട്ടികളും

നിലവിലുള്ള പരിപാടികളും, മറെറാരു നയം അംഗീകരിക്കപ്പെട്ടുന്നതുവരെ നടപ്പിലാക്കുവാൻ യത്നിക്കേണ്ടതു് താഴെക്കാണുന്ന ഘടകങ്ങളാണു്.

പ്രചരണസാഹിത്യം സമ്മേളനങ്ങളും അട്ടിമറി



പ്രക്ഷോഭണം കലാസമിതികളും നുഴഞ്ഞുകയറ്റം

ടെ പേരിൽ സംസാരിക്കുന്നുണ്ടെങ്കിൽ അതു് തികച്ചും ന്യായീകരിക്കാമെന്നു് ലെനിൻ അവകാശപ്പെട്ടു. അതുകൊണ്ടു് വർഗ്ഗരഹിതമായ ഒരു സമൂഹം നിലവിൽ വരുന്നതുവരെ ബഹുജനങ്ങളെ നിയന്ത്രിക്കാനുള്ള അവസരവും അവകാശവും കമ്മ്യൂണിസ്റ്റ് പാർട്ടിക്കു കൊടുക്കേണ്ടതാണു്.

തൊഴിലാളിവർഗ്ഗമേധാവിത്വം യഥാർത്ഥകമ്മ്യൂണിസത്തിലേയ്ക്കുള്ള പ്രയാണത്തിൽ സ്ഥിതിചെയ്യുന്ന ഒരു താല്ക്കാലികാവിട്ടപടിയാണെന്നും, താമസംവിനാ സ്റ്റേറ്റുതന്നെ കൊഴിഞ്ഞുവീഴുമെന്നും മാർക്സ് സിദ്ധാന്തിക്കുന്നു. എന്നാൽ ഇതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരാശയമാണു് ലെനിൻ സ്വീകരിച്ചതു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സ്റ്റേറ്റ് അപ്രത്യക്ഷമാവുകയെന്നതു് വളരെക്കാലങ്ങൾക്കുശേഷം മാത്രമെ സംഭവിക്കുകയുള്ളുവെന്നും അതുകൊണ്ടു് തൊഴിലാളിവർഗ്ഗാധിപത്യം സുശക്തമായി നിലനിർത്താമെന്നുമാണു്.

എന്നാൽ സ്റ്റാലിനാകട്ടെ, ഈ തത്വം സ്വന്തം ആവശ്യത്തിനുവേണ്ടി കുറെക്കൂടി വളച്ചൊടിച്ചു് വികൃതമാക്കി. അദ്ദേഹം ഒരു പുതിയ സിദ്ധാന്തം ആവിഷ്കരിച്ചു—"വലയിത മുതലാളിത്ത"സിദ്ധാന്തം ("Capitalist encirclement"). സോവിയറ്റ് യൂണിയൻ മുതലാളിത്തരാഷ്ട്രങ്ങളാൽ ചുറ്റപ്പെട്ട നില്ക്കുന്നിടത്തോളം കാലം സ്റ്റേറ്റ് പ്രബലമായിത്തന്നെ നിലനില്ക്കണം. സ്റ്റേറ്റ് കൊഴിഞ്ഞുപോകുന്നതിന്റെ കാലാവധി അനിശ്ചിതഭാവിയിലേക്കു് നീട്ടിയേ പറ്റൂ.

റഷ്യയിലെ പാർട്ടിഭരണം മാർക്സ് വിഭാവനംചെയ്ത തൊഴിലാളിവർഗ്ഗഭരണമാണെന്നു് കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ആവർത്തിച്ചു പ്രഖ്യാപിച്ചു. എന്നാൽ യഥാർത്ഥത്തിൽ അതൊരു വർഗ്ഗത്തിന്റെ സർവ്വാധിപത്യമല്ലായിരുന്നു, പ്രത്യുത, ഒരു വ്യക്തിയുടെ ഏകാധിപത്യമായിരുന്നു. ലെനിനും സ്റ്റാലിനും ക്രൂടി മുപ്പത്തഞ്ചുകൊല്ലം റഷ്യയെ തങ്ങളുടെ സ്വേച്ഛാധികാരത്തിൻകീഴിൽ ഭരിച്ചു. എന്നിട്ടും തൊഴിലാളിവർഗ്ഗമേധാവിത്വഭരണമാണു് റഷ്യയിൽ നടക്കുന്നതെന്നു് നേതാക്കന്മാർ കൊട്ടിഘോഷിച്ചുകൊണ്ടിരുന്നു; ഇപ്പോഴും ഘോഷിച്ചുകൊണ്ടിരിക്കുന്നു.

6. കമ്മ്യൂണിസം വികസിക്കേണ്ടതിന്റെ ആവശ്യം.

മാർക്സിന്റെ ലോകദർശനവാദത്തെ ലെനിനും സ്റ്റാലിനും അതേപടി സ്വീകരിച്ചു. അതിൽനിന്നും ലോകം രണ്ടു ചേരികളായി—സോഷ്യലിസ്റ്റ് ചേരിയും, മുതലാളിത്തചേരിയും—തിരിഞ്ഞിരിക്കുകയാണെന്നു് അവർ പ്രഖ്യാപിച്ചു. ഒന്നോ രണ്ടോ രാജ്യങ്ങളിൽ കമ്മ്യൂണിസം സ്ഥാപിച്ചതുകൊണ്ടായില്ലെന്നും ലോകത്തിലുള്ള എല്ലാ രാഷ്ട്രങ്ങളിലും അതു സ്ഥാപിക്കണമെന്നും അതിനുള്ള ശ്രമം ത്വരിതപ്പെടുത്തണമെന്നും അവർ ആവശ്യപ്പെട്ടു. അതെന്തിനെന്നോ? സ്റ്റാലിന്റെ "വലയിത മുതലാളിത്ത"സിദ്ധാന്തപ്രകാരം, കമ്മ്യൂണിസ്റ്റേതരരാജ്യങ്ങളിലെ ഭരണാധികാരവർഗ്ഗം കമ്മ്യൂണിസ്റ്റ് ഭരണക്രൂടത്തെ നശിപ്പിക്കുവാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കും. അതുകൊണ്ടു് കമ്മ്യൂണിസ്റ്റേതരഭരണം നിലനില്ക്കുന്നിടത്തോളം കാലം കമ്മ്യൂണിസ നിലനില്പു് സുരക്ഷിതമായിരിക്കുകയില്ല. സ്റ്റാലിൻ

പറയുന്നു: "ഒരു രാജ്യത്തു് സോഷ്യലിസം വിജയിച്ചെങ്കിൽ അതിന്റെ ഫലം ആ രാജ്യത്തിൽ മാത്രം ഒതുങ്ങിനില്ക്കുകയില്ല. അവിടെയുണ്ടായ വിജയപരമ്പരയായിയായ വിപ്ലവത്തിന്റെ അലകം മറ്റു രാജ്യങ്ങളിലേക്കും വ്യാപിക്കുകയും അതുവഴി ആ രാജ്യങ്ങളിലെ സ്വാതന്ത്ര്യസമരങ്ങൾക്കു് പ്രചോദനം നല്കുകയും ചെയ്യും. റഷ്യൻവിപ്ലവത്തിന്റെ വിജയം ലോകവിപ്ലവത്തിന്റെ ആരംഭവും അസ്ഥിവാരവുമാണു്."

7. സോവിയറ്റു് യൂണിയൻ— ലോകകമ്മ്യൂണിസത്തിന്റെ ആസ്ഥാനം

ലോകവിപ്ലവത്തിന്റെ പ്രയോക്താവായി സോവിയറ്റു് യൂണിയനെ കണക്കാക്കുന്നുണ്ടെങ്കിൽ അതിനു് പല പ്രായോഗികകാരണങ്ങളുമുണ്ടു്. 1917-ലെ റഷ്യൻവിപ്ലവം വിജയിച്ചപ്പോൾ ലെനിൻ പറഞ്ഞു, വിപ്ലവം കിഴക്കൻ യൂറോപ്പിലേക്കു സംക്രമിക്കുകയും അങ്ങനെ ലണ്ടൻ വിപ്ലവത്തിന്റെ കേന്ദ്രമായി മാറുകയും ചെയ്യുമെന്നു്. എന്നാൽ പ്രതീക്ഷിച്ചപോലെ വിപ്ലവങ്ങൾ ഉണ്ടാകാതിരുന്നപ്പോൾ, കമ്മ്യൂണിസ്റ്റു് ഭരണക്രമം നിലനില്ക്കുന്ന ഒരേ ഒരു രാജ്യമായ സോവിയറ്റു് യൂണിയനെ സ്വാഭാവികമായി ലോകവിപ്ലവത്തിന്റെ ആസ്ഥാനമായി ഗണിച്ചതിൽ അത്ഭുതമില്ല.

ലോകവിപ്ലവചിന്താഗതിക്കു് ഒരു സംഘടിതരൂപം നല്കുന്നതിനു് 1919-ൽ കമ്മ്യൂണിസ്റ്റു് ഇൻറർനാഷനൽ രൂപീകരിച്ചു. ഈ ലോകസംഘടനയിൽ സോവിയറ്റു് കമ്മ്യൂണിസ്റ്റുപാർട്ടിക്കു് പ്രത്യേക പരിഗണനയൊന്നും താത്വികമായി നല്കിയിട്ടില്ല. എന്നാൽ പ്രയോഗത്തിൽ മറ്റു രാഷ്ട്രങ്ങളിലെ കമ്മ്യൂണിസ്റ്റുപാർട്ടികളെല്ലാം റഷ്യൻപാർട്ടി കൊട്ടുന്ന താളത്തിനൊത്തു തുള്ളിക്കൊണ്ടിരുന്നു.


1948-ൽ ഒരു പുതിയ സിദ്ധാന്തം ആവിഷ്കരിച്ചു. "ലോകത്തൊഴിലാളിവർഗ്ഗത്തിന്റെ സോഷ്യലിസ്റ്റുപിതൃഭൂമിയെന്ന നിലയിൽ സോവിയറ്റുയൂണിയന്റെ രക്ഷക്കുവേണ്ടി പ്രവർത്തിക്കുകയെന്നുള്ളതു് സത്യസന്ധനായ ഓരോ മനുഷ്യന്റേയും വിശുദ്ധമായ കർത്തവ്യമാണു്..." ഒരു നല്ല കമ്മ്യൂണിസ്റ്റുകാരൻ—അവൻ എവിടത്തുകാരനെങ്കിലുമാകട്ടെ— ഈ തത്വത്തിന്റെ പൊരുളിനെ അനുസരിക്കുകതന്നെ വേണം.

കമ്മ്യൂണിസത്തിന്റെ വളർച്ചയെപ്പറ്റി പരിചിന്തിച്ചു പഠിച്ച ഒരാൾക്കു് അതിന്റെ അനുയായികൾക്കു് പ്രസ്തുത തത്വസംഹിതയോടുള്ള ഭക്തിയുടെ ആഴം ശരിക്കു മനസ്സിലാകുന്നതാണു്. ഒരു പ്രത്യേക തത്വസംഹിത സർവ്വാധിപത്യത്തിന്റെ ശക്തിമത്തായ ആയുധമായിത്തീരുന്ന കാഴ്ചയാണു് ഇവിടെ കാണുന്നതു്. മാർക്സിന്റെ പേരുപറഞ്ഞുകൊണ്ടാണെങ്കിലും അന്നന്നത്തെ സേച്ഛാധികാരിയായ ഭരണാധികാരി പറയുന്നതു് വേദവാക്യംപോലെ ബഹുമാനിക്കുകയും ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ഒരു സേച്ഛാധികാരിയുടെ വ്യാഖ്യാനം ശരിയല്ലെന്നുപറയുവാൻ ആരെങ്കിലും ധൈര്യപ്പെട്ടുമോ? സ്വന്തം വ്യാഖ്യാനത്തിനനുസരിച്ചു് ഭരണാധികാരിതന്നെയാണു് അന്നന്നുണ്ടാകുന്ന ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങൾക്കു് പരിഹാരം കാണു

ന്നതു്. എല്ലാറ്റിനും അവസാനവാക്കു് അദ്ദേഹംതന്നെയാണു്. തത്വങ്ങളെ ആധാരമാക്കി സ്വന്തം ഭരണത്തെയും പ്രവൃത്തികളേയും ന്യായീകരിക്കുക മാത്രമല്ല, റഷ്യയിലും പുറത്തുമുള്ള കമ്മ്യൂണിസ്റ്റുകളെക്കൊണ്ടു് നിർബ്ബന്ധിച്ചു് അനുസരിപ്പിക്കുകകൂടി ചെയ്യാൻ ഡിക്ടേറ്റർ അമാന്തം കാണിക്കാറില്ല. എല്ലാ പ്രശ്നങ്ങൾക്കും— സിദ്ധാന്തപരമായാലും നയതന്ത്രപരമയാലും ശരി— പരിഹാരം കാണുന്നതു് വിജ്ഞാനത്തെ ആസ്പദമാക്കിയല്ല, പ്രത്യുത, ശക്തിയെ ആധാരമാക്കിയാണു്.

ലോകസർവ്വാധിപത്യത്തിന്റെ കരടുപകർപ്പു്


മുഖ്യശക്തി | പ്രത്യക്ഷമായ റിസർവുകൾ | പരോക്ഷമായ റിസർവുകൾ



ചുവപ്പുപട

1. ഉപഗ്രഹത്തിലെ സൈന്യബലം
2. ലോകതൊഴിലാളിവർഗ്ഗം
3. കോളനികളിൽ വിപ്ലവം

1. ആഭ്യന്തരകലഹം
2. അന്തർദ്ദേശീയസംഘട്ടനം



3 റഷ്യയിൽ കമ്മ്യൂണിസം വന്നതെങ്ങനെ?

ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭദശയിൽ റഷ്യയിലെ ജീവിതനിലവാരത്തിന്റെ ഭീമമായ അന്തരം സന്ദർശകരെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരു വശത്ത് അമിതമായ ആഡംബരങ്ങളും ആഭോടങ്ങളും കലർന്ന രാജകീയജീവിതം; മറുവശത്ത് പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ബഹുഭൂരിപക്ഷം സാധാരണക്കാരുടെ ജീവിതം. അതിനുമുപരിയായി വെറും ന്യൂനപക്ഷമായ നാടുവാഴികളുടേയും പ്രഭുക്കന്മാരുടേയും സഹായത്തോടെ തനി പോലീസ് ഭരണമാണ് സാറിന്റെ ആധിപത്യത്തിൽ നടന്നിരുന്നത്. ഇടയ്ക്കിടക്ക് തലപൊക്കുവാൻ ശ്രമിച്ച സ്വാതന്ത്ര്യസമരസന്നാഹങ്ങളെ മർദ്ദനമുപയോഗിച്ച് അമർച്ച ചെയ്തുകൊണ്ടുമിരുന്നു. പക്ഷെ മർദ്ദനം മുറുകുന്നതിനൊപ്പം മർദ്ദിതരുടെ ശക്തി വർദ്ധിക്കുമെന്ന സാധാരണ തത്വം സാറും കൂട്ടരും മനസ്സിലാക്കിയില്ല. അധികം കഴിയുന്നതിനുമുമ്പ് ബുദ്ധിജീവികളും സാധാരണക്കാരുടെ നേതൃത്വം ഏറ്റെടുക്കുവാൻ മുമ്പോട്ടുവന്നു. എഴുത്തുകാർ സാർ ഭരണത്തെ നിശിതമായി വിമർശിക്കുവാൻ തുടങ്ങി.

ദാരിദ്ര്യം, ജനവർദ്ധനവ്, തൊഴിലില്ലായ്മ, ക്രൂരിക്കുറവ് മുതലായ സാമൂഹ്യപ്രശ്നങ്ങൾ സാർഭരണത്തിനു നേരെയുണ്ടായ ജനരോഷത്തിനു ആഴവും വ്യാപ്തിയും വർദ്ധിപ്പിച്ചു. തങ്ങളുടെ ആവലാതികൾ ഭരണഘടനാപരമായോ നിയമപരമായോ പരിഹരിക്കുവാനുള്ള പഴുതുകൾ അടഞ്ഞുകിടക്കുമ്പോൾ സാധാരണക്കാർ അവസാനക്കയ്യായി വിപ്ലവത്തിനൊരുങ്ങിയെങ്കിൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.

1905-ൽ ഒരു വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. അതിന്റെ ഫലമായി അന്നത്തെ ചക്രവർത്തിയായ നിക്കോളാസ് ദ്വിതീയൻ ചില ഭരണപരിഷ്ക്കാരങ്ങളും ഏർപ്പെടുത്തി. ഡൂമാ എന്ന പേരുള്ള ഒരു ജനപ്രതിനിധിസഭ സ്ഥാപിച്ചു. എങ്കിലും ചക്രവർത്തിയുടെ സേച്ഛാധിപത്യവും മർദ്ദനഭരണവും നിലനിന്നുപോന്നു.

ഡൂമായുടെ സ്ഥാപനം മുതൽ 1914 വരെ റഷ്യൻജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പല നിയമങ്ങളും നടപ്പിലാക്കി. പക്ഷെ സാമ്രാജ്യത്വത്തിന്റെ അടവുകളായ മർദ്ദനവും ചൂഷണവും തുടർന്നുകൊണ്ടിരുന്നു. 1914ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ, അതുവരെയുണ്ടായ നിസ്സാര പുരോഗതിയും നിലച്ചു. യുദ്ധം തുടർന്നതോടുകൂടി സാർചക്രവർത്തിമാരുടെ അടിസ്ഥാനം തന്നെ തകർന്നു. യുദ്ധരംഗത്തെ ഭീമമായ നഷ്ടങ്ങളും, ഭക്ഷണദൗർല്ലഭ്യം, വിറകിന്റെ ക്ഷാമം, തുറമ്പത്തുലക്ഷംകൃഷീവലന്മാരെയും തൊഴിലാളികളേയും അവരുടെപ്രവർത്തനരംഗത്തുനിന്നു നിർബന്ധസൈനികസേവനത്തിനു മാറ്റിയതുമൂലമുണ്ടായ സാമ്പത്തികത്തകർച്ച് ഇവയെല്ലാം അന്നവരെ സാർചക്രവർത്തിമാർക്കുണ്ടായിരുന്ന സൈനികപിൻബലവും നഷ്ടപ്പെടുത്തി.




സാർചക്രവർത്തി 1906-ൽ ഡൂമാ പിരിച്ചയച്ചപ്പോൾ അവരെല്ലാവരും ഒരു ഫീനിഷ്വനത്തിൽ ഗ്രൂപ്പായി സമ്മേളിച്ചു.

1905-ലെ വിപ്ലവം അടിച്ചമർത്താൻ ചക്രവർത്തിക്കു സാധിച്ചതു് അന്നു പോലീസും, പട്ടാളവും അദ്ദേഹത്തോടു യോജിച്ചുനിന്നതുകൊണ്ടാണു്. പക്ഷെ 1914ൽ അവരും സാറിനെ കൈവെടിഞ്ഞു.

ഇക്കാലമൊക്കെയും അണിയറക്കുള്ളിൽ ഒരു രാഷ്ട്രീയസംഘടന പ്രവർത്തനം നടത്തുന്നുണ്ടായിരുന്നു. 1898-ൽ റഷ്യൻ മാർക്സിസ്റ്റുകൾ, "സോഷ്യൽ ഡെമോക്രാറ്റിക്ക് ലേബർപാർട്ടി" എന്ന പേരിൽ ഒരു രാഷ്ട്രീയ സംഘടന രൂപീകരിച്ചു. 1903-ൽ മെൻഷവിക്ക് (ന്യൂനപക്ഷം) എന്നും ബോൾഷവിക്ക് (ഭൂരിപക്ഷം) എന്നും പേരിൽ ഇവർ രണ്ടായിപ്പിരിഞ്ഞു. സംഖ്യയിൽ വളരെ കുറഞ്ഞതും എന്നാൽ കർശനമായ പട്ടാളച്ചിട്ടയിൽ പരിശീലിപ്പിക്കപ്പെട്ടതുമായ ഒരു സുസംഘടിതവിപ്ലവസംഘത്തിനു മാത്രമേ ബഹുജനസാമാന്യത്തെ കീഴടക്കി വിപ്ലവം വിജയിപ്പിക്കാൻ സാദ്ധ്യമാകയുള്ളൂ എന്നായിരുന്നു ബോൾഷവിക്കുകാരുടെ അഭിപ്രായഗതി. ഇന്നത്തെ കമ്മ്യൂണിസ്റ്റുകാർ ഈ ബോൾഷവിക്കു് കക്ഷി പേരുമാറിയതു മാത്രമാണു്. ബോൾഷവിക്കുകക്ഷിയുടെവിചാരഗതിയെക്രോഡീകരിച്ചു് മറുകക്ഷിയിൽപ്പെട്ട ലിയോൺ. ട്രോട്സ്കി ഇങ്ങനെ എഴുതിയിരിക്കുന്നു: "ഇവരിൽ സംഘടന,പാർട്ടിയുടെ സ്ഥാനവും കേന്ദ്രകമ്മറ്റി, സംഘടനയുടെ സ്ഥാനവും, ഒടുവിൽ ഡിക്ടേറ്റർ (സേച്ഛാധിപതി) കേന്ദ്രകമ്മറ്റിയുടെ സ്ഥാനവും ഏറ്റെടുക്കുകയാണു ചെയ്യുന്നതു്." ഇന്നും കമ്മ്യൂണിസ്റ്റുനയപരിപാടി ഇതുതന്നെയാണു്.


ലോകമഹായുദ്ധം നീണ്ടുനീണ്ടു് 1914 മാർച്ചുമാസത്തിൽ പട്ടിണിയുടെ നെല്ലിപ്പലക കണ്ട റഷ്യൻജനത വിപ്ലവവക്കത്തെത്തി. അന്നു് പെട്രോഗാഡ്നഗരത്തിലെ തെരുവീഥികളിൽ ക്രൂടി 2,00,000 ജനങ്ങൾ "ഭക്ഷണം, വിറകു്, സമാധാനം" എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടു് മാർച്ചുചെയ്തു. ജനക്രൂട്ടത്തെ പിരിച്ചുവിടാൻനിയോഗിക്കപ്പെട്ട സൈന്യങ്ങളും ജനങ്ങളുടെക്രൂടെ ചേർന്നപ്പോൾ



സാർചക്രവർത്തി പെട്രോഗാഡിലെ ജനങ്ങളെ വെടിവെച്ചു് അമർത്തുവാൻ നിയോഗിച്ച സൈന്യം കല്പന ധിക്കരിച്ചു് ജനപക്ഷത്തു ചേർന്നു. അതോടുകൂടി വിപ്ലവം പൂർത്തിയായി. തന്മൂലം ചക്രവർത്തി സ്ഥാനത്യാഗം ചെയ്തു.

വിപ്ലവം പൂർത്തിയായി. പക്ഷെ ഈ വിപ്ലവത്തിൽ ബോൾഷവിക്ക് കാക്കു(കമ്മ്യൂണിസ്റ്റുകാക്കു്) യാതൊരുപങ്കും ഉണ്ടായിരുന്നില്ല. ആ മാർച്ചു് മാസം 15-ാം നു-സാർചക്രവർത്തി സ്ഥാനത്യാഗം ചെയ്തു. ഈ വിപ്ലവത്തിന്റെ അന്തർഭാഗത്തു് റഷ്യൻജനതയുടെ സ്വാതന്ത്ര്യേച്ഛ പ്രകടമായിരുന്നു. മർദ്ദനം നിർത്തലാക്കുക; പൗരസ്വാതന്ത്ര്യം കൈവരുത്തുക; എല്ലാവർക്കും തുല്യാവസരവും ജീവിതസൗകര്യങ്ങളും നേടുക.

ചക്രവർത്തിയുടെ സ്ഥാനത്യാഗത്തിനു ശേഷം വിപ്ലവം നയിച്ച കക്ഷികൾക്രൂടി ഒരു താല്കാലികഗവർമ്മെണ്ടു് ഏർപ്പെടുത്തി. ആദ്യം ലവ്വ് രാജകുമാരനും പിന്നീടു് സോഷ്യലിസ്റ്റുനേതാവായ കെറൻസ്കിയുമാണു് താൽക്കാലികഗവർമ്മെണ്ടു് നയിച്ചതു്.




അലക്സാണ്ടർ കെറൻസ്കി.

1917 സെപ്തംബർ മുതൽ നവംബർവരെ താല്കാലിക ഡെമോക്രാറ്റിക്കു് ഗവർമ്മെണ്ടിൽ പ്രധാനമന്ത്രിയായിരുന്ന ഇദ്ദേഹം സ്വരാജ്യസംരക്ഷത്തിനു ബലകുങ്കണനായിരുന്നപ്പോൾ ലനിൻ ആ അവസരം ചൂഷണംചെയ്തു് ഒരു കടുത്ത പൈശാചിക ഏകാധിപത്യം സ്ഥാപിക്കുവാൻ കോപ്പുകൂട്ടി.

പുതിയ ഗവർമ്മെണ്ടിന്റെ ആദ്യത്തെ നടപടി, പ്രസംഗസ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും അനുവദിക്കുകയായിരുന്നു. സർവ്വ രാഷ്ട്രീയതടവുകാരേയും അവർ മോചിപ്പിച്ചു. നിലവിലിരുന്ന സാമൂഹ്യ രാഷ്ട്രീയ സംഘടനകളുടെമേലുണ്ടായിരുന്ന സർവ്വ നിരോധനനിയമങ്ങളും ആജ്ഞകളും പിൻവലിച്ചു. ഒരു താല്കാലിക ഗവർമ്മെണ്ടിനു കെട്ടുറപ്പുണ്ടാകുന്നതിനു മുൻപുതന്നെ തത്പരീക്ഷയുടെ പേരിൽ അനുവദിച്ച ഈ അമിത സ്വാതന്ത്ര്യനയമാണു് റഷ്യക്കു ലഭിച്ച സ്വാതന്ത്ര്യം അതിവേഗം നഷ്ടപ്പെടുന്നതിനും എത്രയും നീചവും ക്രൂരവുമായ മറെറാരു സ്വേച്ഛാധിപത്യത്തിനു വഴിതെളിച്ചതും.

ലനിൻ ഇക്കാലമെല്ലാം രാജ്യഭ്രഷ്ടനായി സ്വിറ്റ്സർലണ്ടിൽ താമസിക്കുകയായിരുന്നു. താല്കാലിക ഗവർമ്മെണ്ടു് അന്നു് നടന്നുകൊണ്ടിരുന്ന ലോകമഹായുദ്ധത്തിൽ സഖ്യകക്ഷികളുമൊരുമിച്ചു് യുദ്ധം തുടരുന്നതിനു തന്നെ നിശ്ചയിച്ചു. തക്കംനോക്കി ലനിൻ ഈ സാമ്രാജ്യയുദ്ധം ഒരു ആഭ്യന്തരയുദ്ധമാക്കിമാറ്റണമെന്നു നിർദ്ദേശിച്ചു. ഇതു് ശത്രുക്കളായ ജർമ്മൻകാരെ ലനിന്റെ വശത്താക്കുവാൻ സാധിച്ചു. അവർ ലനിനെ 1917 ഏപ്രിൽ മാസത്തിൽ ഒരു അടച്ചുപൂട്ടിയ തീവണ്ടിയിൽ റഷ്യയിലേക്കു് അയച്ചു. ലനിൻ റഷ്യയിൽകാലുകുത്തിയ നിമിഷം തുടങ്ങി അതുവരെ വിപ്ലവത്തിലോ, താല്കാലിക ഗവർമ്മെണ്ടിലോ പങ്കുകൊള്ളാതെ മാറിനിന്നിരുന്ന ബോൾഷവിക്കുകാരെ ഒത്തൊരുമിച്ചു സംഘടിപ്പിക്കുവാൻ തുടങ്ങി.



1917-ൽ താൽക്കാലികഗവർമ്മെണ്ടു് വിളിച്ചുകൂട്ടിയ ഡെമോക്രാററിക്കു് കക്ഷിയുടെ പാർലമെൻറ് (ഡൂമാ)

ബോൾഷവിക്കുകാർ ഈ താൽക്കാലികഗവർമ്മെണ്ടിനെ അട്ടിമറിച്ചു് അധികാരം കൈക്കലാക്കി.


റഷ്യൻ വിപ്ലവം നടന്നതു് പെട്രോഗാഡിൽ മാത്രമാണെല്ലാ. അതൊരു സൈനിക വിപ്ലവവുമായിരുന്നു. അതുകൊണ്ടു് റഷ്യയിലെ ആകമാനജനങ്ങൾക്കു സാറിൻെറസ്ഥാനത്യാഗം ഒരത്ഭുതസംഭവം പോലെ തോന്നി. തൽഫലമായി റഷ്യയിൽ ഒരു ഗവർമ്മെണ്ടില്ലെന്നുള്ള ഒരു അരാജകബോധമാണു് രാജ്യത്തിൽ ഉടനീളം ഉളവായതു്. കർഷകർ എന്നും ഭൂമിക്കൊതിയന്മാരാണല്ലൊ? സാർ ഗവമ്മെണ്ടിൻെറ അധഃപതനാനന്തരം കർഷകർ നാടൊട്ടുക്കു് അക്രമമായി വസ്തുകയ്യേറ്റം തുടങ്ങി. അവർ ജന്മികളെക്കൊന്നു് ജന്മഭൂമിഭോഗിച്ചെടുക്കുവാൻ തുടങ്ങി. പട്ടാളക്കാർ-അവരിൽ ഭൂരിഭാഗവും കർഷകരിൽനിന്നു വന്നവരാണു്-യുദ്ധരംഗംഉപേക്ഷിച്ചു് തങ്ങളുടെവീതം ഭൂമി കൈവശപ്പെടുത്തുവാൻ തുടങ്ങി. ഈ സാഹചര്യം തന്നെ ഫാക്ടറികളിലും ഖനികളിലും ആവർത്തിച്ചു. തൊഴിലാളികൾ മനേജർമാരെ വധിച്ചു. അങ്ങനെ റഷ്യയിൽ അങ്ങോളമിങ്ങോളം വെറും അരാജകത്വം നടമാടി—ഈ അരാജകത്വമാണു് സംഘടിതമായ ബോൾഷവിക്കു് പാർട്ടിക്കു ബലപ്രയോഗത്താൽ അധികാരം പിടിച്ചെടുക്കുവാൻ സഹായകമായതു്.

നാട്ടിൽ നടമാടിയിരുന്ന ഈ അരാജകാവസ്ഥ ശരിയ്ക്കു പൂഷണം ചെയ്യുവാൻ ലനിൻ ഉറച്ചു. അദ്ദേഹം ജർമ്മനിയുമായി ഉടൻ സമാധാനസന്ധി ഉണ്ടാക്കാനുള്ള പ്രക്ഷോഭണം ആരംഭിച്ചു. 'സമാധാനം, ഭക്ഷണം, സ്വാതന്ത്ര്യം' എന്ന മുദ്രാവാക്യങ്ങൾ മുഴക്കി. യുദ്ധരംഗത്തെ ഉപേക്ഷിച്ചു് രാജ്യത്തിലെ കൃഷിനിലങ്ങൾ ബലംപ്രയോഗിച്ചു കരസ്ഥമാക്കുവാൻ ലനിൻ സൈന്യങ്ങളെ ആഹ്വാനം ചെയ്തു. അങ്ങനെ താല്ക്കാലികഗവർമ്മെണ്ടിൻെറ യുദ്ധയത്നങ്ങളെ ലനിൻ താറുമാറാക്കി.

താല്ക്കാലിക ഗവർമ്മെണ്ടു് ഒരു ക്രൂട്ടഗവർമ്മെണ്ടായിരുന്നല്ലൊ. സംഖ്യാബലം കൊണ്ടു് സോഷ്യലിസ്റ്റുകാക്കു് ക്രൂടതൽ സ്വാധീനത ഉണ്ടായിരുന്നെങ്കിലും അധികാരം, കാര്യക്ഷമത, ജനസമ്മതി എന്നിവയ്ക്കു് ക്രൂടതൽ പ്രാബല്യം മറെറാരു കക്ഷിയായ കേഡറു കക്ഷിക്കായിരുന്നു. അവ തമ്മിലുള്ള അധികാരവടംവലിയാൽ സോഷ്യലിസ്റ്റുകാർ അവരുടെ ജനസ്വാധീനം വർദ്ധിപ്പിക്കുവാൻ, പെട്രോഗാഡിലും സമീപ പട്ടണങ്ങളിലും

പട്ടാളക്കാരേയും കൃഷിക്കാരേയും ഉൾപ്പെടുത്തി "സോവിയറ്റ്" എന്ന പേരിൽ ഒരുതരം ജനകീയപഞ്ചായത്തുകൾ രൂപീകരിച്ചു. വെറും ന്യൂനപക്ഷവും താല്ക്കാലിക ഗവർമ്മെണ്ടിൽ ഒരു സ്ഥാനവും ഇല്ലാതെയുമിരുന്ന ബോൾഷവിക്ക് കാക്ക് അധികാരം പിടിച്ചുപറ്റുവാൻ അസാദ്ധ്യമാണെന്ന് ലനിന് അറിയാമായിരുന്നു. അതുകൊണ്ട് തന്ത്രശാലിയും ബുദ്ധിമാനുമായിരുന്ന അദ്ദേഹം പൊതുജനസമ്മതിയുള്ള സോവിയറ്റുകളെ ഒരു ഉപകരണമായി ഉപയോഗിക്കുവാൻ തന്നെ നിശ്ചയിച്ചു. "സർവ്വാധികാരവും സോവിയറ്റിന്" എന്ന ഒരു നൂതന മുദ്രാവാക്യം ലനിൻ മുഴക്കി. ഈ തന്ത്രത്തിൽ ഒട്ടുവളരെ സോഷ്യലിസ്റ്റുകാർ കൂടുങ്ങിപ്പോയി. ജനകീയമുന്നണി മുതലായ മുദ്രാവാക്യങ്ങൾ ഇപ്പോഴും കമ്മ്യൂണിസ്റ്റുകൾ ഉപയോഗിക്കുന്നത് ലനിന്റെ ഈ നയത്തെ പിൻതുടർന്നുകൊണ്ടാണ്. സോവിയറ്റുകൾ സോഷ്യലിസ്റ്റ് പാർട്ടിയുടെ സംഘടന എന്നായിരുന്നല്ലോ സങ്കല്പം. പക്ഷെ യുദ്ധയത്നങ്ങളിൽ വ്യാപൃതരായ സോഷ്യലിസ്റ്റുകാർ, അവരുടെ വക സോവിയറ്റുകളുടെ മർമ്മസ്ഥാനങ്ങൾ ബോൾഷവിക്കുകാർ കൈക്കലാക്കുന്നതിനെപ്പറ്റി അത്ര ശ്രദ്ധിച്ചില്ല.

ഇതിടയ്ക്ക് മെൻഷവിക് പാർട്ടിയിൽപ്പെട്ട ലിയോൺ ട്രോട്സ്ക്കി പെട്രോഗാഡ് സോവിയറ്റിന്റെ അദ്ധ്യക്ഷനായിത്തീർന്നു. ലനിൻ ട്രോട്സ്ക്കിയുമായി സഖ്യത്തിലേർപ്പെട്ടു. ട്രോട്സ്ക്കിയുടെ പരിശ്രമഫലമായി 1917 നവംബർ 7-ാംനു-പെട്രോഗാഡിലെ സൈന്യം താല്ക്കാലിക ഗവമ്മെണ്ടിനെ ഉപേക്ഷിച്ച് സോവിയറ്റുകളുടെ പക്ഷം ചേർന്നു. ഈ അവസരം ലനിൻ ശരിയ്ക്കു വിനിയോ



ലനിൻ പട്ടണവീഥികളിൽനിന്നു ജനസഹസ്രങ്ങളെ വിപ്ലവത്തിനുത്സാഹാനം ചെയ്യുന്നു.

ഗിച്ചു. "ഗവർമ്മെണ്ടിതാ തകർന്നു; എന്തു ത്യാഗവും സഹിച്ചു് ഇപ്പോൾ മാരകമായ ഒരു കലാശക്കൊട്ടു കൊടുത്താൽ മതി, ഗവർമ്മെണ്ടു് തീർന്നു-" ലനിൻ ശബ്ദമുയർത്തി. അതു രാത്രിയിൽത്തന്നെ, ടോട്സ്കിയുടെ കീഴിലുണ്ടായിരുന്ന ക്രോൺസ്റ്റാറ്റ് നാവികസേനയും, ലാറ്റ്വിഷ് പട്ടാളക്കാരും, ചുമപ്പുസൈനികപോലീസും ചേർന്നു്, തലസ്ഥാനനഗരിയിലെ എല്ലാ മർമ്മസ്ഥാനങ്ങളും ഒരു മിന്നലാക്രമണം മൂലം പിടിച്ചടക്കി.

1902—ൽ ലനിൻ ഇങ്ങനെ എഴുതി: എനിക്കു് "വിപ്ലവകാരികളുടെ കെട്ടറപ്പുള്ള ഒരു സംഘടനതരിക. ഞാൻ റഷ്യയെ കീഴ്മേൽ മറിച്ചിടാം." 1907 നവംബറിൽ അദ്ദേഹം അതു സാധിച്ചു. അങ്ങനെ സംഖ്യയിൽവെറും 25000ത്തിൽ കുറവായും അടിയുറച്ച അച്ചടക്കബോധമുള്ളതുമായ ഒരു സംഘടന, പതിനഞ്ചുകോടിയുള്ള റഷ്യൻ ജനസഞ്ചയത്തെ പിടിച്ചടക്കി.

അവക്കു് അതു സാദ്ധ്യമായതു് പ്രധാനമായി ലനിന്റെ തന്ത്രംകൊണ്ടായിരുന്നു. അദ്ദേഹം ബോൾഷവിക്കു് പാർട്ടിയെ ഒരു ഉരുക്കുബലമുള്ള പട്ടാളപ്പാർട്ടിയായി രൂപാന്തരപ്പെടുത്തിയ ശേഷം അതിനെ ആവശ്യംപോലെ സ്വന്തഹിതത്തിനു വിനിയോഗിച്ചു. യുദ്ധത്തിലെ നഷ്ടവും ദുരിതവും ജർമ്മൻകാരുടെ മുന്നേറ്റവും എതിരുകക്ഷികളുടെ ബലഹീനതയുമെല്ലാം ഇതരകാരണങ്ങളായിരുന്നു. ബോൾഷവിക്കു് പാർട്ടിയെ എതിരുത്ത മറുകക്ഷികൾക്കു് സുസ്ഥിരമായ ഒരു ലക്ഷ്യമോ പദ്ധതിയോ ഉണ്ടായിരുന്നില്ലതാനും. തക്കത്തിനൊത്തു് ആകർഷണീയമായ മുദ്രാവാക്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ലനിന്റെ അസാധാരണ പാടവം ജനലക്ഷങ്ങളെ വഞ്ചിക്കുന്നതിനു സഹായകമായി.

ലനിനു് ഒന്നറിയാമായിരുന്നു. അക്രമംകൊണ്ടു പിടിച്ചെടുത്ത അധികാരം അക്രമംകൊണ്ടു മാത്രമേ പുലർത്താൻ സാധിക്കുകയുള്ളുവെന്നു്. അതിന്റെ പ്രഥമപടിയായി അദ്ദേഹം, താല്ക്കാലിക ഗവർമ്മെണ്ടു നല്കിയിരുന്ന പത്രസ്വാതന്ത്ര്യം, പൗരസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം തുടങ്ങിയ എല്ലാ ജനകീയാവകാശങ്ങളും റദ്ദുചെയ്തു. പെട്രോഗാഡിലെയും മോസ്കോയിലേയും നഗരസമിതികൾ പിരിച്ചുവിട്ടു. പുതിയ ഗവർമ്മെണ്ടിന്റെ ഈ മർദ്ദനനടപടിയിൽ പല പഴയ ബോൾഷവിക്കു് പ്രമാണികളും അമ്പരന്നു. പ്രതിഷേധാർത്ഥം ലനിന്റെ ആത്മസഹപ്രവർത്തകരായിരുന്ന റീക്കോവും കമിനോവും കൂടി ആ ഗവർമ്മെണ്ടിൽനിന്നു രാജിവെച്ചു.

റഷ്യൻജനത, ലനിന്റെ ഈ ബോൾഷവിക്കു് ഗവർമ്മെണ്ടിനെ പാടെ വെറുത്തു. ഈ മർദ്ദന നടപടികൾക്കിടയിൽത്തന്നെയാണു് മൻതാല്ക്കാലിക ഗവർമ്മെണ്ടു് ഏർപ്പെടുത്തിയ പ്രതിനിധി സഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പു നടന്നതു്. സാർവ്വത്രിക വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഈ തെരഞ്ഞെടുപ്പിൽ 3 കോടി 6 ലക്ഷത്തിൽപ്പരം വോട്ടുകൾ നിക്ഷേപിക്കപ്പെട്ടു. ഇതിൽ ബോൾഷവിക്കു് പാർട്ടിക്കു ലഭിച്ചതു് വെറും 90 ലക്ഷം മാത്രം. 707 അംഗങ്ങളുള്ള പ്രതിനിധിസഭയിൽ ആ പാർട്ടിക്കു് ലഭിച്ച അംഗസംഖ്യ വെറും 175-ം.

അങ്ങനെ റഷ്യൻപൗരസഞ്ചയം ഒന്നാകെ തിരസ്കരിച്ച ഒരു ഭരണക്രമമാണു് ഇന്നും റഷ്യയെ, ജനകീയഗവർമ്മെണ്ടെന്ന പേരിൽ ഭരിച്ചുകൊണ്ടിരിക്കുന്നതു്. കമ്മ്യൂണിസ്റ്റുപാർട്ടി ഒരിക്കൽ കിട്ടി



ബോൾഷവിക്ക്കാർ മിന്നലാക്രമണംകൊണ്ട് അധികാരം പിടിച്ചെടുത്തശേഷം സൈന്യങ്ങളെ അയച്ച് ജനപ്രതിനിധിസഭയെ പിരിച്ചുവിട്ടപ്പോൾ.

യ അധികാരം കൈവെടിഞ്ഞില്ല; പൊതുജനാഭിപ്രായത്തെ ആദരിക്കുകയുമില്ല.

തെരഞ്ഞെടുപ്പ് തനിയ്ക്കെതിരായെന്നു തെളിഞ്ഞപ്പോൾ ലനിൻ സൈനികബലം പ്രയോഗിച്ച് ആ പ്രതിനിധിസഭയെ പിരിച്ചുവിട്ടു. തെരഞ്ഞെടുപ്പു കമ്മീഷന്മാരെ അറസ്റ്റു ചെയ്തു. പിരിഞ്ഞുപോകാൻ വിസമ്മതിച്ച പ്രതിനിധികളെ ട്രോട്സ്കിയുടെ സൈന്യം അറസ്റ്റു ചെയ്തു. പ്രതിനിധിമന്ദിരം പൂട്ടി മുദ്രവെച്ചു.


ലനിന്റെ പൂർവ്വസുഹൃത്തും സുപ്രസിദ്ധ സാഹിത്യകാരനുമായ മാർക്സിംഗോർക്കി ഇങ്ങനെ എഴുതി: "ഒരു ശതാബ്ദക്കാലമായിട്ട് റഷ്യൻ ജനാധിപത്യത്തിനു് സ്വതന്ത്രമായ അഭിപ്രായം പ്രകടിപ്പിക്കുവാനുള്ള സന്ദർഭം പ്രദാനംചെയ്യുമെന്ന് ഭൂരിപക്ഷം റഷ്യാക്കാരും വിശ്വസിച്ചുപോന്നു. ആ പാവനലക്ഷ്യത്തിനുവേണ്ടി എത്രയേറെ രക്തപ്പുഴകൾ തന്നെ ഒഴുക്കിയിട്ടുണ്ട്. പക്ഷെ, ആ സന്ദർഭം ഇന്നു കൈവന്നപ്പോൾ, ജനാധിപത്യത്തിന്റെ ചുണ്ടിൽ ആ ഹ്രസ്വഹാസ്യം വിടരുവാൻ തുടങ്ങിയപ്പോൾ, കമ്മിസ്സാർമാർക്ക്, ജനപ്രതിനിധികളെ വെടിവെച്ചുകൊല്ലുവാൻ കല്പന ലഭിച്ചിരിക്കുന്നു. അവർക്കിതു മനസ്സിലാക്കുവാൻ സാധിക്കുമെങ്കിൽ ഞാൻ അവരോടു പറയുന്നു: നിങ്ങൾ വിപ്ലവത്തിന്റെ നേട്ടങ്ങളെ നശിപ്പിക്കുകയാണു്; എന്നന്നേയ്ക്കുമായി റഷ്യൻപ്രജായത്തഭരണത്തെ കുഴിച്ചുമൂടുകയാണു്."

പ്രതിവിപ്ലവം

അങ്ങനെ, 1917 മാർച്ചിലെ വിപ്ലവം മൂലം റഷ്യൻജനത നേടിയ പരമസ്വാതന്ത്ര്യം, ഒരു പ്രതിവിപ്ലവംകൊണ്ടു് ലനിൻ സമൂലം നശിപ്പിക്കുകയും തദ്വാരാ അതിനീചമായ ഒരടിമത്വത്തിലേയ്ക്ക് അവരെ എന്നന്നേയ്ക്കുമായി വലിച്ചുതാഴ്ത്തുകയും ചെയ്തു. ഇതാണു്, കമ്മ്യൂണിസ്റ്റുകാർ ഇന്നും വാനോളം പുകഴ്ത്തുന്ന നവംബർ വിപ്ലവം.

ഭീകരഭരണം

ജനങ്ങളുടെ ആനുകൂല്യമില്ലാതെ, അവരുടെ സുശക്തമായ എതിർപ്പിനെ അവഗണിച്ചു്. അധികാരത്തിലേറിയ ലനിന്റെ ഗവമ്മെണ്ടു്, അധികാരം നിലനിർത്തുവാൻ അതിനിഷ്ഠുരമായ ഒരു ഭീകരഭരണംതന്നെ ആരംഭിച്ചു. വിസ്തൃതമായ റഷ്യയുടെ നാലിലൊരു ഭാഗം മാ



ഒടുവിത്തെ ചുമപ്പൻ ജനകീയകോടതി.

ഈ കോടതിയാണ് റഷ്യയിൽ അതിക്രൂരവും മൃഗീയവുമായ ശുദ്ധീകരണപരിപാടി ആവഷ്ക്കരിച്ചുത്. റഷ്യയിലെ ഇടത്തരക്കാരെയത്രയും നിർമ്മാജ്ജനംചെയ്യ. വിധിവൈപരീത്യമെന്നേ പറയേണ്ടൂ, ഈ കോടതിയിൽ പങ്കെടുത്തവരെല്ലാം കാലാന്തരത്തിൽ അതേ കോടതിയാൽത്തന്നെ ശുദ്ധീകരിക്കപ്പെട്ടുകയാണുണ്ടായത്.

ത്രമെ ലനിൻഗവമ്മെണ്ടിനു കീഴടക്കുവാൻ അന്നു സാധിച്ചുള്ളു. പ്രഥമത: അ




ലക്ഷോപലക്ഷം കർഷകക്കും കോടതിയിൽ ഹാജരായി വധശിക്ഷ സ്വീകരിക്കേണ്ടിവന്നില്ല. അതിനുമുമ്പേ വഴിയിലും തെരുവീധികളിലും വെച്ച് അവർ കൊലയാളികൾക്കിരയായിത്തീർന്നിരുന്നു.

വിടെ തന്റെ സർവ്വാധിപത്യം സ്ഥാപിക്കുവാൻ ലനിൻ തീർച്ചയാക്കി. തനിക്കെതിരായി ഉയർന്ന സകല എതിർപ്പുകളേയും അടിച്ചമർത്തുന്നതിനുവേണ്ടി "ചെക്കാ" എന്ന രഹസ്യപ്പോലീസിനെ അദ്ദേഹം നിയോഗിച്ചു. തന്മൂലം നിസ്സഹായരും യോഗ്യന്മാരുമായ ലക്ഷോപലക്ഷം റഷ്യൻ പൗരന്മാർ ചത്തൊടുങ്ങി. ഈ ആഭ്യന്തരയുദ്ധമാണ് കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിന് അതിന്റേതായ പ്രകൃതി നൽകിയത്. അതികക്രൂരമായ പട്ടാളച്ചിട്ടയിൽ പരിശീലിപ്പിക്കപ്പെട്ട ഒരു സൈന്യസമൂഹത്തെക്കൊണ്ട്, ഒരു മഹാരാജ്യത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെമേൽ നിരന്തരമായ ആക്രമവും ഭീഷണിയും മർദ്ദനവും നടത്തിച്ചുകൊണ്ടുള്ള ഒരു കിരാതഭരണം; അതായിരുന്നു, അന്നു റഷ്യയിൽ നടന്നതു്. ഈ ആഭ്യന്ത

രയുദ്ധം കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിന്റെ സ്വഭാവപ്രകൃതിയായതുകൊണ്ട് ആ ഗവമ്മെണ്ട് നിലനില്ക്കുന്നിടത്തോളം കാലം ആ യുദ്ധം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും.

ലനിൻ അധികാരം ഉറപ്പിച്ച വിധം

സഹർസ്കിയുടെ കീഴിൽ രൂപീകരിക്കപ്പെട്ട സൈനിക രഹസ്യപ്പോലീസിനെ (ചെക്കാ)ക്കൊണ്ട്, ലനിൻ, തനിക്കാധിപത്യം സിദ്ധിച്ച റഷ്യയുടെ നാലിലൊരു ഭാഗത്ത് എവിടെയെങ്കിലും എതിർപ്പിന്റെയോ പ്രതിഷേധങ്ങളുടെയോ ലാഞ്ഛനയുണ്ടായാൽ, അവയെല്ലാം ക്രൂരമായ മർദ്ദനം അഴിച്ചുവിട്ട് അമർത്തിക്കൊണ്ടിരിക്കെ, മറെറാരു വശത്ത് ലിയോൺ ട്രോട്സ്കി തന്റെ സുപ്രസിദ്ധ ചുമപ്പു സേനയെ സജ്ജമാക്കിക്കൊണ്ടിരുന്നു. യഥാർത്ഥത്തിൽ കമ്മ്യൂണിസത്തെ രക്ഷപെടുത്തിയതു് ഈ ചെമ്പടയായിരുന്നു.



ചെമ്പടയുടെ ജനയിതാവു് ലിയോൺ ട്രോട്സ്കി.

ഈ ചുമപ്പൻസേനയെ പോറ്റിപ്പുലർത്താൻ രാജ്യത്തെ സർവ്വവിഭവങ്ങളും ലനിൻ ഉപയോഗിച്ചു. അതിനുവേണ്ടി, റഷ്യൻ വ്യവസായങ്ങളെല്ലാം ദേശവൽക്കരിക്കയും കർഷകരുടെ മിച്ചധാന്യങ്ങളും സമൂലം കണ്ടുകെട്ടുകയും ചെയ്യേണ്ടിവന്നു. അതോടെ റഷ്യ സാമ്പത്തികമായി തന്നെ തുടങ്ങി. അങ്ങനെ മുററിയപ്പോൾ തൊഴിലാളികളും പണിമുടക്കിനാരംഭിച്ചു; ലനിൻ നിർദ്ദയമായി അവരെയെല്ലാം ഒന്നോടെ മെഷീൻതോക്കിനിരയാക്കി.

ഈ ആഭ്യന്തരയുദ്ധം 1921 മാർച്ചു് ഒന്നാം തിയതി ഉച്ചകോടിയിലെത്തി. ആ മാർച്ചു് 1-ാം തിയതി പെട്രോഗാഡിനു് പുറത്തുള്ള ക്രോൺസ്റ്റാഡിലെ നാവികസേന ലെനിന്റെ സ്വേച്ഛാധിപത്യത്തിനും പാർട്ടിയുടെ ജനദ്രോഹത്തിനും എതിരായി യുദ്ധം പ്രഖ്യാപിച്ചു; ഒരു വിപ്ലവകൗൺസിൽ രൂപീകരിച്ചു് ജനങ്ങളുടെ മൗലികാവകാശങ്ങൾ ആവശ്യപ്പെട്ടു. "തൊഴിലാളികൾക്കും കർഷകർക്കും സ്വാതന്ത്ര്യം"—എന്ന മുദ്രാവാക്യം മുഴക്കി. "പത്രസ്വാതന്ത്ര്യം; അഭിപ്രായസ്വാതന്ത്ര്യം; സ്വതന്ത്രമായ ട്രേഡ്യൂണിയൻ; സൈന്യത്തിന്റെ മേലും പോലീസിന്റെ മേലുമുള്ള രാഷ്ട്രീയനിയന്ത്രണം പിൻവലിക്കൽ; കർഷകന്റെ മിച്ചധാന്യം നിർബ്ബന്ധപൂർവ്വമുള്ള പിടിച്ചെടുക്കൽ നിർത്തുക." ഇവയായിരുന്നു അവരുടെ അവകാശവാദങ്ങൾ. ഈ എതിർവിപ്ലവത്തിന്റെ മുൻപന്തിയിൽ നിന്നിരുന്നതു് 1917-ൽ ലെനിന് അധികാരം പിടിച്ചുകൊടുത്ത പഴയ ബോൾഷവിക്കുകാർ തന്നെയായിരുന്നു. കമ്മ്യൂണിസ്റ്റ് വഞ്ചനയുടെ നഗ്നരൂപം അവരുടെ കണ്ണു തുറപ്പിച്ചു. ഈ ആഭ്യന്തരയുദ്ധം അമർത്താൻ ലെനിൻ ട്രോട്സ്കിയുടെ ചെമ്പടയെ നിയോഗി

ച്ചു. ട്രോട്സ്ക്കിയുടെ 60,000-ത്തിൽക വിഞ്ഞ ചെമ്പട മാർച്ചു് 17-ാംനു- ക്രോൺസ്റ്റാഡ് പിടിച്ചടക്കി; അവിടെയുണ്ടായിയുന്ന എല്ലാ ഭടന്മാരെയും ഒന്നൊഴിയാതെ കൊന്നൊടുക്കി. ഈ ഭീകരകഥ പറയുവാൻ മാത്രമെന്നപോലെ ഏതാനും ചിലർ മാത്രം പോളണ്ടിലേക്കു് ഓടി രക്ഷപെട്ട. അങ്ങനെ ട്രോട്സ്കിയുടെ ചെമ്പട റഷ്യയിൽ ലനിന്റെ സർവ്വാധിപത്യം ഭദ്രമാക്കി.

എങ്കിലും, രാജ്യത്തു് സാവ്രത്രികമായി നടമാടിയിരുന്ന മൗനപ്രതിഷേധങ്ങളുടെ പ്രത്യാഘാതം മനസ്സിലാക്കി കൂശാഗ്രബുദ്ധിയായ ലനിൻ ഏറെത്താമസിയാതെ ഒരു നൂതന സാമ്പത്തിക പദ്ധതി ആവിഷ്കരിച്ചു. തൻമൂലം കമ്മ്യൂണിസ്റ്റുകാർ എന്നും പുകഴ്ത്തിക്കൊണ്ടിരിക്കുന്ന



മൂന്നു വർഷത്തെ കമ്മ്യൂണിസ്റ്റ് ഭരണത്തിനു ശേഷവും ക്ഷാമം, കഷ്ടത, മരണം എന്നിവ നാട്ടിൽ നടമാടി. റഷ്യ മുഴുവനും ലഹളകളും അസംതൃപ്തിയുംകൊണ്ടു് നിറഞ്ഞിരുന്നു.

ദേശവൽക്കരണനയത്തിനു് അല്പം അയവു വരുത്തേണ്ടതായി വന്നു. കഷ്ടകർഷകർക്കു് അവരുടെ ഉല്പാദനവിഭവങ്ങളിൽ കുറെയെല്ലാം സ്വന്താവശ്യത്തിനു് സ്വകാര്യവിപണിയിൽ വില്ക്കാമെന്നായി. വ്യവസായങ്ങളിൽ പലതിനേയും അത്യാവശ്യ നിത്യോപയോഗ സാധനങ്ങൾ നിർമ്മിക്കുന്നതിനനുവദിക്കുകയും ചെയ്തു.


സ്റ്റാലിന്റെ ഉയർച്ച

ലനിന്റെ അന്ത്യകാലം അത്യന്തം ശോചനീയമായിരുന്നു. തങ്ങൾക്കു് അധികാരം കൈവന്നതോടെ പാർട്ടിയണികളിലെ ഉന്നതസ്ഥാനങ്ങളിൽ ശക്തിയായ വടംവലി ആരംഭിച്ചു. സ്റ്റാലിൻ, പാർട്ടിയുടെ ജനറൽ സെക്രട്ടറിയായതോടെ പാർട്ടിയുടെ സർവ്വാധികാരവും ജനറൽ സെക്രട്ടറിയിൽ നിക്ഷിപ്തമാകത്തക്കവിധം കരുനീക്കങ്ങൾ ആരംഭിച്ചു. 1922-ൽ ലെനിൻ ഇങ്ങനെ എഴുതി:"സഖാവു സ്റ്റാലിൻ പാർട്ടിയുടെ സർവ്വാധികാരവും കയ്യടക്കിക്കഴിഞ്ഞുട്ടില്ലാ; അതെങ്ങനെ അയാൾ വിനിയോഗിക്കുമെന്ന കാര്യത്തിൽ ഞാൻ ഉൽക്കണ്ഠിതനായിരിക്കുന്നു." 1823 മാർച്ചുമാസത്തിൽ അദ്ദേഹം വീണ്ടും ഒരു കുറിപ്പെഴുതി: "സഖാവു സ്റ്റാലിനുമായുള്ള സർവ്വ ബന്ധങ്ങളും ഞാൻ ഇതോടെ വിടത്തിയിരിക്കുന്നു." ആ മാസത്തിൽത്തന്നെ ലനിൻ അബോധാവസ്ഥയിൽ കിടപ്പിലായിക്കഴിഞ്ഞു. ഒരുവിധത്തിൽ അതു് അദ്ദേഹത്തിനൊരു ഭാഗ്യമായിരുന്നു; അല്ലായിരുന്നെങ്കിൽ ഒരുപക്ഷെ ലനിനും സ്റ്റാലിനാൽ ശുദ്ധീകരിക്കപ്പെട്ടുകയില്ലായിരുന്നുവെന്നാരറിഞ്ഞു! ലനിൻ ഒരു വർഷത്തോളം ആ നിലയിൽ കിടന്നു; അവസാനം മരിച്ചു.

ലനിന്റെ മരണശേഷം പാർട്ടിയധി



1922-ൽ ലനിനും സ്റ്റാലിനും തമ്മിൽ സൗഹാർദ്ദസംഭാഷണങ്ങളിലേർപ്പെട്ടിരുന്നപ്പോൾ എടുത്ത ഈ ചിത്രത്തിന്റെ ലക്ഷോപലക്ഷം പ്രതികൾ 1949-ൽ സ്റ്റാലിൻ റഷ്യയിലാകമാനം വിതരണം ചെയ്കയുണ്ടായി. 1923-ൽ ലനിൻ സ്റ്റാലിനെ തിരസ്കരിച്ച വാസ്തവം ജനങ്ങളിൽനിന്നു" മറച്ചുവെക്കുവാനെടുത്ത ഒരടവായിരുന്നു ഈ ചിത്രവിതരണം.



ആരംഭകാലത്തു് റഷ്യയിലെ മേദിനാഘോഷങ്ങളിൽ സ്റ്റാലിന്റെ ചിത്രമുണ്ടായിരുന്നില്ല.

കാരത്തിനുവേണ്ടി ശക്തിമത്തായ ഒരു ഉന്നതതല വടംവലി നടന്നു. ലെഫ്റ്റടയുടെ ജനയിതാവായ ലിയോൺ ടോട്സ്കിയും, സ്റ്റാലിനുമായിരുന്നു, ഇവരിൽ പ്രധാനികൾ. ഇത്തരുണത്തിൽ പാർട്ടിയിലെ മറ്റു രണ്ടു നായകന്മാരായ കമിനോവിനേയും സിനോവീവിനേയും സ്റ്റാലിൻ തന്ത്രത്തിൽ സ്വപക്ഷത്തു് ചേർത്തു. അതോടെ ടോട്സ്കിയെ ജനദ്രോഹിയെന്നു് മുദ്രയടിച്ചു് സ്റ്റാലിനു നാടുകടത്തുവാൻ സാധിച്ചു. അങ്ങനെ സ്റ്റാലിൻ മഹാ റഷ്യയുടെ ഏകച്ഛത്രാധിപതിയായിത്തീർന്നു.

കമ്മ്യൂണിസത്തിന്റെ പ്രാഭവം അതു് റഷ്യയിൽ വിജയിച്ചതുകൊണ്ടു മാത്രമാണു്. പൗരസ്വാതന്ത്ര്യവും സ്വകാര്യ ഉടമാബോധവും വേരുന്നിയിട്ടുള്ള മറ്റൊരു രാജ്യത്തും അതു പുഷ്പിക്കാൻ ഇടയില്ലായിരുന്നു. റഷ്യാക്കാർ ഒരിക്കലും പൗരസ്വാതന്ത്ര്യം അനുഭവിച്ചിട്ടുണ്ടായിരുന്നില്ല. തലമുറതലമുറയായി പൗരസ്വാതന്ത്ര്യം സ്വപ്നംകണ്ടുകൊണ്ടിരുന്ന ആ മഹാജനതയെ, കമ്മ്യൂണിസത്തിനു് അതിന്റെ വഞ്ചനനിറഞ്ഞ വാഗ്ദാനങ്ങളാൽ മയക്കി എന്നേയ്ക്കും അടിമകളാക്കിത്തീർക്കാൻ അതുകൊണ്ടു് നിഷ്പ്രയാസം സാധിച്ചു.



4 കമ്മ്യൂണിസം പ്രയോഗത്തിൽ_യു. എസ്സ്. എസ്സ്. ആർ.

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജീവിതരീതിയെ വിഭാവനം ചെയ്ക എന്നതു് കമ്മ്യൂണിസ്റ്റിതര രാജ്യങ്ങളിൽ വസിക്കുന്നവക്കു് അശക്യമാണു്. കമ്മ്യൂണിസ്റ്റ് ശത്രുക്കൾ ഘോഷിക്കുന്നപോലെ ആ രാജ്യങ്ങളിലെ ജീവിതം അത്രമേൽ തികഞ്ഞതെന്ന വിശ്വസിപ്പാനും പ്രയാസമാണു്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജീവിതത്തെപ്പറ്റി ചില പരിശോധനകൾ നടത്തുക എന്നതാണു് ഈ പുസ്തകം കൊണ്ടുദ്ദേശിക്കുന്നതു്. ഇതു വായിച്ചുകഴിയുമ്പോൾ വായനക്കാരൻ ഏതുവർഗ്ഗത്തിൽപ്പെട്ടവനായാലും തന്റെ ജീവിതം അതേവർഗ്ഗത്തിൽപ്പെട്ട ഒരു റഷ്യാക്കാരന്റെ ജീവിതവുമായി തന്നെ താരതമ്യപ്പെടുത്തുന്നപക്ഷം കമ്മ്യൂണിസം വന്നാൽ അയാൾക്കു് എന്തു സംഭവിക്കും എന്നു് ഏകദേശം മനസ്സിലാക്കാൻ സാധിക്കും. ഒരു മാതാവിനു് സ്വന്തം കുഞ്ഞിനോടുള്ള താല്പര്യം കമ്മ്യൂണിസ്റ്റിതര രാജ്യങ്ങളുടെ മാത്രം ഒരു പ്രത്യേകതയല്ല; അതുപോലെതന്നെ ഒരു കേരളീയ കർഷകനു് അവന്റെ മണ്ണിനോടുള്ള പ്രതിപത്തി ഒരു റഷ്യൻ കർഷകന്റേതിൽ നിന്നു് വിഭിന്നവുമല്ല. ഒരിന്ത്യൻ ഖനിത്തൊഴിലാളിയുടെ അഭിലാഷങ്ങൾ, റഷ്യയിലെ മഗ്നിറ്റോഗോറി ഖനികളിൽ വിയത്തൊലിച്ചു പണിയെടുക്കുന്ന തൊഴിലാളിയുടേതിനു അനുരൂപം തന്നെയാണു്. പൊതുവെ

പറഞ്ഞാൽ രാഷ്ട്രത്തിനും ദേശീയതയ്ക്കും ഉപരിയായിട്ടുള്ള മനുഷ്യാഭിലാഷങ്ങളെല്ലാം എല്ലാമനുഷ്യർക്കും ഒരേവിധത്തിലാണ്. നൈസർഗ്ഗികമായ മനുഷ്യാശകളും ആശങ്കകളും സഹകാര്യജീവിതത്തിലെ പ്രശ്നങ്ങളും വികാരങ്ങളും എല്ലാം റഷ്യക്കാർക്കുമുണ്ട്. പക്ഷെ ഈ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിൽ കമ്മ്യൂണിസ്റ്റു രാഷ്ട്രത്തിന്റെ നയം മറ്റു രാഷ്ട്രങ്ങളെ അപേക്ഷിച്ച് തുലോം വ്യത്യസ്തമാണ്. കേരളീയരായ നമുക്കും അതിന്റെ രുചി കിട്ടിയില്ലേ?

സ്റ്റാലിൻ അധികാരത്തിൽ വന്നശേഷം ഇന്നുവരെയുള്ള, സോവിയറ്റു റഷ്യയുടെ ചരിത്രം പരിശോധിച്ചാൽ നിരന്തരമായ ഒരു ആഭ്യന്തര യുദ്ധത്തിന്റെ രക്തപങ്കിലമായ തീരാത്ത കഥയാണ്. ഒരുവശത്ത്, ഏറ്റവും ചെറുതായ ഒരു ഭരണകക്ഷി; മറുവശത്ത് അവയ്ക്കെതിരായി നിലകൊള്ളുന്ന, റഷ്യൻ സാമ്രാജ്യത്തിലെ ജനങ്ങളാകെയും. ഈ ആഭ്യന്തരയുദ്ധം വ്യാപിച്ച് സമുദായത്തിന്റെ സർവ്വമേഖലകളിലും നിരകളിലും സദാസമയം പ്രത്യക്ഷപ്പെട്ടുകൊണ്ടേയിരിക്കുന്നു.

1928-ൽ സ്റ്റാലിൻ തന്റെ ആദ്യത്തെ പഞ്ചവത്സര പദ്ധതി ഉൽഘാടനം ചെയ്തതോടെ റഷ്യൻ "ഉരുക്കുയുഗം" ആരംഭിച്ചു. അതു് ഹതഭാഗ്യയായ റഷ്യയുടെ ഇരുളടഞ്ഞ ചരിത്രത്തിലെ ഏറ്റവും നിഷ്ഠുരമായ ചില ഏടുകൾ മാത്രമാണ്. സ്റ്റാലിൻ പ്രഖ്യാപിച്ച ആ നിരന്തര ആഭ്യന്തരയുദ്ധം പലകാലങ്ങളിൽ പലരുടേയും നേരെ കൂടുതൽ ഉഗ്രതയോടെ പാഞ്ഞടുത്തിരുന്നു. ചിലപ്പോൾ അതു് അഭ്യസ്തവിദ്യരായ ബുദ്ധിജീവികളുടെ നേരെയും ചിലസമയം മതത്തിന്റെ നേരെയും മറ്റു ചിലപ്പോൾ കൃഷീവലന്മാരുടെ നേരെയും പലപ്പോഴും സ്വന്തം പാർട്ടിയണികളുടെ നേരെതന്നെയും തിരിഞ്ഞടിച്ചു. ഈ യുദ്ധത്തിനു് ഒരിക്കലും വിരാമമുണ്ടായിട്ടില്ല. അതു ശാസ്ത്രജ്ഞന്മാരുടെ സങ്കേതങ്ങളിലും കലാകാരന്മാരുടെ സംഘടനകളിലും, സൈനികനിരകളിലും യഥേഷ്ടം കടന്നുചെന്ന് അവിടെയുള്ള വാസ്തവികമോ സാങ്കല്പികമോ ആയ ശ്രുദ്ധശത്രുസംഘങ്ങളെ തേടിപ്പിടിച്ച് നശിപ്പിച്ചുകൊണ്ടിരുന്നു.

ഈ മഹാശുദ്ധീകരണപ്രസ്ഥാനം വഴിയുണ്ടായ സംഹാരതാണ്ഡവം മൂലം 1630—ന്റെ അന്തിമഘട്ടത്തോടുകൂടി സ്റ്റാലിൻ ലക്ഷോപലക്ഷം സോവിയറ്റു പൗരന്മാരെ കൊന്നൊടുക്കിക്കൊണ്ട് റഷ്യയുടെ പൊതുമുഖത്തെത്തന്നെ അഴിച്ചു മറുരൂപപ്പെടുത്തി. ഈ നവീന രൂപീകരണം, നിസ്സീമമായ രക്തച്ചൊരിച്ചിലിലും കഷ്ടപ്പാടുകളിലും ക്രൂടിയും, രാഷ്ട്രീയവും സാന്മാർഗ്ഗികവും, സാംസ്കാരികവുമായ സർവ്വമാനുഷികമൂല്യങ്ങളേയും ബലികഴിച്ചുംകൊണ്ടാണ് സാധിച്ചതു്.

കൂട്ടുകൃഷി സമ്പ്രദായം

ബോൾഷവിക്കുകാർ ആദ്യമായി അധികാരത്തിൽ വന്നതു് "ഭൂമിയെല്ലാം കർഷകർക്ക്" എന്ന മുദ്രാവാക്യവും മുഴക്കിക്കൊണ്ടാണ്. സാർ ചക്രവർത്തിമാരുടെ സ്ഥാനത്യാഗാനന്തരം റഷ്യയിലെ പ്രഭുവർഗ്ഗങ്ങളുടെ വൻകിട ഭൂമികളും ചെറിയ ചെറിയ ഉടമകൾക്കായി ഭാഗിച്ചു. പക്ഷെ, ഗവർമ്മെണ്ടിന് ധാന്യം നിർബ്ബന്ധപൂർവ്വം പിടിച്ചെടുക്കേണ്ടിവന്ന ഘട്ടത്തിൽ ഈ നയം ഉപേക്ഷിച്ചു. കൃഷിക്കാർ ഉടനെതന്നെ തിരിച്ചടിച്ചു. എല്ലാ കർഷകരും അവരുടെ ഉല്പാദനം സ്വന്താവശ്യത്തി


നമാത്രമായി കുറച്ചു. രാജ്യം ഒന്നോടെ ഒരു മഹാദാരിദ്ര്യത്തിന്റെ വക്കിലെത്തി. അതോടെ കമ്മ്യൂണിസ്റ്റുഗവർമ്മെണ്ടു് പരാജയപ്പെട്ടു പിൻവാങ്ങി.

ഇതിന്റെ ഫലമായിരുന്നു, ലെനിൻ വാത്തേടുത്ത "നവീന സാമ്പത്തികനയം"(N. E. P.). പത്താമത്തെ പാർട്ടി കോൺഗ്രസ്സിൽവെച്ചു് ലെനിൻ പ്രഖ്യാപിച്ചു, "ജനങ്ങളുമായി ഒരു ഒത്തുതിർപ്പിൽ എത്താത്തപക്ഷം സോഷ്യലിസ്റ്റു വിപ്ലവം തകർന്തരിപ്പണമാകു"മെന്നു്.

പക്ഷെ സ്റ്റാലിൻ പരിപൂർണ്ണാധികാരത്തിൽ വന്നുകഴിഞ്ഞതോടെ ഈ നയം "തന്ത്രപരമായ ഒരു പിൻമാറ്റം"മാത്രമാണെന്നു തെളിഞ്ഞു. 1924-ൽ ട്രോട്സ്കി 250 ലക്ഷം സ്വകാര്യ ചെറുകിട കൃഷി ഭൂമികൾ തുത്തടിച്ചു് കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തുവാൻ പദ്ധതി തയാറാക്കിയപ്പോൾ സ്റ്റാലിൻ ആ പദ്ധതിയെ എതിർത്തു. അതു് രാജ്യത്തെ ഒരു മഹാനാശഗർത്തത്തിലേക്കു നയിക്കുമെന്നും കമ്മ്യൂണിസത്തെ ലോകത്തിൽനിന്നു തുടച്ചുമാറ്റുവാൻ തക്ക ഒരു ആഭ്യന്തര യുദ്ധത്തിനു വഴിതെളിക്കുമെന്നും പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനമാണു്, സ്റ്റാലിനു് ട്രോട്സ്കിക്കെതിരായി, അന്നത്തെ പ്രധാനമന്ത്രിയായിരുന്ന റൊക്കോവിനേറയും തൊഴിലാളി യൂണിയനുകളുടെ നേതാവായ ടോംസ്കിയുടേയും, ആനുകൂല്യം നേടുവാൻ ഇടയാക്കിയതു്. അവരെല്ലാം, സ്വകാര്യവ്യക്തികൾക്കു് സാമ്പത്തികസഹായം ചെയ്തു് വ്യക്തിയുടമകളെ പ്രോത്സാഹിപ്പിക്കണമെന്നു അഭിപ്രായക്കാരായിരുന്നു. സ്റ്റാലിൻ സർവ്വാധികാരിയായശേഷം തന്റെ സ്വന്തപ്രഖ്യാപിതനയം മാറ്റി; അടുത്ത പാർട്ടികോൺഗ്രസിൽ പുതിയ നയം വ്യക്തമാക്കി "...കർഷകവ്യക്തികളെ സാമ്പത്തികസഹായം ചെയ്തു് ശക്തമാക്കുന്നപക്ഷം അതു് ബൂർഷ്വാകർഷകരുടെ സമ്മർദ്ദം കൊണ്ടു് ആ പാർട്ടിയെ നശിപ്പിക്കുന്നു



റഷ്യയിലെ സ്ത്രീതൊഴിലാളികൾ അവരുടെ പിഞ്ചുകുഞ്ഞുങ്ങളേയും വീടുകളേയും ഉപേക്ഷിച്ചു് നിർബ്ബന്ധിതവേലയ്ക്കായി കൂട്ടുകൃഷിസ്ഥലങ്ങളിലേക്കു പുറപ്പെടുന്നു.



മറ്റു കൃഷിക്കാരും കൃഷിസ്ഥലത്തേക്ക് നയിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റ് സമ്പ്രദായത്തിൽ, എപ്പോഴും ശവമെമ്മെണ്ടി നെപ്പറ്റി ജനങ്ങൾക്ക് ഓർമ്മ പുതുക്കേണ്ടതാണ്. മുദ്രാവാക്യങ്ങൾ, കൊടികൾ, സ്റ്റാലിന്റെ ചിത്രങ്ങൾ എന്നിവകൊണ്ടലങ്കരിച്ച ഈ ലോറികൾ ആ ലക്ഷ്യത്തിനുവേണ്ടിയുള്ളതാണ്.



കൃഷിക്കാരുടെ എതുപ്പിനെ ജയിക്കുവാൻ പാടത്തുവെച്ചുതന്നെ ലഘുലേഖകൾ എഴുതി വിതരണം ചെയ്യപ്പെടുന്നു. "സ്റ്റാലിനും സ്തുതി" "ആദ്യത്തെ ധാന്യമണി രാഷ്ട്രത്തിനു" തുടങ്ങിയവയാണ് മുദ്രാവാക്യങ്ങൾ.

തിനു തുല്യ"മെന്ന്. അങ്ങനെ 1924-ൽ സ്റ്റാലിൻ എതിർത്ത ട്രോട്സ്കിയുടെ ക്രൂട്ട കൃഷിസമ്പ്രദായംതന്നെ അദ്ദേഹം പിന്നീട് നടപ്പിലാക്കി. ഇതായിരുന്നു സ്റ്റാലിന്റെ ആദ്യത്തെ പഞ്ചവത്സരപദ്ധതി. അതിനുവേണ്ടി അതിക്രൂരവും വക്രതനിറഞ്ഞതുമായ ഒരക്രമഭരണം സ്റ്റാലിൻ ആരംഭിച്ചു. റൊക്കോവ്, ട്രോംസ്ക്കി, ബുക്കറിൻതുടങ്ങിയവർ ജീവഭയംനിമിത്തം അവരുടെ ആദ്യത്തെ അഭിപ്രായങ്ങൾ നിരുപാധികം പിൻവലിച്ച് സ്റ്റാലിനെ പിൻതാങ്ങേണ്ടിവന്നു. സോവിയറ്റു വർത്തമാനപ്പത്രങ്ങൾ "നവീനലെനിൻ" എന്ന് സ്റ്റാലിനെ പ്രകീർത്തിച്ചു.

സ്റ്റാലിൻ നടപ്പാക്കിയ വൻകിട വ്യവസായീകരണംമൂലം വ്യവസായതൊഴിലാളികൾക്കു ധാരാളം ഭക്ഷണംവേണ്ടിവന്നു. പുറമേനിന്ന് അസംസ്കൃതസാധനങ്ങൾ വരുത്തുന്നതിനും വളരെയധികം ധാന്യശേഖരം ഗവർമ്മെണ്ടിനാവശ്യമായി. മാത്രമല്ല, ഈ വൻകിട വ്യവസായീകരണം നിമിത്തം റഷ്യയിലെ നിത്യോപയോഗസാധനങ്ങളുടെ ഉല്പാദനവും സ്തംഭിച്ചുപോയി. ഇങ്ങനെ നിത്യോപയോഗസാധനങ്ങളുടെ ദാരിദ്ര്യവും നിർബ്ബന്ധപൂർവ്വമായ ധാന്യശേഖരവുംകൂടി ഒന്നിച്ചു നേരിട്ടപ്പോൾ കർഷകർ നന്നേ കുഴങ്ങി. ഉല്പാദനകാര്യങ്ങളിലുള്ള ശ്രദ്ധ തീരെയില്ലെന്നായി. തന്മൂലം സ്റ്റാലിന് കർഷകരെ തന്റെ ആജ്ഞാനുവർത്തികളായ അടിമകളാക്കേണ്ടിവന്നു. അവരുടെ എതിർപ്പുകളെ തകർക്കാനുള്ള, സ്റ്റാലിന്റെ ഒരു മറുപടിയായിരുന്നു, ക്രൂട്ടകൃഷി സമ്പ്രദായം. ഈ ഭീകര പ്രസ്ഥാനം—നിർബ്ബന്ധക്രൂട്ടകൃഷി സമ്പ്രദായം—1930ൽ ആരംഭിച്ചു. ട്രോട്സ്കി ആവിഷ്കരിച്ചതും 1924-ൽ സ്റ്റാലിൻ നിഷേധിച്ചതുമായ അതേ സമ്പ്രദായം അങ്ങനെ നടപ്പിലാക്കി. അതോടെ ക്രുൽക്കാസിനെ (ചെറുകിട സ്വകാര്യകർഷക ഉടമകളെ) കൊന്നൊടുക്കുന്നതിനുള്ള ഉഗ്രമായ കല്പനയും കൊടുത്തു.

രണ്ടു മാസങ്ങൾക്കകം 60 ശതമാനം സ്വകാര്യചെറുകിട കൃഷിഭൂമികളും ക്രൂട്ട കൃഷിഭൂമികളായി രൂപാന്തരപ്പെട്ടു. സോവിയറ്റുകണക്കുപ്രകാരം 1929-ൽ റഷ്യയിൽ ആകെ 5,618,000 ചെറുകിട കൃഷിഭൂമികളുണ്ടായിരുന്നു. 1934-ൽ അതു് 1,49,000 ആയി കുറഞ്ഞു. 50 ലക്ഷം കർഷകരെ അവരുടെ കൃഷിഭൂമികളിൽനിന്നും കുടുംബങ്ങളിൽനിന്നുപോലും പറിച്ചെടുത്തു് റഷ്യയുടെ വടക്കൻ മേഖലയിലെ അതിക്രൂരമായ അടിമത്തൊവളങ്ങളിലേയ്ക്കു് നാടുകടത്തി. എതിർത്തുനിന്നവരെയെല്ലാം വെടിവെച്ചുകൊന്നു. ഇങ്ങനെ നശിപ്പിച്ച 50 ലക്ഷം കർഷകർക്കു പുറമേ, വേറെ 50 ലക്ഷം ജനങ്ങൾ 1932-നും 33-നും മദ്ധ്യേയുണ്ടായ മഹാക്ഷാമത്താലും ചത്തൊടുങ്ങി. സ്റ്റാലിൻതന്നെ അഭിമാനിച്ചുപോലെ യു. എസ്. എസ്. ആർ-ന് രണ്ടാം ലോകമഹായുദ്ധത്തിൽ നഷ്ടപ്പെട്ടതിനേക്കാൾ അധികം ആളുകൾ ക്രൂട്ടകൃഷിസമ്പ്രദായം നടപ്പിലാക്കാൻ റഷ്യയ്ക്കു നഷ്ടപ്പെട്ടു.

റഷ്യൻ ഗവർമ്മെണ്ടും പാർട്ടിയും ഇന്നും കർഷകരെ രാജ്യത്തിലെ ഏറ്റവും തരംതാഴ്ന്ന വർഗ്ഗമായിട്ടാണു് കരുതിപ്പോരുന്നതു്. ഇതിന്റെ ഫലം 1953-ൽ ക്രൂഷ്ചേവുതന്നെ സമ്മതിച്ചിട്ടുള്ളതാണു്. ഇന്നു് റഷ്യയിലെ കന്നുകാലികളുടേയും പന്നികളുടേയും എണ്ണം 1916-ൽ ഉണ്ടായിരുന്നതിനേക്കാൾ വളരെ കുറവാണെന്നു് അദ്ദേഹംസമ്മതിച്ചിരിക്കുന്നു. 40

കൊല്ലംകൊണ്ടു് ഇരട്ടിയും മൂന്നിരട്ടിയുമായി വർദ്ധിക്കേണ്ട കാർഷികോല്പന്നങ്ങളായ ജന്തുസമ്പത്തു് അതുപോലെയും നാളത്തെ കമ്മ്യൂണിസ്റ്റുഭരണംകൊണ്ടു് ഇതു കുറഞ്ഞുപോകാനിടവന്നെങ്കിൽ റഷ്യൻ കർഷകരുടെ ഉറ്റുവിധിയെന്തെന്നാലോചിക്കുക. നാടിന്റെ നട്ടെല്ലു് എന്നു് സർവ്വരുംസമ്മതിക്കുന്ന കർഷകവർഗ്ഗത്തെ ഒരു മൂന്നാംതരം നിർദ്ധന, നിസ്സഹായ പൗരന്മാരാക്കി തരംതാഴ്ത്തുന്ന കാർഷിബില്ലുകൊണ്ടുവരാവുന്ന അത്യുൽക്കടമാപത്തിനെപ്പറ്റി ഈ പഠനം നമുക്കുതന്നെ പലവിധത്തിലും പ്രയോജനപ്പെടുന്നതാണു്.


യു. എസ്സ്. എസ്സ്. ആർ–ലെ കന്നുകാലിസമ്പത്തു്

	കന്നുകാലി ലക്ഷം	പശു ലക്ഷം	പന്നി ലക്ഷം	ആടു് ലക്ഷം	കുതിര ലക്ഷം
1916—സാർ ചക്രവർത്തിയുടെ കാലം	584	288	230	963	382
1928—കൂട്ടുകൃഷിയുടെ മുൻപു്	668	332	277	1146	361
1941—കൂട്ടുകൃഷിക്കു ശേഷം	545	278	275	916	210
1953 –ൽ	566	243	285	1099	153



വാസിലി ചെറെങ്കോ (വലത്തു്) എന്നൊരു കൊല്ലപ്പണിക്കാരൻ ജന്മിയാണെന്നുപറഞ്ഞു് അടിമവേലക്യാമ്പിലേക്കു് കൊണ്ടുപോകുന്നു


ലെനിനും സ്റ്റാലിനും കൂടി സോവിയറ്റ് ജനതയെ നയിക്കുന്നതാണ് ഈ പോസ്റ്റർ. താഴെ എഴുതിയിരിക്കുന്നു— "ലെനിന്റെയും സ്റ്റാലിന്റെയും കൊടിക്കൂകീഴിൽ കമ്മ്യൂണിസ്റ്റ് വിജയത്തിലേയ്ക്ക്"— എന്നു്. പക്ഷേ, കമ്മ്യൂണിസ്റ്റ് വിജയമെന്നാൽ തൊഴിലാളിസ്വർഗ്ഗമൊന്നുമല്ലെന്നു് കർഷകനെപ്പോലെ തൊഴിലാളിയും മനസ്സിലാക്കിക്കഴിഞ്ഞു.



കൂട്ടുകൃഷിയുടെ ഫലമായി റഷ്യയിലെ ഒരു നഗരത്തിന്റെ മൂലയിൽ കഴിയേണ്ടിവന്ന തെണ്ടിവർഗ്ഗം.

തൊഴിലാളി നിയന്ത്രണം

ബോൾഷെവിക്കു് വിപ്ലവത്തിനുമുമ്പു് ലെനിൻ റഷ്യൻ തൊഴിലാളികൾക്കു്, സമുദായ ഇത്തിക്കണ്ണികളിൽനിന്നു മിച്ചമുള്ളവ പിടിച്ചെടുത്തു് വിശക്കുന്ന വയറു് നിറയ്ക്കുകയും, അവക്കാവശ്യമുള്ള പാലിന്റെ വില ധനവാന്മാരെക്കൊണ്ടു കൊടുപ്പിക്കുകയും ക്രൂരതെ പാവപ്പെട്ടവരുടെ കുഞ്ഞുങ്ങൾക്കു കൊടുത്തു് തൃപ്തിവരുത്താതെ ഒറ്റത്തുള്ളി പാലുപോലും മറ്റുള്ളവർക്കു കൊടുക്കാത്തതുമായ, ഒരു സ്വത്തുല്യഗവർമ്മെണ്ടാണു് വാഗ്ദാനം ചെയ്തതു്. തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം അംഗീകരിക്കുന്ന ജനവിഭാഗത്തിനു് ഒരു നവീനലോകം പ്രദാനം



ചെയ്യുമെന്നും സമുദായത്തിൽ അവക്കൊരു മഹോന്നതസ്ഥാനം സംസിദ്ധമാകുമെന്നും ലെനിൻ പ്രവചിച്ചു. ഇങ്ങനെയുള്ള മോഹനവാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിലാണു് ലനിൻ അധികാരം കൈക്കലാക്കിയതു്.

പക്ഷേ വിപ്ലവത്തിനുശേഷം ആറുമാസം കഴിഞ്ഞില്ലാ, സോവിയറുതൊഴിലാളിവർഗ്ഗം പൂർണ്ണമായി വഞ്ചിക്കപ്പെട്ടുകഴിഞ്ഞുവെന്ന ഒരു സൂചന അവക്കു ലഭിച്ചു. അപ്പോഴും ലനിൻ പ്രഖ്യാപിച്ചു, "വൻതോതിലുള്ള ഘനവ്യവസായങ്ങളും സോഷ്യലിസത്തിന്റെ നിലനില്പിനു അത്യന്താപേക്ഷിതമായിരിക്കുന്നു. അതുകൊണ്ടു് സർവ്വജനങ്ങളും തൊഴിൽ പുരോഗതിക്കുവേണ്ടി നേതാക്കന്മാരുടെ കല്പനകളെ അക്ഷരംപ്രതി പാലിക്കുക."

പക്ഷേ 1929-ൽ സ്റ്റാലിൻ തന്റെ ആദ്യത്തെ പഞ്ചവത്സരപദ്ധതി ആവിഷ്കരിക്കുന്നതുവരെ ഈ "തൊ

ഴിലാളി സ്വത്തിന്റെ സ്വാദ് ജനങ്ങൾക്ക് ശരിയ്ക്ക് അറിയാൻ കഴിഞ്ഞില്ല. സ്റ്റാലിൻ രാജ്യത്തെ സമ്പൂർണ്ണ കഴിവുകളും ഘനവ്യവസായത്തിൽകേന്ദ്രീകരിച്ചുകൊണ്ട് ഒരു പ്രഖ്യാപനം ചെയ്തു. "നിത്യോപയോഗസാധനങ്ങളുടെ ഉല്പാദനം നിർണ്ണയിക്കാൻ നിവൃത്തിയില്ലാത്ത ഒരു ഭാവിയിലേക്ക് മാറ്റിവെയ്ക്കണം" തന്മൂലം നിത്യോപയോഗസാധനങ്ങളുടെ ഉല്പാദനം കുറഞ്ഞു; തൊഴിലാളികളുടെ ഉന്മേഷത്തിനു ഭീമമായ ഇടിവുതട്ടി. അതു പരിഹരിക്കുന്നതിന് ക്രൂരമായ ശിക്ഷാനടപടികളാണ് സ്റ്റാലിൻ ഏർപ്പെടുത്തിയതു്. തൊഴിലാളിയൂണിയനുകളുടെ, ക്രുലിപോരുവാനുള്ള അവകാശംപോലും ഏടുത്തുകളഞ്ഞു. ഫാക്ടറിനടത്തിപ്പിൽ ഒരു വിധത്തിലും തൊഴിലാളികൾക്ക് ഇടപെടുതെന്നുള്ള ഉഗ്രമായ കല്പന പുറപ്പെടുവിച്ചു. മാത്രമല്ല, അവിടെയെല്ലാം "ഏകാധിപത്യ നിയന്ത്രണം" നടപ്പിലാക്കാൻ സഹായകമായി വത്തിച്ചുകൊള്ളണമെന്ന് തൊഴിലാളികൾക്കു ശാസനയും ലഭിച്ചു. ഇക്കാരണങ്ങളാൽ ഫാക്ടറികളിൽ ക്രുലിക്കാരുടെ സംഖ്യ വളരെ കുറഞ്ഞു. തന്മൂലം ഗവർമ്മെണ്ടു് നാട്ടിൻപുറങ്ങളിൽനിന്ന് കർഷക തൊഴിലാളികളെ ഫാക്ടറികളിലേയ്ക്ക് ഇറക്കുമതി ചെയ്തുതുടങ്ങി. പക്ഷെ, തങ്ങളുടെ ഈ ദുരവസ്ഥയിൽ ഉന്മേഷം നശിച്ച ജോലിക്കാർ ക്രമേണ ജോലിക്ക് ഹാജരാകാതെ തുടങ്ങി. സാർവ്വത്രികമായ ഈ ഹാജർ കുഴപ്പം കണ്ടുതുടങ്ങിയപ്പോൾ, തൊഴിലാളിനിയന്ത്രണ നിയമങ്ങൾ ക്രൂരതൽകക്ശമാക്കി. തൊഴിലാളികൾ രാജ്യത്ത് സ്വച്ഛന്ദം യാത്രചെയ്യുന്നതിനെ തടഞ്ഞും ഒരു പട്ടണത്തിൽനിന്നോ ഗ്രാമത്തിൽ നിന്നോ വേറൊരിടത്തേക്ക് സഞ്ചരിക്കുന്നതിന് പ്രത്യേകം പാസ്പോർട്ടുകൾ ഏർപ്പെടുത്തി. ജോലിക്ക് ഹാജരാകാതിരിക്കുന്നവരുടെമേൽ കഠിനമായ ശിക്ഷാസമ്പ്രദായം കൈക്കൊണ്ടു—അവരുടെ റേഷൻ കാർഡുകൾ കണ്ടുകെട്ടുക; താമസസ്ഥലത്തുനിന്നും അവരെ ബഹിഷ്ക്കരിക്കുക തുടങ്ങിയ അതികഠിനമായ ശിക്ഷകളാണ് നടപ്പിലാക്കിയതു്.

ഇത്രയൊക്കെയായിട്ടും സോവിയറു തൊഴിലാളികളുടെയിടയിൽ അച്ചടക്കം സൃഷ്ടിക്കാൻ കഴിഞ്ഞില്ല. തന്മൂലം 1938 മുതൽ "ലേബർ ബുക്ക്" എന്ന പേരിൽ ഒരു "തനതു ഡയറി" സമ്പ്രദായം ഏർപ്പെടുത്തി. രാജ്യത്തെ തൊഴിലാളികളോരോരുത്തർക്കും ഇങ്ങനെയുള്ള ഓരോ ഡയറി അവശ്യം ഉണ്ടായിരുന്നേ മതിയാവൂ എന്നു നിർബന്ധമാക്കി. അതിൽ അയാളുടെപേരു്, വയസ്സു്, വിദ്യാഭ്യാസം, ജോലിവിവരങ്ങൾ, ഹാജർ, സ്വഭാവം, ജോലിനഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം മുതലായി അയാളുടെ സർവ്വവിധവിവരങ്ങളും കൃത്യമായിരേഖപ്പെടുത്തിയിരിക്കും. ഈ ഡയറി ഹാജരാക്കാതെ യാതൊരാളെയും യാതൊരു ജോലിക്കും നിയമിക്കുവാൻ പാടില്ലെന്നുള്ള വ്യവസ്ഥയും നടപ്പാക്കി. ഈ ഡയറി, തൊഴിലാളി ജോലിചെയ്യുന്ന ഫാക്ടറിയിൽ, അയാൾക്ക് അവിടെ ജോലിയുള്ളിടത്തോളം കാലം, ഫാക്ടറിമാനേജരുടേയോ, ഫാറം മാനേജരുടേയോ പക്കലായിരിക്കും. പ്രത്യേകാനുവാദത്തോടുകൂടി ജോലിയിൽനിന്നു പിരിയുന്നവെങ്കിൽമാത്രമേ ഈ പുസ്തകം മടക്കിക്കൊടുക്കുകയുള്ളു. അങ്ങനെ സോവിയറു തൊഴിലാളികളെയും രാഷ്ട്രത്തിന്റെ പരിപൂർണ്ണനിയന്ത്രണത്തിൽ ഒരു മഹാ അടിമത്തത്തിലേക്കുനീങ്ങി. അക്കാലയളവിൽ

ത്തന്നെ അതികഠിനമായ മറെറാരുതരം ശിക്ഷാക്രമവും നടപ്പിലാക്കി. ക്രമപരിപാലനം ലംഘിക്കുന്ന തൊഴിലാളികളെ നിർദ്ദയം പിരിച്ചുവിടുക; അവരുടെ സമുദായ ഇൻഷ്വറൻസും പാസ്പ്പിടവും കണ്ടുകെട്ടുക തുടങ്ങിയവയായിരുന്നു അതു്.

1930, 40, 41 ഈ കൊല്ലങ്ങളിലെ ഗവമ്മെണ്ടുത്തരവുകൾമൂലം ഒരു സോവിയററ തൊഴിലാളി തനിയ്ക്കു നൽകപ്പെട്ടന്ന ഏതുതരം തൊഴിലും യാതൊരു വിസമ്മതവും കൂടാതെ സ്വീകരിക്കുന്നതിനും, ഗവമ്മെണ്ടു നിശ്ചയിക്കുന്ന സ്ഥലങ്ങളിൽത്തന്നെ അവ നിർവ്വഹിക്കുന്നതിനും നിർബ്ബന്ധിതനായി. ഈ നിയമംമൂലം യാതൊരു സോവിയററ തൊഴിലാളിയ്ക്കും, തനിക്കു നിശ്ചയിച്ചുകിട്ടിയിട്ടുള്ള ജോലി എത്ര കഠിനതരമായിരുന്നാൽത്തന്നെയും സ്വമേധയാ ഉപേക്ഷിക്കുന്നതിനോ പകരം വേറൊന്നു തെരഞ്ഞെടുക്കുന്നതിനോ അവകാശമില്ലതന്നെ. അങ്ങനെ ചെയ്യുന്നപക്ഷം അതു്, ഒളിച്ചോടിപ്പോയ (Deserter) തരത്തിലുള്ള കുറമായി പരിഗണിക്കുന്നതും അതിനുള്ള ശിക്ഷ പത്തുകൊല്ലം അടിമപ്പാളയത്തിലെ അതികഠിനമായ വേലയുമാകുന്നു. അതേനിയമപ്രകാരം, ഫാക്ടറിയിലുണ്ടാകുന്ന സാമഗ്രികളുടെ നഷ്ടത്തിനും ഓരോ തൊഴിലാളിയും ഉത്തരവാദിയായിരിക്കുന്നതും അങ്ങനെ വരുന്ന നഷ്ടം അവരുടെ വേലക്രൂലിയിൽനിന്നു പിടിച്ചു ഈടാക്കുകയും ചെയ്യും.

1940 ജൂൺ 26-ാം തിയതിയിലെ വേറൊരു ഗവമ്മെണ്ടു കല്പനമൂലം ഏതെങ്കിലും തൊഴിലാളി പ്രത്യേക അനുവാദം കൂടാതെ ജോലിക്കു ഹാജരാകാതിരിക്കുകയോ, മാസത്തിൽ മൂന്നു പ്രാവശ്യം സമയംതെറെറി ഹാജരാകുകയോ ചെയ്യുന്നപക്ഷം അയാൾക്കു് ജോലിയിൽനിന്നുള്ള പരിപൂർണ്ണമായ നിഷ്കാസനമോ, യൂണിയൻകാർഡു കണ്ടുകെട്ടലോ, പാസ്പ്പിടങ്ങളിൽനിന്നുള്ള ബഹിഷ്കരണമോ, ആറുമാസത്തെ തടവോ, ശിക്ഷയായി പ്രഖ്യാപിച്ചു.

ആ വർഷംതന്നെ "ലേബർ റിസർവ്വ് സൈന്യനിര" ഏർപ്പെടുത്തി. അതനുസരിച്ചു് ആണ്ടുതോറും ലക്ഷോപലക്ഷം സോവ്യററ പൗരന്മാരെ നിർബ്ബന്ധപൂർവ്വം ഓരോ തൊഴിലിലും വേർത്തുടങ്ങി. ഒരു നിശ്ചിതകാലത്തെ പരിശീലനം കഴിഞ്ഞാൽ അവരെല്ലാം അവരവർക്കായി നിയോഗിക്കപ്പെട്ടന്ന ജോലികളിൽ നാലുകൊല്ലം വീതം ജോലിചെയ്യേണ്ടതാകുന്നു. പരിശീലനകാലത്തും അവരെല്ലാം, കൂട്ടികൾപോലും സാധാരണ തൊഴിലാളികളെപ്പോലെതന്നെ പ്രസ്തുത തൊഴിൽ നിയമങ്ങൾക്കു വിധേയരാണു്.


ഇപ്രകാരമുള്ള കർക്കശനിയമങ്ങളും നിയന്ത്രണങ്ങളും മൂലം തൊഴിലാളികൾക്കു് തൊഴിൽ ചെയ്യുന്നതിനുള്ള ഉത്സാഹം തീരെ നശിച്ചു. ആ കുറവു പരിഹരിച്ചു്, തൊഴിലാളികൾക്കു തൊഴിലിൽതാല്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി "പീസ്വർക്ക്" സമ്പ്രദായം ഏർപ്പെടുത്തി. ഒരു "സോഷ്യലിസ്റ്റ്" പന്തയ" സമ്പ്രദായത്തിൽ, തൊഴിലാളികളെക്കൊണ്ടു് കൂടുതൽ ജോലിചെയ്യിക്കുന്നതിനുള്ള ഒരു പദ്ധതിയാണിതു്. അതനുസരിച്ചു്, നിശ്ചിത ജോലിയിൽക്കൂടുതൽ ചെയ്തീർക്കുന്ന തൊഴിലാളികൾക്കു് പ്രത്യേക സൗജന്യങ്ങൾ നൽകി. നല്ല നല്ല താമസസൗകര്യങ്ങൾ, കൂടുതൽ ഭക്ഷണം, നിത്യോപയോഗസാധനങ്ങൾ മുതലായവയായിരുന്നു അവ - മാത്രമല്ല, അങ്ങനെയുള്ളവരെ, "സോഷ്യലിസ്റ്റ് തൊഴിലാളിവീരന്മാർ, സ്റ്റാക്കോനോവിയററ്സ്" എന്നും മററുമുള്ള കീർത്തിമുദ്രകൾ നൽകി ബഹുമാനിച്ചു. പക്ഷേ, കൂടുതൽ ഭക്ഷണത്തിനാശിച്ചു് കൂടുതൽ ജോലിചെയ്തു തുടങ്ങിയപ്പോൾ ഫാക്ടറിയിലെ നിശ്ചിത തൊഴിൽഅനുമാനവും കൂട്ടിയുടങ്ങി. പിന്നീടു് ഈ അനുമാനം തികയ്ക്കാത്ത പെ



കൂടുതൽ ഉല്പാദനത്തിനുവേണ്ടി പാർട്ടിനേതാവ് തൊഴിലാളികളെ "ആഹ്വാനം" ചെയ്യുന്നു.



തൊഴിലാളികളെ അഭിസൈനിക രീതിയിലാണ് സംഘടിപ്പിച്ചിരിക്കുന്നത്. തോക്കും ധരിച്ച് ഈ തൊഴിലാളികളും സോവിയറ്റ് പ്രതിനിധികളുടെ മുമ്പിൽ സൈനികവാഞ്ഛ നടത്തുകയാണ്.



കിഴക്കൻ സൈബീരിയായിലെ യാക്കുട്സ്ക് നഗരത്തിലുള്ള ഒരു "ലേബർ ക്ലോക്ക്." ചെയ്യേണ്ടതീർത്ത തൊഴിലിന്റെ കണക്കനുസരിച്ച് സൂചി മാറ്റിവെയ്ക്കും കങ്കാണികൾക്ക് കയറ്റം കൊടുക്കുന്നത് അവരുടെ സംഘങ്ങൾ ചെയ്തതീർക്കുന്ന ജോലിക്കനുസരിച്ചാണ്.

ഴിലാളികളെ ക്രൂരമായി വെട്ടിക്കുറച്ചും മറ്റും കഠിനമായി പീഡിപ്പിക്കുക പതിവായി. അങ്ങനെ ഏറ്റവും കുറഞ്ഞ ക്രൂരതയ്ക്ക് ഏറ്റവും കൂടുതൽ ജോലി നടത്തിക്കുവാൻ ഗവമ്മെണ്ടിനു സാധിച്ചു. വിധിവൈപരീത്യമെന്നേ പറയേണ്ടൂ, ആരംഭത്തിലേ കമ്മ്യൂണിസ്റ്റ് പാർട്ടി കൊട്ടിഘോഷിച്ചിരുന്ന "തൊഴിലാളി സമതാവാദം" ഒരു "പിൻതിരിപ്പ"ൻ വാദമാണെന്ന് സ്റ്റാലിൻതന്നെ പ്രഖ്യാപിച്ചു.

അങ്ങനെ റഷ്യൻ തൊഴിലാളിയുടെ ഒരു 'നല്ല നാളെ'യ്ക്കു വേണ്ടിയുള്ള പ്രക്ഷോഭണം, ജീവൻ പലത്തുന്നതിനുവേണ്ടി മാത്രമുള്ള ഒരു കഠിന സമരമായി രൂപാന്തരപ്പെട്ടു. ഈ ദുർഘടാവസ്ഥയ്ക്കു ചെറിയ തോതിലെങ്കിലും ഒരു ലാഘവം വരുത്താൻ റഷ്യയിലെ ഒരു തൊഴിലാളി യൂണിയനും കഴിവില്ല. മറിച്ച്, അവിടത്തെ യൂണിയനുകളെല്ലാംതന്നെ തൊഴിലാളികളെ സ്റ്റേറ്റിന്റെ പണിയായുധങ്ങളാക്കിത്തീർക്കാൻ സ്റ്റേറ്റിന്റെ നേതൃത്വത്തിൽ സജ്ജീകരിച്ചിട്ടുള്ളവയാണ്. ക്രൂരതയ്ക്കും മറ്റ് അതുപോലെയുള്ള യാതൊരുവക അനാകൃത്യങ്ങൾക്കും വേണ്ടി വാദിയ്ക്കാനോ വാദിക്കുന്നവർക്കു കൂട്ടുനില്ക്കാനോ, അവക്കൊന്നിനും അവകാശമോ, സ്വാതന്ത്ര്യമോ ഇല്ലതന്നെ. അവയുടെ ഏകലക്ഷ്യം തൊഴിലാളികളെക്കൊണ്ട് സ്റ്റേറ്റിന്റെ കൽപ്പനകളെ അനുസരിപ്പിക്കുക മാത്രമാണ്. ഇന്നിപ്പോൾ, സ്റ്റാലിൻ ഏർപ്പെടുത്തിയ അതിരുകടന്നവയും നിഷ്ഠൂരങ്ങളുമായ പല നിയന്ത്രണങ്ങളും റദ്ദാക്കിക്കളഞ്ഞിട്ടുണ്ടെങ്കിലും, ഇന്നും, തൊഴിലാളി സ്വർഗ്ഗമെന്ന വീരവാദം മുഴക്കുന്ന റഷ്യയിലെ തൊഴിലാളികൾ ചരിത്രത്തിലെ ഏറ്റവും നിന്ദ്യമായ ഒരവസ്ഥയിലാണു കഴിയുന്നതു്. അടിപ്പെട്ടിണിമൂലം കഷ്ടപ്പെട്ടും, വിട്ടുപോകാനാവാത്തവിധം, തങ്ങൾക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തൊഴിലിടങ്ങളോടു് അതുമേൽ ബന്ധിക്കപ്പെട്ടും ഒരു തീരാത്ത നിയന്ത്രണവലയത്തിൽ ശ്വാസംമുട്ടിക്കഴിയുകയാണ് അവർ—

കുടുംബ ശിഥിലീകരണം

ന്യായമായ ജീവനക്രൂരതയുടെ കുറവുകൊണ്ടും ജീവിതവിഭവങ്ങളുടെ വിലക്കയറ്റം കൊണ്ടും സോവിയറ്റ തൊഴിലാളികൾ സ്വന്തം ജീവൻ നിലനിർത്തുന്നതിനു തങ്ങളുടെ കുഴിവുകൾക്കപ്പുറവും അദ്ധ്വാനിക്കേണ്ടിയിരിക്കുന്നു. തന്മൂലം സോവിയറ്റ റഷ്യയിൽ മറ്റൊരുരാജ്യത്തും കാണാത്തവിധം, കഠിനാദ്ധ്വാനമാവശ്യമുള്ള എല്ലാ തൊഴിലുകളിലും സ്ത്രീകളും വൻതോതിൽ കയറിക്കൂടേണ്ടതായി വന്നു. 1926-ൽത്തന്നെ, വ്യവസായത്തൊ




ജീവിക്കണമെങ്കിൽ സ്ത്രീകൾ ഇക്കാണുന്നതുപോലെ ജോലി ചെയ്യണം കുഞ്ഞുങ്ങളെ ഗവമ്മെണ്ടു നോക്കിക്കൊള്ളുമല്ലൊ.


ഴിലാളികളിൽ 25 ശതമാനവും സ്ത്രീകളായിരുന്നു 1940-ൽ അതു് 41 ശതമാനമായി വർദ്ധിച്ചു.

ഫാക്ടറികളിലെ യന്ത്രോപകരണങ്ങളും, ഭാരമേറിയ ഇരുമ്പു ചുറ്റികകളും എടുത്തു കൈകാര്യം ചെയ്യുവാൻ മാത്രമല്ലാ റഷ്യയിൽ സ്ത്രീകളെ നിയോഗിച്ചിട്ടുള്ളതു്. കമ്മ്യൂണിസത്തിന്റെ വളർച്ചയ്ക്കാവശ്യമായ സകല കാര്യങ്ങളിലും അവർ സ്ത്രീകളെ ബലമായി പിടിച്ചുവയ്ക്കുന്നു. കമ്മ്യൂണിസ്റ്റ് ഗവൺമെണ്ടിന്റെ ഭദ്രത വളരുന്ന തലമുറയുടെ മാനസിക നിയന്ത്രണത്തിലാണു് അടങ്ങിയിരിക്കുന്നതെന്നു മനസ്സിലാക്കിയ ഗവർമ്മെണ്ടു്, കുഞ്ഞുങ്ങളേയും കുട്ടികളേയും തങ്ങളുടെ മാതാപിതാക്കന്മാരിൽ നിന്നും നിർബ്ബന്ധപൂർവ്വം വേർപ്പെടുത്തിത്തുടങ്ങി. മിക്കവാറും മുഴുവൻ ദിവസവും സോവിയറ്റു് അമ്മമാർ ഫാക്ടറികളിൽ കഴിക്കേണ്ടിവന്നതുകൊണ്ടു് അവരുടെ കുഞ്ഞുങ്ങളുടെമേലുള്ള നിയന്ത്രണം അതോടെ സ്റ്റേറ്റിനു കയ്യടക്കുവാനുള്ള ഒരവസരവുമായിത്തീർന്നു. മൂന്നുവയസ്സുകൂടി തികയാത്ത കുഞ്ഞുങ്ങൾപോലും തങ്ങളുടെ അമ്മമാരെപ്പിരിഞ്ഞു് നഴ്സറി സ്കൂളുകളിൽ കഴിയേണ്ടിവന്നു എല്ലാ നിലവാരത്തിലുള്ള സ്കൂളുകളും കമ്മ്യൂണിസ്റ്റാശയങ്ങൾ കുത്തിവെയ്ക്കുന്ന ഉപകരണങ്ങളാണു്. ഒരു കുട്ടിയുടെ പ്രഥമവും സർവ്വപ്രധാനവുമായ ഭക്തി കമ്മ്യൂണിസ്റ്റ് പാർട്ടിയോടാക്കിത്തീർക്കുക എന്നതാണു് അവിടത്തെ എല്ലാ ബോധനമുറകളുടേയും ലക്ഷ്യം. ആ സംഗതിയിൽ കുടുംബമോ മാതാപിതാക്കന്മാരോ വിലങ്ങുതടിയായി നില്ക്കാൻ സമ്മതിക്കയില്ല. അവക്കെല്ലാം രണ്ടാംതരം സ്ഥാനം മാത്രമാണു് കല്പിച്ചിട്ടുള്ളതു്. അങ്ങനെ സ്വന്തമകൻ സ്വന്തം മാതാവിനേറെയും പിതാവിനേറെയും ഒറുകാരനായി ഒരേഗൃഹത്തിൽ വസിക്കേണ്ടതായിവരുന്നു. തൽഫലമായി കുടുംബബന്ധവും പരസ്പരസ്നേഹവിശ്വാസങ്ങളും ശിഥിലീഭവിക്കയും ചെയ്യുന്നു.





വിദ്യാഭ്യാസത്തിനു് ഒരു ലക്ഷ്യം മാത്രമേയുള്ളൂ; ഗവൺമെണ്ടിനു് പരിപൂർണ്ണമായ അനുസരണം.



പോലീസിന്റെ മേൽനോട്ടത്തിൽ അടിമകൾ കോക്കസ്സസിൽ ഒരു തോട്ടംവെട്ടുന്നു. "ഒക്ടോബർ വിപ്ലവത്തോട്ട്"; സ്റ്റാലിന്റെ പ്രിയപ്പെട്ട പദ്ധതികളിലൊന്നാണിത്.

അടിമക്കൂലിക്കാർ

സോവിയറ്റ് സാമ്പത്തിക വ്യവസ്ഥിതിയുടെ സുപ്രധാനഘടകം അവിടത്തെ അടിമത്തൊഴിലാളി പ്രസ്ഥാനമാണു്.

സോവിയറ്റ് റഷ്യയിലെ സാധാരണ തൊഴിലാളിപോലും സ്വതന്ത്രനല്ല. നാനാവശത്തുനിന്നുമുള്ള നിയന്ത്രണങ്ങൾക്കു് അധീനനായും, സദാസമയം ജീവിതഭീതിയും, തൊഴിൽ നഷ്ടവും, കൊടും ദാരിദ്ര്യവും ഭയപ്പെട്ടു് ജീവിക്കുന്നവനുമാണു് അയാൾ. എന്നാൽ ഇതിലും ഭയാനകമായ മറെറാരു പ്രസ്ഥാനം റഷ്യയിലുണ്ടു്. അതാണു് കമ്മ്യൂണിസ്റ്റു് ഭാഷയിലെ "തെറ്റുതിരുത്തൽ തൊഴിൽപ്രസ്ഥാനം" (Correction Labour) അതിനീചമായ അടിമത്തത്തിന്റെ ഏറ്റവും വലിയ ഗതികേടിന്റെ ഒരു പ്രസ്ഥാനമായിട്ടാണു് ഇതു നിലകൊള്ളുന്നതു്.

ചക്രവർത്തിഭരണകാലത്തു് ഏറ്റവും വെറുക്കപ്പെട്ട ഒരു സ്ഥാപനമായിരുന്നു, "തടവുപാളയങ്ങൾ." എങ്കിലും, അക്കാലത്തു് "സോവിയറ്റ് എൻസൈക്ലോപീഡിയാ," എന്ന കമ്മ്യൂണിസ്റ്റു് പ്രസിദ്ധീകരണത്തിലെ അതിവർണ്ണനക്കണക്കനുസരിച്ചു് (1913-ൽ) 32,737 തടവുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇവരിൽ 5000 പേർ രാഷ്ട്രീയതടവുകാരും ബാക്കി



യുള്ളവർ ക്രിമിനൽപ്പുള്ളികളുമായിരുന്നു. എന്നാൽ ഇന്നു്, റഷ്യ കമ്മ്യൂണിസ്റ്റ്ഭരണത്തിൻ കീഴിലായപ്പോൾ, ഏറ്റവും കുറഞ്ഞതോതിലുള്ള കണക്കനുസരിച്ചുതന്നേ ഇവരുടെ സംഖ്യ 50 ലക്ഷത്തിലധികമായിട്ടുണ്ടു്. മറ്റൊരു കണക്കനുസരിച്ചു് 250 ലക്ഷമാണെന്നും കാണുന്നു ഇവരിൽ വളരെ തുച്ഛമായ ഒരു വിഭാഗം മാത്രമെ ക്രിമിനൽപ്പുള്ളികളുള്ളൂ. വിപ്ലവകാലത്തു് പ്രഭുവർഗ്ഗങ്ങളേയും ബൂഷ്വാ എന്നു പറയപ്പെട്ടിരുന്നവരെയും രാഷ്ട്രീയമായി നശിപ്പിക്കുവാൻ നടത്തിയ ഉഗ്രമർദ്ദനത്തോടുകൂടിയാണു് ഈ പ്രസ്ഥാനം ഇത്ര ബൃഹത്തായി വളർന്നതു്. സോവിയറ്റ് ഗവർമ്മെണ്ടു് പൊതുജനങ്ങളുടെ നേരെ ആഭ്യന്തരയുദ്ധം പ്രഖ്യാപിച്ചു തുടങ്ങിയപ്പോൾ അതിനു് ഉപകരണമായി ഒരു രഹസ്യപ്പോലീസ് സേനയേയും രൂപീകരിച്ചു. ഫെലിക്സ് ഡുതെർഷിൻസ്കിയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഈ രഹസ്യസേനയുടെ പേരാണു് മുൻ പ്രസ്താവിച്ച "ചെക്കാ". പിൽക്കാലത്തു് ഇതു് ജി. പി. യു; ഒ. ജി. പി. യു; എൻ കെ വി. ഡി എന്നും, ഇപ്പോൾ എം. വി. ഡി എന്നും മറ്റുമുള്ള വിവിധ പേരുകളിൽ അറിയപ്പെടുന്നു. ഈ സേനയ്ക്കു് യാതൊരു വക നിയമക്രമങ്ങളോ വകുപ്പുകളൊ




റഷ്യയിലെ അടിമവേല ക്യാമ്പുകളും കറുത്ത നിറത്തിൽ കാണുന്ന സ്ഥലങ്ങളിലെല്ലാം ക്യാമ്പുണ്ടെന്നും രക്ഷപെട്ട അടിമകളും പഴയ സോവിയറ്റ് ഉദ്യോഗസ്ഥന്മാരും പറയുന്നു കൊടുത്തിരിക്കുന്ന അക്കങ്ങളും ക്യാമ്പുകളുടെ എണ്ണമാണ്. ഒരു കോടിയ്ക്കും രണ്ടര കോടിയ്ക്കും ഇടയ്ക്കുള്ള ഒരു സംഖ്യ അടിമകളും സോവിയറ്റിലുണ്ട്. റഷ്യയെ ഒരു ലോകശക്തിയായിരിക്കാൻ പ്രധാനമായും സഹായിച്ചതു് ഈ അടിമവ്യവസ്ഥയാണു്.

നോക്കാതെ ആരെയും നാടുകടത്തുന്നതിനും നിർബ്ബന്ധവേലയ്ക്കു വിധിക്കുവാനും അധികാരമുണ്ടു്. 1924-ലെ സോവിയറ്റ് പീനൽകോഡിൽ പീനൽത്തടവിനു ശിക്ഷ നൽകേണ്ട വിധത്തെപ്പറ്റി വളരെ നിഷ്കൃഷ്ടമായ ചട്ടങ്ങളുണ്ടു്. അവയൊക്കെ പുറമേയുള്ള പ്രചാരണോപാധികളായിമാത്രം അവശേഷിക്കുന്നു. സ്റ്റാലിന്റെ കീഴിൽ ഈ പീനൽത്തടവു സമ്പ്രദായം രാഷ്ട്രത്തിലെ സാമ്പത്തിക വ്യവസ്ഥയുടെ ഒരു സുപ്രധാന ഘടകമായി മാറുകയാണുണ്ടായതു്. 1933-ൽ പഞ്ചവത്സരപ്ലാനിംഗ് കമ്മീഷനു കൊടുത്ത നിർദ്ദേശങ്ങളിലൊന്നു് പഞ്ചവത്സരപദ്ധതിയുടെ പൂർത്തീകരണത്തിനു്, സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരുടെ അദ്ധ്വാനഫലം കണക്കിലെടുക്കണമെന്നായിരുന്നു. ക്രൽക്കാസിന്റെ (കൊടുകിടസ്വകാര്യ ഉടമകരം) നിർമ്മാജ്ജനവും സാർവ്വത്രികമായ ശുദ്ധീകരണപ്രസ്ഥാനവും മൂലം 1930-നും 40-നും മദ്ധ്യേ അടിമക്കൂലിപ്പണിക്കാരുടെ സംഖ്യ സീമാതീതമായി വർദ്ധിച്ചു. 1934-ലെ പോലീസ്കോഡ് പരിഷ്കരണംമൂലം 'ചെക്കാ'പ്പോലീസിനു്, യാതൊരു വിസ്താരവും കൂടാതെ ആരെയും നിർബ്ബന്ധിത അടിമത്തൊഴിൽപ്പാളയത്തിലേയ്ക്കു വിധിയ്ക്കുവാനുള്ള അധികാരം നൽകി.

രണ്ടാം ലോകമഹായുദ്ധംമൂലം ഈ അടിമത്തടങ്കൽപ്പാളയത്തിലെ ജനസംഖ്യ വളരെ കൂട്ടതലായി. സോവിയറ്റുസേന കൈവശപ്പെടുത്തിയ രാജ്യങ്ങളിലെ ജനങ്ങൾ, രാജ്യദ്രോഹികൾ എന്ന സംശയിക്കപ്പെട്ട സോവിയറ്റിലെ വിവിധ ജാതികൾ. ക്രൂരതെ, പോലീസിന്റെ അതൃപ്തിയുള്ള പാത്രമായ മറ്റസംഖ്യം റഷ്യൻ പൗരന്മാർ; ഇങ്ങനെ ഈ ഗണത്തിൽപ്പെട്ട നിഭാഗ്യരുടെ എണ്ണം പ്രതിദിനം വർദ്ധിച്ചുകൊണ്ടേയിരുന്നു. സോവിയറ്റ് റഷ്യയുടെ ആകെ ബഡ്ജറ്റിൽ 14 ശതമാനവും രഹസ്യപ്പോലീസിന്റെ ചിലവിലേയ്ക്കു നീക്കിവെയ്ക്കപ്പെട്ടിരുന്നതായി യുദ്ധകാലത്തെ രഹസ്യറിക്കാർട്ടുകൾ വെളിപ്പെടുത്തി. അവിടെയുള്ള കൃഷിത്തോട്ടങ്ങൾ, ആണക്കെട്ടുകൾ, ഏലക്ട്രിക്പദ്ധതികൾ, തടിവ്യവസായം, ഖനനജോലികൾ മുതലായി സോവിയറ്റ് റഷ്യയുടെ ഗംഭീരമായ പുരോഗമനനിർമ്മാണജോലിയ്ക്ക് ഉപയോഗിക്കുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും ഈ രഹസ്യപ്പോലീസ് സമ്മാനിക്കുന്ന അടിമവേലക്കാരായിരുന്നു.

ബറിയായുടെ വധത്തിനുശേഷം ഈ എം. വി. ഡി യുടെ രാഷ്ട്രീയപ്രാധാന്യത്തിനു് അല്പം ഇടിവുതട്ടിയിട്ടുണ്ടെങ്കിലും ഇന്നും റഷ്യയിൽ തൊഴിലാളികളെ നല്കുന്ന ഏറ്റവും വലിയ കൺട്രാക്ടർ എം വി. ഡി. പോലീസാണ്. അടിമവ്യാപാരവും മൂഷണവും ഇത്ര ശാസ്ത്രീയമായും ബൃഹത്തായും നടക്കുന്ന മറെറാരു രാജ്യവും ലോകചരിത്രത്തിൽ ഇതുവരെ അറിയപ്പെട്ടിട്ടില്ല.

ഈ അടിമക്രൂലിക്കാരുടെ സ്ഥിതിഗതികളെപ്പറ്റി നമുക്കു ലഭിക്കുന്ന അറിവു് അവിടെനിന്നും ഒളിച്ചോടുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള ഏതാനും ചില തടവുകാരിൽനിന്നുമാണ്. ഇവരിൽ പ്രാധാന്യമർഹിക്കുന്നതു് 9000 പോളീഷ് തടവുകാരാണ്. ലോക



ലാറ്റ്വിയക്കാരെ, കന്നുകാലി വണ്ടികളിൽ സോവിയറ്റ് അടിമസങ്കേതങ്ങളിലേയ്ക്കു് കൊണ്ടുപോകുന്ന ഈ ചിത്രം രഹസ്യമായി കടത്തിക്കൊണ്ടുവന്നതാണ്.

മഹായുദ്ധത്തിനിടയ്ക്ക് 1939-ൽ റഷ്യ, പോളണ്ടു് കൈവശപ്പെടുത്തിയപ്പോൾ പോളീഷ് സേനയുടെ രണ്ടാം ഘടകത്തെ മറവ് അനേകം പോളീഷ് പൗരന്മാരോടൊപ്പം ഈ ക്രൂരത്തടങ്കൽപ്പാളയത്തിലേയ്ക്കു് നാടുകടത്തി. ഇവരുടെ സ്വാനുഭവവിവരണങ്ങളിൽനിന്നും ആ തടങ്കൽപ്പാളയങ്ങളിൽ ജീവിക്കുന്ന മനുഷ്യജീവികളെപ്പറ്റി ഏതാണ്ടൊരു ജ്ഞാനം നമുക്കു ലഭിക്കുന്നു. നിരന്തരമായ മർദ്ദനവും, ഭയവും, പട്ടിണിയും മൂലം, ചുമടു ചുമക്കുന്ന കഷ്ടപ്പെടുന്ന മൃഗങ്ങളേക്കാളും നികൃഷ്ടരായിട്ടാണു് ഈ മനുഷ്യജീവികൾ ഇവിടെ കഴിയുന്നതു്. ഇവർ പറയുന്നു, ഈ പാളയത്തിലെ രാഷ്ട്രീയതടവുകാർ എന്നു പറയപ്പെടുന്നവരിൽ ഭൂരിഭാഗവും ഭരണകൂടത്തിനു് എതിരായി ഒന്നുംതന്നെ ചെയ്തിട്ടുള്ളവരല്ലെന്നു്. രാഷ്ട്രീയമായ യാതൊരു ഭാഗഭാഗിത്വമോ അഭിപ്രായങ്ങളോ ഇല്ലാത്ത വെറും സാമാന്യജനങ്ങളാണു് ഇവരിൽ ബഹുഭൂരിപക്ഷവും. പില്ക്കാലത്തെ ശത്രുക്കളായി ഭവിച്ചേക്കാമെന്ന സംശയംമാത്രമാണു് ഇവരിൽ പലരുടേയും ശിക്ഷയ്ക്കു നിദാനം. പഴയ ബോൾഷെവിക്കുകാർ, (ഇപ്പോൾ ഇവരെക്കൊണ്ടു് പാർട്ടിയ്ക്കു് ഒരു ഗുണവുമില്ല) കൂട്ടുകൃഷി വിപ്ലവത്തിൽ നാടുകടത്തപ്പെട്ടവരുടെ അവശേഷം, സ്വരാജ്യത്തോടു കൂറുണ്ടെന്നു സംശയിക്കപ്പെട്ട യൂക്രയിൻകാർ, യൂസബക്കുസ്കാർ, വോൾഗാജർമ്മൻകാർ, അന്യരാജ്യത്തെ സ്നേഹിതന്മാരുമായി കത്തിടപാടുകൾ നടത്തിയവർ, ശുദ്ധീകരണത്തിൽ കൊന്നൊടുക്കിയവരുടെ ബന്ധുക്കളും സ്നേഹിതരും; ഇങ്ങനെ പോകുന്നു ഈ നിർദ്ദോഷബന്ദികളിലധികവും. *

ഏറ്റവും നിഷ്ഠൂരരും ഹൃദയശൂന്യരുമായ ക്രിമിനൽപ്പുള്ളികളിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള "യൂക്രി" എന്നറിയപ്പെടുന്ന ഒരു സംഘം ഉദ്യോഗസ്ഥന്മാരാൽ നിയന്ത്രിക്കപ്പെട്ടു്, നിർഭാഗ്യരായ ഈ മനുഷ്യകീടങ്ങൾ തണുപ്പുകനത്ത മരക്കെട്ടിടങ്ങളിൽ ഞെക്കിഞെരുങ്ങി അവർണ്ണനീയമായ നരകയാതന അനുഭവിച്ചു കണ്ണീരൊഴുക്കി വേല ചെയ്യുകയാണു്.

ഏറ്റവും നികൃഷ്ടവും ക്രൂരവും നിർദ്ദയവുമായ ഈ സാഹചര്യങ്ങളിലും അതികഠിനമായ വേലചെയ്യുവാൻ ഇവർ നിർബ്ബന്ധിതരായിത്തീരുന്നുവെന്നുള്ളതിനു് അനവധി റിപ്പോർട്ടുകൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഈ തൊഴിലാളികളെ നിയന്ത്രിക്കുന്ന ഏറ്റവും വലിയ ശക്തി വിശപ്പാണു്. നിർദ്ദയമായി ഇവരെ പട്ടിണിക്കിട്ടും; കൊടും പട്ടിണികൊണ്ടു് വലയുമ്പോൾ വിശപ്പടക്കാൻ എന്തു പ്രാണത്യാഗത്തിനും അവർ തയാറാകും. ഒരു കഷണം അപ്പത്തിനുവേണ്ടി മരണത്തിനുതന്നെ ഇടയാക്കുന്ന വഴക്കുകൾ ഇവരുടെ ഇടയിൽ സർവ്വസാധാരണമാണു്. നിരവധി ക്രൂരതരങ്ങളായ നയതന്ത്ര പ്രയോഗങ്ങൾക്കും മർദ്ദനങ്ങൾക്കും പുറമേ, അവസാനം ഈ പട്ടിണിയാണു് നിസ്സഹായരായ ഈ സ്ത്രീപുരുഷന്മാരുടെ മനശക്തിയും പ്രതിരോധനസ്ഥൈര്യവും നശിപ്പിക്കുന്നതു്. വിശപ്പടക്കാൻ നിവൃത്തിയില്ലാതെ ഒടുവിൽ പാളയ ഉദ്യോഗസ്ഥന്മാരുടെ ദുരഭിലാഷങ്ങൾക്കു വശംവദരായിത്തീരുന്ന സ്ത്രീകളും പെൺകുട്ടികളും നിരവധിയാണു്.

അസാദ്ധ്യമായ ജോലികൾ യഥാവിധി സാധിപ്പിക്കുന്നതിനും ഭക്ഷണം ഒരു പ്രേരണയാണു്. യൂക്രയിൻകാരുടെ ഒരു ക്യാമ്പിലെ രേഖകളിൽ, നിശ്ചിതതോതിൽ 75 ശതമാനം ജോലിചെയ്തു തീർക്കുന്നയാൾക്കു് 200 ഗ്രാം അപ്പം കൂടുതൽ ലഭിക്കുന്നതാണെന്നു

---

* കൂടുതൽ വിവരങ്ങൾക്കു് "സോവിയറ്റ് ജയിലറകൾ" എന്ന പുസ്തകം വായിക്കുക.

വ്യവസ്ഥ ചെയ്തിരിക്കുന്നു. അതേസമയം ക്യാമ്പിലുള്ള പട്ടികൾക്കു് ദിവസം പ്രതി 250 ഗ്രെയിൻ ഇറച്ചിയാണു് നിശ്ചയിച്ചിരിക്കുന്നതു്. അങ്ങനെ പട്ടികളേക്കാൾ തീരെ വില കുറഞ്ഞവരായിട്ടാണു് ഈ പട്ടിണിപരിഷകളെ ഗണിച്ചപോരുന്നതു്. പ്രതിദിനം പതിനഞ്ചു മണിക്കൂർ കഠിനാദ്ധ്വാനം ചെയ്യുന്ന തടവുകാരൻപോലും അർദ്ധപ്പട്ടിണിയായിക്കഴിയുന്നുവെന്നറിയുമ്പോൾ മറവുള്ളവരുടെ സ്ഥിതി ഊഹിച്ചാൽ മതിയാവും.

സുഖക്കേടുകളും മരണവും ഈ ക്യാമ്പുകളിലെ സാധാരണ സംഭവങ്ങളാണു്. അവിടത്തെ മരണനിരക്കുതന്നെ സാധാരണ തോതിനേക്കാൾ ഇരട്ടിയാണെന്നാണു് അഭിജ്ഞകേന്ദ്രങ്ങളുടെ നിഗ്ഗമനം. ഈ നാരകീയജീവിതത്തിൽനിന്നു രക്ഷനേടുവാൻ ആത്മഹത്യ ചെയ്യുന്നവരും ധാരാളമാണു്.

ഈ അടിമത്തൊഴിലുപദ്ധതി കമ്മ്യൂണിസത്തിനു മൂന്നു വിധത്തിൽ സഹായകമായിത്തീരുന്നു. ഒന്നാമതായി, സ്ഥലത്തിന്റെ സ്വഭാവമോശം നിമിത്തം സ്വതന്ത്രതൊഴിലാളികൾ ചെയ്യുവാൻ മടിക്കുന്ന ഏതു വേലകളും ഈ അടിമക്കൂലിക്കാരെക്കൊണ്ടു് നിഷ്പ്രയാസം ചെയ്യിയ്ക്കുവാൻ സാധിക്കുന്നു. രണ്ടാമതായി, വാസ്തവികമോ സാങ്കല്പികങ്ങളോ ആയ ലക്ഷോപലക്ഷം കമ്മ്യൂണിസ്റ്റു് ശത്രുക്കളെ നിയന്ത്രിക്കുവാൻ ഇതു് ഏറ്റവും തന്ത്രപരമായ ഉപാധിയാകുന്നു. മൂന്നാമതു്, ഇതു്, എല്ലാ സോവിയറ്റു് പൗരന്മാരുടേയുംമേൽ ഓങ്ങിനില്ക്കുന്ന ഒരു മാരകായുധമാണു്. ഇതിന്റെ ഭീകരതയെപ്പറ്റി ചിന്തിക്കുമ്പോൾ ഏതു സോവിയറ്റു പൗരനും സ്വയം ചിറകുതാഴ്ത്തി ഗവമ്മെണ്ടിനു വഴങ്ങിക്കൊടുക്കാതിരിക്കാൻ നിവൃത്തിയില്ലാതായിത്തീരുന്നു.

റഷ്യയിൽ ഒരു പഴഞ്ചൊല്ലുണ്ടു്:— സോവിയറ്റു പൗരന്മാർ മൂന്നു തരക്കാരേയുള്ളൂ: തടങ്കൽപ്പാളയത്തിൽ ജീവിക്കുന്നവർ; അവിടെ ജീവിച്ചു വിട്ടതൽ കിട്ടിയവർ; അവിടേയ്ക്കു പോകേണ്ടവർ—മറെറാരു വിഭാഗവും റഷ്യയിലില്ല.

യു. എസ്സ്. എസ്സ്. ആർ—ലെ ദേശീയത്വം

കമ്മ്യൂണിസം വീമ്പടിക്കുന്നു, അതു് ഒരുത്തരുടേയും സ്വരാജ്യസ്നേഹമോ ഭക്തിയോ നശിപ്പിക്കയില്ലെന്നു്. യു. എസ്സ്. എസ്സ്. ആർ പതിനാറു നാഷനൽ റിപ്പബ്ലിക്കുകളുടെ ഒരു സംഘടനയാണെന്നാണല്ലൊ വെയ്പു്. ഈ ഓരോ ജനവിഭാഗങ്ങൾക്കും എന്തു സംഭവിച്ചു എന്നു അറിയേണ്ടതാണു്. ലെനിന്റെ പ്രസിദ്ധ പ്രഖ്യാപനം കേൾക്കുക: "കമ്മ്യൂണിസം ഒരു അന്തർദ്ദേശീയ പ്രസ്ഥാനമാണു്; അതു് ഒരിക്കലും ദേശീയതാല്പര്യത്തെ പ്രോത്സാഹിപ്പിക്കയില്ല; വൈദികരും ബൂഷ്വാകളും മാത്രമേ ദേശീയ താല്പര്യത്തെപ്പറ്റിയും ദേശീയ സംസ്കാരത്തെപ്പറ്റിയും പ്രസംഗിക്കുകയുള്ളൂ. അദ്ധ്വാനിക്കുന്ന ജനവിഭാഗം അഖിലലോക വ്യാപകമായ തൊഴിലാളിപ്രസ്ഥാനമാകയാൽ അതിന്റെ ക്രോധം രാഷ്ട്രസ്നേഹവും അന്തർദ്ദേശീയമാണു്." ഇതെല്ലാമാണെങ്കിലും, കമ്മ്യൂണിസത്തിനു മനസ്സിലായി, അധികാരത്തിലെത്തിച്ചേരാൻ ദേശീയതത്വംതന്നെ പ്രസംഗിക്കണമെന്നു്. തന്മൂലം റഷ്യൻതാല്ക്കാലികഗവമ്മെണ്ടിനെ മറിച്ചിടുവാൻ അവർ അവിടത്തെ വിവിധ ജനവിഭാഗങ്ങൾക്കു് ദേശീയസ്വാതന്ത്ര്യം വാഗ്ദാനം ചെയ്തു. അങ്ങനെ അവർ റഷ്യയിലെ നിരവധി ജനവിഭാഗങ്ങളുടെ സഖ്യം സമ്പാദിച്ചു. പക്ഷെ, ഒരിക്കൽ അധികാരത്തിൽ പ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞപ്പോൾ ആ നയത്തിനു് പാടെ ഒരു തകിടംമറിച്ചിലുണ്ടായി.

സ്റ്റാലിൻ ഇങ്ങനെ എഴുതി: - "സ്വതന്ത്രയായ ജോജ്ജിയാ, അർമീനിയാ, പോളണ്ട്, ഫിൻലണ്ട് എന്നീ രാജ്യങ്ങളുടെ സ്വാതന്ത്ര്യം വെറും മിഥ്യയാണ്; അതു്, സാമ്രാജ്യമോഹികളോട്ട് ആ രാജ്യങ്ങൾക്കുള്ള വിധേയത്വമാണ് തെളിയിക്കുന്നതു്. ഇവയെല്ലാം ഒന്നായിരിക്കുന്നതാണ് ആ രാജ്യങ്ങളിലെ ജനസാമാന്യത്തിന്റെ രക്ഷ." ഇതായിരുന്നു ഏറ്റവും ബൃഹത്തായ പ്രതിവിപ്ലവം. അധികാരം കിട്ടിക്കഴിഞ്ഞതോടെ കമ്മ്യൂണിസ്റ്റ് കാർ റഷ്യൻ ചക്രവത്തിമാരുടെ സാമ്രാജ്യനയത്തിലേയ്ക്കു് വഴുതിവീണു. റഷ്യൻ സാമ്രാജ്യത്തിലുൾപ്പെട്ട മറ്റു ജനനേതാക്കന്മാരെ (അവരും ക്രൂടിച്ചേന്നാണ് ചക്രവത്തിയെ ബഹിഷ്കരിച്ചതു്) അവർ അപലപിച്ചു് ജനദ്രോഹികളാക്കി മുദ്രകുത്തി. മറ്റു ഭാഷകളിലേൽ ഹോമം ചെലുത്തി അവയുടെ ലിപികളും റഷ്യൻഭാഷയ്ക്കു് അനുരൂപമാക്കി പരിഷ്കരിച്ചു. യു. എസ്സ്. എസ്സ്. ആർ-ലെ എല്ലാ റിപ്പബ്ലിക്കുകളുടേയും മന്ത്രിസ്ഥാനങ്ങളിലെല്ലാം റഷ്യൻ കമ്മ്യൂണിസ്റ്റുകാരെ അവരോധിക്കപ്പെട്ടു. അവിടത്തെ ഗവൺമെണ്ടുമേധാവികളെല്ലാം റഷ്യാക്കാരായി. മന്ത്രിസഭകളിലും, രാജ്യരക്ഷാവകുപ്പുകളിലും, നീതിന്യായവകുപ്പുകളിലുമെല്ലാമെല്ലാം മേധാവിത്വം റഷ്യാക്കാർക്കുതന്നെ.

യുദ്ധത്തിനും സമാധാനത്തിനും വേണ്ടി എല്ലാ റിപ്പബ്ലിക്കുകളുടേയുംമേൽ പൂർണ്ണാധികാരം മോസ്ക്കോയിലെ കേന്ദ്രഗവൺമെണ്ടിൽ നിക്ഷേപിച്ചുകൊണ്ടുള്ള ഒരു വകുപ്പ് സോവിയറ്റ് ഭരണഘടനയിൽ കൊള്ളിച്ചു. ക്രൂരതെ, രാജ്യരക്ഷ. അന്തർദ്ദേശീയവ്യാപാരം, സാമ്പത്തിക സംവിധാനം, കച്ചവടം, വിദ്യാഭ്യാസം, സിവിലും ക്രിമിനലുമായ നിയമങ്ങൾ തുടങ്ങി ഗവൺമെണ്ടിന്റെ വിവിധ രംഗങ്ങളിലുമുള്ള പരമാധികാരം മോസ്ക്കോവിനായി.

1930-ലെ ശുദ്ധീകരണത്തിന്റെ ആഘാതം റഷ്യേതരദേശീയ നേതാക്കന്മാരിലാണ് മുഖ്യമായി പതിഞ്ഞതു്. ഈ ദേശീയ മർദ്ദനനയം റഷ്യൻ ഭരണഘടനാകമ്മീഷന്റെ നടപടിക്രമത്തിൽത്തന്നെ വ്യക്തമായി. ആ ഭരണഘടനാകമ്മീഷനിലെ ഇതരസംസ്ഥാന മെമ്പർമാരിൽ ഒരാളൊഴിച്ചു് മറെറല്ലാവരേയും ജനദ്രോഹികളാക്കി സംഹരിച്ചു. മൂന്നു പേർ ആത്മഹത്യചെയ്തു; മറ്റുള്ളവർ അപ്രത്യക്ഷരുമായി.


ഇങ്ങനെയുള്ള ഇതര ജാതീയ മർദ്ദനം ലോകമഹായുദ്ധത്തിനിടയ്ക്കു് അത്യുച്ചകോടിയിലെത്തി. ചെക് ജനതയെ ക്രൂരത്തോടെ രാജ്യദ്രോഹികളാക്കി ലോകത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്തു. പുരുഷന്മാരേയും സ്ത്രീകളെയും കുഞ്ഞുങ്ങളേയും റഷ്യൻ രഹസ്യപ്പോലീസ് വളഞ്ഞുപിടിച്ചു് വെടിവെച്ചുകൊല്ലുകയും നാടുകടത്തുകയും ചെയ്തു. വോൾഗാ ജർമ്മൻകാർ, കാസക്സ്, ക്രിമിയാക്കാർ തുടങ്ങി മറ്റു പലരുടേയും വിധി ഇതുതന്നെയായിരുന്നു.

സോവിയറ്റിൽ മതം


".....മതം മനുഷ്യന്റെ കറപ്പാണു്; അതു് ഒരുതരം ആദ്ധ്യാത്മികബ്രാണ്ടിയാണ്. മുതലാളിമാർ തങ്ങളുടെ ജീവിതസൗകര്യങ്ങൾക്കുവേണ്ടി അടിമകളായവരുടെ മാനുഷികമൂല്യങ്ങളും അവകാശങ്ങളും കെട്ടുത്തിക്കളയുന്നതിനു കൊടുക്കുന്ന ഒരുവക ആദ്ധ്യാത്മിക ലഹരിപദാർത്ഥമാണതു്". എന്നിങ്ങനെ 1905-ൽ ലെനിൻ ചെയ്ത പ്രഖ്യാപനത്തിനനുസരണമായിട്ടാണു് യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റുകാർക്കു് മതത്തോടുണ്ടായ സമീ

പനരീതി. അടുത്തുതന്നെ 1949-ൽ പ്രസിദ്ധീകരിച്ച യു. എസ്സ്. എസ്സ്. ആർ ലെ അദ്ധ്യാപക ഗസറ്റിൽ ഇപ്രകാരം വ്യവസ്ഥചെയ്തു: "യുവാക്കന്മാരുടെ പരിശീലനത്തിനു പാട്ടിനിർദ്ദേശം ലഭിച്ചിട്ടുള്ള സോവിയറ്റ് അദ്ധ്യാപകന്മാർ മതത്തിന്റെ പേരിൽ നിഷ്പക്ഷനിലപാട് അവലംബിക്കുവാൻ പാടില്ല. അങ്ങനെ അയാൾ അവിശ്വാസിയായിരുന്നാൽമാത്രം പോരാ, അന്യരുടെയിടയിൽ ദൈവാസ്തിക്യനിഷേധപ്രസ്ഥാനത്തിന്റെ ഒരു സജീവപ്രേഷിതനുംകൂടിയായിരിക്കണം. അങ്ങനെ ജനകീയ നിരീശ്വരത്വത്തിന്റെ ദീപവാഹിയായി അയാൾ പ്രശോഭിക്കണം."

കമ്മ്യൂണിസ്റ്റ്കളുടെ "തന്ത്രപരമായ പിൻമാറ്റ"നയത്തെത്തുടർന്ന്, യു. എസ്സ്. എസ്സ്. ആർ-ലെ മതത്തോടുള്ള സമീപനരീതിയിലും പലപ്പോഴും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. രക്തപങ്കിലമായ ശുദ്ധീകരണം തുടങ്ങി നിഷ്പക്ഷനിരീക്ഷണത്തിലേയ്ക്കും പിന്നീട് വീണ്ടും തുറന്ന മർദ്ദനനടപടികളിലേയ്ക്കും അങ്ങനെ ഒരേ ലക്ഷ്യപ്രാപ്തിക്കായി പല അവസരങ്ങളിലായി പലവിധത്തിലുള്ള നയതന്ത്രോപാധികളും പ്രയോഗിക്കുന്നു. വിപ്ലവാനന്തരമുണ്ടായ ചില കല്പനകൾ മുഖാന്തിരം ആദ്യമായി എല്ലാ ദേവാലയവസ്തുക്കളും, (കെട്ടിടങ്ങൾ ഒഴിച്ച്) കണ്ടുകെട്ടുകയുണ്ടായി. പുരോഹിതന്മാരെ, ബൂഷ്വാകളുടെ ഭൃത്യന്മാർ എന്ന മുദ്രകുത്തി അവരുടെ റേഷൻകാർഡുകൾപോലും പിടിച്ചെടുത്തു. ജീവിക്കാൻ മറ്റു ജോലികൾ അവർക്കു നിഷേധിച്ചു. അവരുടെ സ്വന്തക്കാരെ സ്കൂളുകളിൽ പ്രവേശിപ്പിക്കുന്നതിനേപ്പോലും തടഞ്ഞു. ഇതിനിടയ്ക്ക് അതിവിപുലമായ തോതിൽ നിരീശ്വരപ്രചാരണമാരംഭിച്ചു. 1929-മുതൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ ആരംഭംവരെ ഈ മർദ്ദനം നാട്ടിലെങ്ങും നടമാടി. അനേകായിരം പുരോഹിതന്മാരെ പുരോഹിതന്മാർ എന്ന ഏക കാരണത്താൽത്തന്നെ അടിമപ്പാളയത്തിലേയ്ക്ക് അയച്ചു ദേവാലയങ്ങ



ശ്രീബുദ്ധനെ ആക്ഷേപിക്കുന്ന ഒരു സിനിമയിൽനിന്ന്.



പള്ളികളിൽനിന്ന് വിശുദ്ധവസ്തുക്കൾ ചുമപ്പുപട്ടാളക്കാർ നീക്കം ചെയ്യുന്നു.

ളെല്ലാം ധാന്യസംഭരണശാലകളും, സ്റ്റാളുകളും, നാടകതിയേറ്ററുകളുമാക്കി മാറ്റി. 1937-ൽത്തന്നെ 1,100 ഓർത്തഡോക്സ് പള്ളികളും, 240 കത്തോലിക്കാദേവാലയങ്ങളും, 110 മഹമ്മദീയമോസ്ക്കുകളും, 61 പ്രോട്ടസ്റ്റണ്ടുപള്ളികളും അടച്ചുപൂട്ടി. മുസ്ലീങ്ങളെ, സോവിയറ്റ് റഷ്യയിൽ എല്ലായ്പ്പോഴും ഭാവിശത്രുക്കളായിട്ടാണ് പരിഗണിക്കുന്നതു്. തന്മൂലം മറ്റരാജ്യത്തുള്ള മുസ്ലീങ്ങളുമായി അവക്കുള്ള സർവ്വവിധ സംസ്കാരബന്ധങ്ങളും വിച്ഛേദിച്ചു.

രണ്ടാം ലോകമഹായുദ്ധത്തിനിടയ്ക്ക് യുദ്ധാവശ്യത്തിലേയ്ക്ക് ആഭ്യന്തരവും അന്തർദ്ദേശീയവുമായ പ്രചരണത്തിനുവേണ്ടി തന്ത്രപരമായ ഒരംഗീകരണം ഓർത്തഡോക്സ് സഭയ്ക്കു ലഭിക്കയുണ്ടായി. അതോടുകൂടി അതിന്റെ ഉൾക്കാമ്പു തീരെ നശിച്ചുപോയി. ഇന്നു് അതു ജീവിക്കുന്നതു വലിയൊരു വിലകൊടുത്തിട്ടാണു്. ക്രമേണ ഇന്നു അതു അന്തർദ്ദേശീയ കമ്മ്യൂണിസത്തിന്റെ ഒരു പ്രചാരണോപാധിയായി രൂപാന്തരപ്പെട്ടിരിക്കുകയുമാണു്. ഇതിനിടയ്ക്കു സോവ്യറ്റ് റഷ്യയിലേയും അതിന്റെ അധീനത്തിൽ അമർന്നിരിക്കുന്ന രാജ്യങ്ങളിലേയും വിദ്യാഭ്യാസരംഗങ്ങളിൽ നിരീശ്വരപ്രചാരണം ശക്തിയായി നടന്നുകൊണ്ടിരിക്കുന്നു.

പല നിരീക്ഷകരും കമ്മ്യൂണിസ്റ്റുകളുടെ ഊർജ്ജസ്വലമായ തീക്ഷ്ണതയവീര്യത്തെ പ്രശംസിക്കുന്നുണ്ടു്. എന്നാൽ, "മാർക്സിസം, ലെനിനിസം, സ്റ്റാലിനിസം" മുതലായവ കമ്മ്യൂണിസ്റ്റുകാരുടെ മതമാണു. ഇനിയും ശരിയ്ക്കു മനസ്സിലാകാത്ത ഒന്നു്, രാഷ്ട്രീയശക്തിയുപയോഗിച്ചു് മറ്റുമതങ്ങളെ നിർമ്മാർജ്ജനം ചെയ്തു് തൽസ്ഥാനത്തു് സ്വന്തമതം പ്രചരിപ്പിക്കുക എന്നതാണു് കമ്മ്യൂണിസ്റ്റുകളുടെ പ്രധാനലക്ഷ്യം എന്ന വസ്തുതയാണു്.

കലാകാരന്മാർക്കു് എതിരായ യുദ്ധം

വിപ്ലവം പൊട്ടിപ്പുറപ്പെട്ടതോടുകൂടി സോവിയറ്റ്റഷ്യയിലെ എല്ലാത്തരം കലകർക്കും ഒരു പുതിയ പരീക്ഷണഘട്ടം ആരംഭിച്ചു. പക്ഷേ, സ്റ്റാലിനു സർവ്വാധിപത്യം ലഭിച്ചുകഴിഞ്ഞപ്പോൾ അതവസാനിച്ചു. "സ്റ്റേറ്റ് റീയലിസം" എന്ന തത്വം 1932-ൽ സ്റ്റാലിൻ ഉൽഘാടനം ചെയ്തതോടെ എല്ലാത്തരം കലകളും ഗവമെണ്ടു പ്രചാരണവകുപ്പുകളായിമാറി. തന്മൂലം വാസനാവൈഭവമുള്ള കലാകാരന്മാർ റഷ്യയിൽ നിന്നു് അന്തർധ്യാനം ചെയ്തുതുടങ്ങി. രാഷ്ട്രീയനിരീക്ഷകരുടെ ദൃഷ്ടിയിൽ കലാകാരന്മാർ വഴിതെറ്റിനടക്കുന്നവരെന്ന തോന്നിയാൽ അവരെ രാജ്യദ്രോഹികളായി വിധിച്ചു ശിക്ഷിക്കുകയാണു പതിവു്. പ്രോക്കോഫീവു് തുടങ്ങിയ പ്രഗത്ഭമതികളായ അനേകം കലാകാരന്മാർ, അവരുടെ കൃതികളിൽ തെറ്റുവരുത്തിച്ചുവെന്നു സ്വയം കുറ്റം സമ്മതിക്കാൻ നിർബ്ബന്ധിതരായ സംഭവങ്ങൾ അനവധിയാണു്. ഒരു സംഭവം മാത്രം വിവരിക്കാം:


വിപ്ലവകാലത്തെ ഏറ്റവും പ്രശസ്തനായ നാടകകൃത്തായിരുന്നു മേയർ ഹോൾഡു്. അഖിലലോക പ്രശസ്തിയാർജ്ജിച്ച കലാകാരൻ എന്ന നിലയിൽ മേയർ ഹോൾഡിന്റെ സ്ഥാനം റഷ്യയിൽ അതുല്യമായിരുന്നു. പക്ഷേ, രാഷ്ട്രനയവും, മേയർ ഹോൾഡിന്റെ കലാസൃഷ്ടിയും തമ്മിൽ തീരെ പൊരുത്തമുണ്ടായിരുന്നില്ല. തന്മൂലം 1937-ൽ അദ്ദേഹത്തെ ഒരു വഴിപിഴച്ചവൻ എന്ന മുദ്രകുത്തി. എങ്കിലും അഖിലലോക കലാപ്രേമികളുടെ പ്രതിഷേധസ്വരം ഹേതുവായി മേയർ ഹോൾഡിനു മറ്റൊരവസരം കൂടി അനുവദിച്ചു. 1939-ലെ

ആദ്യത്തെ ദേശീയ നാടകഡയറക്ടറന്മാരുടെ സമ്മേളനത്തിൽ അദ്ദേഹത്തെ ഒരു പ്രസംഗത്തിനു ക്ഷണിച്ചു. അതിൽ അദ്ദേഹം തന്റെ പ്രസംഗം ഇങ്ങനെ ഉപസംഹരിച്ചു: "കലകളും ഈ സോഷ്യലിസ്റ്റ് റീയലിസവുമായി യാതൊരു ബന്ധവുമില്ല. നാടകം ഒരു കലയാണു്. നാടകത്തിന്റെ പേരിൽ നിങ്ങളിന്നു മോസ്കോയിൽവെച്ചു നടത്തുന്ന കഥയില്ലാത്ത, ജീവനില്ലാത്ത, മൂല്യങ്ങളില്ലാത്ത വികൃതസൃഷ്ടങ്ങളെനോക്കുക; അവയെല്ലാം ശൂന്യങ്ങളാണു്. ഒരുകാലത്തു് കലാസൗന്ദര്യത്തിന്റെ മാധുരിയിലാറാടിയിരുന്ന ആ നാടകവേദികളെ ഇന്നു് നിർജ്ജീവങ്ങളായ കലാകോലങ്ങളെക്കൊണ്ടു് വികൃതമാക്കപ്പെട്ടിരിക്കയാണു്. ഇതാണു് നിങ്ങളുടെ നയമെങ്കിൽ ഒരു ഭയങ്കര പാതകമാണു നിങ്ങൾചെയ്യുന്നതു്. പിഞ്ചുകുഞ്ഞുങ്ങളെ ഒട്ടകസ്കന്ധമലീമസമായ ഓടയിലിട്ടു് ഒഴുക്കുകയാണു നിങ്ങൾ. ഈദൃശ പ്രവൃത്തികൾ മൂലം കലയെ നിങ്ങൾ തേജോവധം ചെയ്തിരിക്കുന്നു."


പിറേറദിവസം മേയർഹോൾഡ് അറസ്റ്റുചെയ്യപ്പെട്ടു. പിന്നീടൊന്നും അദ്ദേഹത്തെപ്പറ്റി കേട്ടിട്ടില്ല. അടുത്തദിവസം അദ്ദേഹത്തിന്റെ പത്നിയും സ്വവസതിയിൽ വധിക്കപ്പെട്ടുകിടക്കുന്നതായിക്കണ്ടു. എൻ. കെ. വി. ഡി. ഉടൻതന്നെ ആ വീടു് പൂട്ടിമുദ്രവെച്ചു; അവിടത്തെ സർവ്വസാധനങ്ങളും കണ്ടുകെട്ടി. അധികം താമസിയാതെ ദേശീയസംഘടനകളുടെ റിപ്പോർട്ടുകളുടങ്ങിയ പുസ്തകം പുറത്തുവന്നു. എന്നാൽ മേയർഹോൾഡിനെപ്പറ്റി അതിലൊരു വാക്കുപോലും കണ്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗമോ, അതും കണ്ടില്ല. അങ്ങനെ മേയർഹോൾഡു തുടങ്ങി പാസ്റ്റർനാക്കുവരെയുള്ള കഴിവുറ്റ സ്വതന്ത്രകലാകാരന്മാർക്കു് സോവിയറ്റുറഷ്യയിൽ സ്ഥാനമില്ലാതായി.

തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം

മാർക്സു് തന്റെ പ്രഥമവീക്ഷണത്തിൽത്തന്നെ തൊഴിലാളികളുടെ സർവ്വാധിപത്യം ഒരു താല്ക്കാലിക മുഖവുരമാത്രമാണെന്നും കാലക്രമേണ അതു് അസ്തമിച്ചുപോകുമെന്നും പ്രവചിച്ചിരുന്നു. പക്ഷേ, ബോൾഷെവിക്കുകാർ അധികാരത്തിൽ വന്നതോടുകൂടി ഈ സർവ്വാധിപത്യം അസ്തമിക്കുന്നതിനുപകരം, പാർട്ടിയുടെ സർവ്വാധിപത്യത്തിനും, അതിനുപരി ഒരേകമനുഷ്യന്റെ സർവ്വാധിപത്യത്തിനും ഹേതുഭൂതമായി വളരുകയാണെന്നു വ്യക്തമായി. ഏറ്റവും വിചിത്രവും വൈരുദ്ധ്യാത്മകവുമായ ഒരു വ്യാഖ്യാനമാണു്, 1930-ൽ ജോസഫ് സ്റ്റാലിൻ മാക്സിന്റെ ഈ പ്രവചനത്തിനു കൊടുത്തതു്: "നമുക്കെല്ലാവരും ഈ ഗവമ്മെണ്ടു വരണ്ടുണങ്ങിപ്പോകണമെന്നാഗ്രഹിക്കുന്നവരാണു്. പക്ഷേ, അതേസമയം തന്നെ തൊഴിലാളി സർവ്വാധിപത്യം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നുള്ള ബോദ്ധ്യത്തോടുകൂടി പ്രവർത്തിക്കയും ചെയ്യും. കാരണം, അറിയപ്പെട്ടിട്ടുള്ളതിൽ ഏറ്റവും ശക്തിയേറിയ ഭരണയന്ത്രം അതുമാത്രമാണു്. ഗവമ്മെണ്ടു വരണ്ടുപോകുന്നതിനു വേണ്ട സാഹചര്യം സൃഷ്ടിക്കാൻ സമുന്നതവും ശക്തിയേറിയതുമായ ഒരു ഭരണക്രമം ആവശ്യമാണു്. ഇവ തമ്മിൽ വൈരുദ്ധ്യമുണ്ടോ? ഉണ്ടു്. പക്ഷേ, ജീവിതംതന്നെ വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണു്. അതാണു് മാർക്സിസവും." അധികാരം മുഴുവനും കേന്ദ്രീകരിക്കപ്പെട്ടകഴിഞ്ഞപ്പോൾ, സോവ്യറ്റു നേതാക്കന്മാർ ചെയ്യുന്നതെല്ലാം സർവ്വജനങ്ങളുടേയും ഇംഗിതമനുസരിച്ചാണെന്നൊരു മിഥ്യാബോധവും ജനതാമദ്ധ്യത്തിൽ സൃഷ്ടിച്ചു. 1916-ൽ നടപ്പാക്കിയ ഭരണഘടനയിൽ ജനങ്ങൾക്കു് നൽ




സോവിയറ്റ് തൊഴിലാളികളും ജോസഫ് സ്റ്റാലിനെ അവരുടെ "ഒന്നാം" സ്ഥാനാർത്ഥിയായി ഐകകണ്ഠ്യേന തെരഞ്ഞെടുക്കുന്നു.



പ്രവദ (13-3-1950)യുടെ ഒന്നാംപുറം. പാർട്ടി ലിസ്റ്റിനു് സ്റ്റാലിൻ വോട്ടുചെയ്യുന്ന ലിസ്റ്റിന്റെ തലപ്പത്തു് സ്വന്തം പേരുതന്നെയാണു്.

കിയ മൗലികാവകാശങ്ങളുടെ ഒരു ഗീണ്ടലിസ്റ്റ് ഉൾക്കൊള്ളിച്ചിട്ടുണ്ടു്. പക്ഷേ, വിവേചനാവൈഭവമുള്ള ആർക്കും ഈ അവകാശങ്ങളെല്ലാം നിരർത്ഥകങ്ങളാണെന്നു് ഒറ്റനോട്ടത്തിൽ മനസ്സിലാകും. കാരണം, അടുത്ത ഖണ്ഡിക പറയുന്നതു്, ഈ അവകാശങ്ങളെല്ലാം അനുഭവിക്കുന്ന തൊഴിലാളികളുടെ താല്പര്യങ്ങൾക്കു വിധേയമാക്കി ഒരു സോഷ്യലിസ്റ്റ് ഭരണക്രമം നടപ്പാക്കുവാൻവേണ്ടി മാത്രം അനുഭവിക്കാമെന്നാണു്; എത്രയോ വിചിത്രം!! "തൊഴിലാളിതാല്പര്യങ്ങൾക്കനുകൂലമല്ലാത്തവരും സോഷ്യലിസ്റ്റ്ക്രമങ്ങൾക്കു് കൊള്ളാത്തവരുമായ ഒരുത്തർക്കും ഈ അവകാശങ്ങൾ ഇല്ലതന്നെ.

ഏറ്റവും വലിയ ഒരു മിഥ്യയാണു് സോവിയറ്റ ഭരണഘടനയിൽ ഉൾപ്പെട്ടതായിട്ടുള്ള "സ്വതന്ത്രതെരഞ്ഞെടുപ്പി"നേപ്പറ്റി ബന്ധിച്ച ഉറപ്പു്. പ്രയോഗത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി തന്നെ എല്ലാ സ്ഥാനങ്ങളിലേയ്ക്കും സ്ഥാനാർത്ഥികളെ നിർത്തുന്നു. മറ്റൊരു സ്ഥാനാർത്ഥിക്കും മത്സരിക്കുവാൻ അവകാശമില്ല. ഇങ്ങനെ എതിരില്ലാത്ത സ്ഥാനാർത്ഥികൾക്കു വേണം വോട്ടുചെയ്യുവാൻ. ഈ സ്ഥാനാർത്ഥികളിൽ ആരുടെയെങ്കിലും പേരു് വോട്ടർമാർക്കു് യത്നിച്ചുംവെട്ടിക്കളയാം; എങ്കിലും ആ സ്ഥാനാർത്ഥി ജയിക്കും. പക്ഷേ അയാൾക്കു്, 100 ശതമാനം വോട്ടു കിട്ടുകയില്ലെന്നു മാത്രം. ഇവിടെയും ഒരു കൃത്രിമമുണ്ടു്. പേരു വെട്ടണമെന്നുള്ളവർ പോളിംഗ്ബൂത്തിൽ പ്രവേശിച്ചുകൊള്ളണം. അല്ലാത്തവർക്കു വേണ്ടതാനും.




"ജനകീയ കോടതി" ഒരു സ്ത്രീയെ വിചാരണ ചെയ്യുന്നു.

അങ്ങനെ പേരുവെട്ടുന്ന വോട്ടറന്മാർ ആരൊക്കെയെന്നു് ഉദ്യോഗസ്ഥന്മാർ കണ്ടുപിടിക്കുകയും അവരെയൊക്കെ ജനദ്രോഹികളെന്നു മുദ്രകുത്തുകയും ചെയ്യാം. പിന്നീടുള്ള ഭവിഷ്യത്തുകൾ ഊഹിച്ചാൽ മതിയാവും സ്റ്റാലിൻപ്രഭൃതികൾക്കു് എതിരുപ്പുകൂടാതെ എപ്പോഴും നൂറുശതമാനം വോട്ടു് കിട്ടുന്നതിന്റെ സുപ്രധാനരഹസ്യം ഇതുതന്നെയാണു്. നൂറുശതമാനം വോട്ടാണു് സ്റ്റാലിനു് എപ്പോഴും കിട്ടാറുണ്ടു്. ഒരിക്കൽ, അതായതു് 1947-ൽ 132 ശതമാനം വോട്ടും കിട്ടുകയുണ്ടായി. ഈ രഹസ്യം പ്രാവദ ഇങ്ങനെ വ്യാഖ്യാനിച്ചു: "ജനങ്ങൾ തങ്ങളുടെ നേതാവിനോടുള്ള ആദരവുകാണിക്കുന്നതിനുവേണ്ടി അന്യസ്ഥലങ്ങളിൽനിന്നുപോലും വന്നു് സ്റ്റാലിന്റെ സമ്മതിദായകമണ്ഡലത്തിൽ വോട്ടുചെയ്യുകയാണുണ്ടായതു്."

ഇങ്ങനെയുള്ള വിചിത്ര പ്രഹസനങ്ങൾ ഇത്ര ക്ലേശിച്ചു നടത്തുന്നതെന്തിനു? ഒന്നാമതു് റഷ്യയിലെ ഏകാധിപത്യം ജനങ്ങളുടെ അഭീഷ്ടമനുസരിച്ചുള്ളതാണെന്ന മിഥ്യാബോധം വിവേചനയില്ലാത്തവരിൽ ഉളവാക്കാൻ; രണ്ടാമതു്, അവിടത്തെ സേച്ഛാധിപത്യം ഒരുതരം ഡമോക്രസിയാണെന്ന ധാരണവരുത്തി ജനങ്ങളെ കബളിക്കുവാനുമാണു്.

സാർവ്വത്രികമായ ശുദ്ധീകരണം

1935-ൽ ഏറ്റവും ചെറിയ തോതിൽ പാർട്ടിയണികളിൽ ആരംഭിച്ച ഈ ശുദ്ധീകരണം വർദ്ധിച്ച് വർദ്ധിച്ച് 1939 ആയപ്പോഴേയ്ക്കും അതിഭയങ്കരമായ ഒരു രാക്ഷസീയപ്രസ്ഥാനമായി വളർന്നു. യീസോവ് രഹസ്യപ്പോലീസ് മേധാവിയായിരുന്ന ഈ കാലഘട്ടത്തിൽ ലക്ഷോപലക്ഷം ജനങ്ങളെ അറസ്റ്റ് ചെയ്യുകയും അസംഖ്യം നേതാക്കളെ വധിക്കുകയും ചെയ്ത "തൊഴിലാളിശത്രുക്കൾ, എന്നു മുദ്രകുത്തിയ പഴയ ജനനേതാക്കളിൽ നിന്നും അവിശ്വസനീയമായ കുറ്റസമ്മതം വാങ്ങി" ഭരണക്രൂടത്തിന്റെ സകല പരാജയങ്ങളേയും സ്റ്റാലിൻ അവരുടെമേൽ ചുമത്തി. ഈ ശുദ്ധീകരണപ്രസ്ഥാനം വഴി സ്റ്റാലിൻ തനിയ്ക്കു നേരിടേണ്ട എല്ലാ എതിരാളികളേയും ഭാവിയിൽ നേരിടേണ്ടിവരുമെന്നു ശങ്കിച്ചവരെപ്പോലും



വിഷിൻസ്കി (നടുവിൽ വലത്തു) യാണ് "ശുദ്ധീകരണ വിചാരണകൾ" നടത്തിയതു്.



സിനോവീവ്
1936-ൽ വെടിവെച്ചുകൊന്നു



കാമനീവ്
1936-ൽ വെടിവെച്ചുകൊന്നു



ട്രോട്സ്കി
1940-ൽ കൊല്ലപ്പെട്ടു



ടോംസ്കി
1936-ൽ ആത്മഹത്യചെയ്തു



റീക്കോവ്
1938-ൽ വെടിവെച്ചുകൊന്നു



ബുക്കറിൻ
1938-ൽ വെടിവെച്ചുകൊന്നു

സംഹരിച്ചു; പകച്ചും ഭയപ്പെട്ടും നിന്നിരുന്നവരെയെല്ലാം പേടിപ്പിച്ചു് സ്വന്തം ആജ്ഞാനുവർത്തികളാക്കി; പകച്ചവന്നവരും, കമ്മ്യൂണിസത്തിന്റെ തനിനിറം കണ്ടു് മനം മടുത്തവരുമായ പഴമക്കാരെയെല്ലാം നിർമ്മാർജ്ജനം ചെയ്തു; അപകടമതികളും കുറ്റവിവരമില്ലാത്തവരും തീക്ഷ്ണവാദികളുമായ യുവാക്കളെക്കൊണ്ടു് പാർട്ടിനിര ബലവത്താക്കി. ഈ ശുദ്ധീകരണപ്രസ്ഥാനത്തിന്റെ ആഘാതം സോവിയറ്റ് സമുദായത്തിലെ എല്ലാ നിലവാരങ്ങളിലും എത്തിയിട്ടുണ്ടു്.

1917-ൽ ലനിനോടു ചേർന്നിന്നു ഭരണക്രൂടം പിടിച്ചെടുത്ത കേന്ദ്രകമ്മ്യൂണിസ്റ്റ് കമ്മറ്റിയിലെ 21 പേരിൽ 11 പേരും 1940 ആയപ്പോഴേയ്ക്കു് ശുദ്ധീകരണത്തിന്റെ പേരിൽ വധിക്കപ്പെട്ടു. ഈ പതിനൊന്നുപേരും ലനിന്റെ ഉരുക്കുമനുഷ്യരും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നെടുന്തൂണുകളുമായിരുന്നു. ഇവരെക്കൊണ്ടു



റാക്കോവിസ്കി ജയിലിൽവെച്ചു മരിച്ചു



റൈസ്കോവ് നീക്കോവ് 1939-ൽ വിഷം കൊടുത്തു കൊന്നു.



കാരഖാൻ 1937-ൽ വെടിവെച്ചു കൊന്നു.



ക്രിലെങ്കോ അപ്രത്യക്ഷനായി



യാഗോഡാ 1938-ൽ വെടിവെച്ചുകൊന്നു.




യീസോവ് അപ്രത്യക്ഷനായി



ഓർലോവ് 1936-ൽ വെടിവെച്ചുകൊന്നു



ആൽക്സിനിസ് അപ്രത്യക്ഷനായി



ട്സ്കാച്ചേവിസ്കി 1937-ൽ വെടിവെച്ചുകൊന്നു



ബ്ലൂക്കെർ അപ്രത്യക്ഷനായി.



എസ്സ്. എസ്സ്. കമെനീവ് 1937-ൽ വെടിവെച്ചുകൊന്നു



യെഗോറോവ് 1937-ൽ വെടിവെച്ചുകൊന്നു

പോലും വിശ്വസനീയമല്ലാത്ത കുറസമ്മതം ചെയ്യിക്കുന്നതിനു രഹസ്യപ്പോലീസിന്റെ മർദ്ദനമുറകൾക്കു സാധിച്ചു. സിനോവീവും കാമനീവും ലനിന്റെ മരണാനന്തരം സ്റ്റാലിനോട് ചേർന്ന് ത്രിമൂർത്തിഭരണം നടത്തിയവരാണു്; എങ്കിലും അവരും വധിക്കപ്പെടുകയാണുണ്ടായതു്. ട്രോട്സ്കിയുടെ ചെമ്പടയാണല്ലോ കമ്മ്യൂണിസ്റ്റ് കാക്കു് ഭരണാധികാരം പിടിച്ചുകൊടുത്തതു്; എന്നാൽ 1928-ൽ അദ്ദേഹം നാടുകടത്തപ്പെട്ടു. അതുകൊണ്ടും സ്റ്റാലിന്റെ ക്രൂരഹസ്തത്തിനു മതിവന്നില്ല; അതു മെക്സിക്കോവരെ നീണ്ടു; 1940-ൽ ഒരു കൊലയാളിയെ അയച്ചു് ട്രോട്സ്കിയെ അവിടെവച്ചു് വധിപ്പിച്ചു. സ്റ്റാലിനു് ട്രോട്സ്കിക്കെതിരായി അധികാരം പിടിച്ചെടുക്കുവാൻ കാരണക്കാരും അനുകൂലികളുമായിരുന്നവർ, അന്നത്തെ പ്രധാനമന്ത്രിയായിരുന്ന റീക്കോവും തൊഴിലാളിനേതാവായ ടോംസ്കിയുമായിരുന്നു. എന്നാൽ അധികാരം കിട്ടിക്കഴിഞ്ഞപ്പോൾ, സ്റ്റാലിൻ, ട്രോട്സ്കി ആവിഷ്കരിച്ച കൂട്ടുകൃഷി സമ്പ്രദായം നടപ്പിൽ വരുത്തുകയും തന്റെ മുൻ കൂട്ടുകാരായ റീക്കോവിനേയും ടോംസ്കിയേയും രാജ്യദ്രോഹികളെന്നു മുദ്രകുത്തുകയും ചെയ്തു. രഹസ്യപ്പോലീസിന്റെ കയ്യിൽനിന്നു രക്ഷപെടുവാൻ ടോംസ്കി ആത്മഹത്യചെയ്തു; റീക്കോവ് ജയിലിൽക്കിടന്നും മരിച്ചു. അനന്തരം ലനിന്റെ വലംകയ്യും പാർട്ടിയുടെ പ്രിയപ്പെട്ട സ്വപ്നവും, സോവിയറ്റ് ഭരണഘടനയുടെ പിതാവുമായ ബുക്കറിനെ ഒരു ജനദ്രോഹിയെന്ന കുറ്റം സ്ഥാപിച്ചു് വെടിവെച്ചുകൊന്നു.

കമ്മ്യൂണിസത്തിന്റെ കീഴിലുള്ള നയതന്ത്രജോലി വളരെ അപകടംപിടിച്ചതാണു്. അന്യരാജ്യങ്ങളിലെ ജനങ്ങളുമായുള്ള സമ്പർക്കത്തെപ്പോലെ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു് ഭയപ്പെടുന്ന മറ്റൊന്നില്ല. എന്നാൽ അന്യരാജ്യങ്ങളിലെ നയതന്ത്രാലയങ്ങളിൽ ജോലിചെയ്യുന്നവർക്കു്

വിദേശിയരുമായി സമ്പർക്കം പുലർത്താതെ തരമില്ലല്ലൊ. ഇവരെയെല്ലാം ഒരുവിധത്തിൽ ഒറുകാരായിട്ടാണു് ഗവമ്മെണ്ടു് കരുതുന്നതു്. 1937-ൽ 16 നയതന്ത്രപ്രതിനിധികളെയും മന്ത്രിമാരെയും സോവിയറു് റഷ്യ സപരാജ്യത്തിന്റെ ഒറുകാരെന്ന നിലയിൽ കൊലയ്ക്കു് വിധിച്ചിട്ടുണ്ടു്. സോവിയറു യൂക്കറിനിലെ റഷ്യൻ മേധാവിയും പാരീസിലെ റഷ്യൻ പ്രതിനിധിയുമായിരുന്ന റാക്കോവിസ്കി കാരാഗൃഹത്തിൽക്കിടന്നു് മർദ്ദനമേറു മരിച്ചു. നയതന്ത്രപ്രതിനിധി റോസ്കോവീവു് 1938-ൽ സോഫിയായിൽനിന്നും തിരിച്ചുവിളിക്കപ്പെട്ടു, അദ്ദേഹം ആത്മരക്ഷാർത്ഥം പാരീസിലേയ്ക്കു് പലായനംചെയ്തു; പക്ഷെ ഫലമുണ്ടായില്ല. അവിടെവച്ചു് കെ. എൻ. വി. ഡി. അദ്ദേഹത്തെ വിഷംകൊടുത്തു കൊന്നു. കാരഖാൻ, ടർക്കിയിലെ റഷ്യൻപ്രതിനിധിയായിരുന്നു. അദ്ദേഹത്തെ തിരിച്ചുവിളിപ്പിച്ചശേഷം ഒരു ഒറു ഗ്രുഡാലോചനാസംഘത്തിലെ അംഗമെന്ന കുറസമ്മതത്തിനുവേണ്ടി കഠിനമായി മർദ്ദിച്ചു. അദ്ദേഹം കുറസമ്മതത്തിനു വഴിപ്പെടായ്കയാൽ അവസാനം കാരാഗൃഹത്തിൽ വച്ചു് തോക്കിനു ഇരയായി.

വിധിവൈഭവമാണു്, ഈ കൊലയാളികൾതന്നെ അവരുടെ ക്രൂരതകൾക്കു ഇരയായിത്തീരുക. നീചമായ വിസ്താരങ്ങൾക്കും കുറ്റം സമ്മതിപ്പിക്കലിനും പ്രോസിക്യൂട്ടറായിരുന്ന ക്രീലൻകൊ, അനന്തരകാലത്തു് രാജ്യദ്രോഹക്കുറത്തിനു ശിക്ഷിക്കപ്പെട്ടു; 1938-ൽ അപ്രത്യക്ഷനമായി. മഹാവീരനായിരുന്ന രഹസ്യപ്പോലീസ് മേധാവിയാഗോഡാ അനേകായിരം നിർദ്ദോഷികളെ വധിച്ചശേഷം സ്വന്തം പോലീസിനാൽത്തന്നെ അറസ്റ്റ് ചെയ്യപ്പെടുകയും, വിസ്തരിക്കപ്പെടുകയും അവരാൽത്തന്നെ അടിമപ്പാളയത്തിലേയ്ക്കു് അയയ്ക്കപ്പെടുകയും ചെയ്തു. അവിടെച്ചെന്നു് അധികം താമസിയാതെ അദ്ദേഹം മൃതിയടയുകയാണുണ്ടായതു്. വിധിവൈപരീത്യമെന്നേ പറയേണ്ടു, യാഗോഡായുടെ വിസ്താരത്തിനു സൂത്രധാരനായിരുന്നതു് അടുത്ത പോലീസ് മേധാവി "യീസോവു്" ആയിരുന്നു. പൊടുന്നനവെ അയാളെ തരംതാഴ്ത്തുകയും അറസ്റ്റ് ചെയ്യുകയും ചെയ്തു. പിന്നീടു് അയാളെ കണ്ടിട്ടേയില്ല.

ഇങ്ങനെയുള്ള ശുദ്ധീകരണംമൂലം, ഹിറ്റ്ലർ റഷ്യയെ ആക്രമിച്ച വേളയിൽ യു. എസ്സ്. എസ്സ്. ആർ-ന്റെ സൈനികശക്തി അത്യന്തം ശോചനീയമായിരുന്നു. സൈന്യത്തിലെ പരിചയസമ്പന്നരായിരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ പലരും ഇതിനകം കൊല്ലപ്പെടുകയും അനവധിയാളുകൾ തടങ്കൽപ്പാളയങ്ങളിലാകയും ചെയ്തിരുന്നു. അഞ്ചു മാർഷൽമാരിൽ മൂന്നുപേരും, പതിനൊന്നു കമ്മിസാറിമാരും, എഴുപത്തിയഞ്ചു പ്രധാന ജനറൽമാരും, എൺപതുശതമാനം മറു കമാൻഡർമാരും, എൺപതുശതമാനം കേണൽമാരും, 50,000 മറു സൈനികോദ്യോഗസ്ഥന്മാരും ഇതിനകം വധിക്കപ്പെട്ടുകഴിഞ്ഞിരുന്നു. മാർഷൽ ടുക്കാച്ചേവിസ്കിയാണു് ചുവപ്പുസൈന്യത്തെ യന്ത്രോപയുക്തമാക്കിത്തീർത്തതു്. അതിനു പ്രതിഫലമെന്നോണം സ്റ്റാലിൻ അദ്ദേഹത്തെ ഒരു സൈനികകോടതിമുമ്പാകെ വിസ്തരിപ്പിച്ചു് കൊലയ്ക്കുവിധിച്ചു. അദ്ദേഹത്തിന്റെ വിസ്താരവേളയിൽ ജഡ്ജിമാരായിരുന്ന എട്ടു ജനറൽമാരെ അതിനുശേഷം വെടിവെച്ചും കൊന്നു.

സാവ്രതികമായ ഈ ശുദ്ധീകരണ ബഹളംമൂലം രാജ്യത്തെ ഔദ്യോഗിക സ്ഥിതി വിവരങ്ങളും നല്കുന്ന ഗ്രന്ഥങ്ങൾക്കുക്രടി പൊരുതിമുട്ടി. ഏതെങ്കിലും ഒരു പുസ്തകത്തിലെ സ്ഥിതിവിവരക്കണക്കുകളിൽ പേരുകൊടുക്കുന്ന ഉദ്യോസ്ഥന്മാർ, പുസ്തകം അടിച്ചു പുറത്താകുന്നതിനു മുമ്പേ 'ജനദ്രോഹിക'ളായാൽപ്പിന്നെ ആ പുസ്തകംകൊണ്ടു് എന്തു പ്രയോജനം ഈ സ്ഥിതിയിൽ പാഠ്യപുസ്തകങ്ങളും, ബാങ്കുനോട്ടുകളും മുതലായവ ഉടനടൻ പിൻവലിക്കേണ്ടിവന്നു. നോട്ടുകളിൽ ഒപ്പുവെച്ചിട്ടുള്ള ബാങ്കുമേലുദ്യോഗസ്ഥന്മാരും മറ്റും അത്യ ദ്രുതഗതിയിലാണു് ജനദ്രോഹികളായി മുദ്രയടിക്കപ്പെട്ടു് അപ്രത്യക്ഷരായിക്കൊണ്ടിരുന്നതു്. വളരെ നാളത്തേയ്ക്കു് പള്ളിക്കൂടങ്ങളിൽ അച്ചടിച്ച പാഠ്യപുസ്തകങ്ങളും തീരെ ഇല്ലാതായി. കാരണം, അവയിൽ വിവരിക്കുന്ന ജനപ്രധാനികളും മറ്റും അടുത്തടുത്ത നിമിഷങ്ങളിൽ ജനദ്രോഹികളായി ഇഹലോകത്തിൽനിന്നു് അപ്രത്യക്ഷരായിക്കൊണ്ടിരുന്നു.

ഇക്കാലമത്രയും ഒരേ ഒരു വ്യക്തിമാത്രം, സോവിയറ റഷ്യയിൽ, ദൈവതുല്യമായ ആരാധന അവകാശപ്പെട്ടിരുന്നു. അതു് സ്റ്റാലിൻ മാത്രമായിരുന്നു. എവിടെയും സ്റ്റാലിൻ മാത്രം; ശാസ്ത്രത്തിലും, ചരിത്രത്തിലും, രാഷ്ട്രത്തിലും എല്ലാം അദ്ദേഹംതന്നെ ഏക ആരാധ്യപുരുഷൻ. ഏതു ഗവമ്മെണ്ടാഫീസുകളിലും, ഗൃഹങ്ങളിലും, പബ്ലിക്കു് സ്ഥാപനങ്ങളിലും, തെരുവീഥികളിലും സ്റ്റാലിന്റെ ചിത്രം പ്രധാന സ്ഥാനത്തുണ്ടായിരിക്കും.

അക്കാലത്തു്, അതായതു്, വിപ്ലവത്തിനു മുമ്പും അതിനടുത്തും കമ്മ്യൂണിസ്റ്റുകൾക്കു സ്വതന്ത്രത കയ്പു നിറഞ്ഞ "ഡമോക്രസി" എന്ന പദം സർവ്വത്ര പ്രചാരത്തിലായി. അതിനെത്തുടർന്നു് സോവിയറിലെ ഈ ഭീകര ഭരണത്തിനും സ്റ്റാലിന്റെ ഏകാധിപത്യത്തിനും അതിന്റെ മേധാവികൾ "ജനാധിപത്യ ഡമോക്രസി" എന്നൊരു നാമകരണച്ചടങ്ങു് അങ്ങു നടത്തിക്കളഞ്ഞു. തന്ത്രപരമായ ഈ പ്രഹസനത്തിനു കാരണം, സോവിയറ റഷ്യയിലെ ജനത അത്യധികം ആകാംക്ഷയോടെ കാത്തിരുന്ന ഒന്നാണു് അവിടെ നടപ്പാക്കിയിരിക്കുന്ന ഗവമ്മെണ്ടെന്നു് ഒരു മിഥ്യാബോധം ഇതര രാജ്യങ്ങളിലുളവാക്കി അവരെ കബളിപ്പിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു.


ലോകമഹായുദ്ധവും ശുദ്ധീകരണവും

ഈ ശുദ്ധീകരണപ്രസ്ഥാനത്തിന്റെ ആത്യന്തികഫലം ലോകമഹായുദ്ധത്തിന്റെ ആരംഭത്തിൽ പ്രത്യക്ഷമായി. അന്നു സ്റ്റാലിന്റെനേരെ തുറിച്ചുനിന്ന ശ്രദ്ധേയമായ പ്രശ്നം "ചുമപ്പുസേന"യായിരുന്നു. പരിചയസമ്പന്നരും സമർത്ഥരുമായ അസംഖ്യം ഉദ്യോഗസ്ഥന്മാർ വധിക്കപ്പെട്ടകയും തടങ്കൽപ്പാളയത്തിലാകയും ചെയ്തതുനിമിത്തം "ചുമപ്പുസേന" ശക്തിഹീനമായി. തന്മൂലം സ്റ്റാലിൻ ഒരുനിമിഷംകൊണ്ടു് തകിടംമറിഞ്ഞു. അതുവരെ തുടർന്നിരുന്ന നയം പെട്ടെന്നു മാറി, തന്റെ ആത്മശത്രുവായ ഹിറ്റ്ലറുമായി ഉടനെ സന്ധിയാലോചന നടത്തി ഒരു ഉടമ്പടിയിലെത്തിച്ചേർന്നു.

കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ ശരിയായ പരീക്ഷണം നടന്നതു് 1941 ജൂൺമാസത്തിലായിരുന്നു അന്നു് ഹിറ്റ്ലർ റഷ്യയെ ആക്രമിച്ച അവസരത്തിൽ റഷ്യൻജനത മുഴുവൻ, പ്രത്യേകിച്ചു്, കർഷകർ ജർമ്മൻസേനയെ സ്വാഗതംചെയ്തയാണു് ചെയ്തതു്. സ്റ്റാലിനിസത്തിനെതിരായ വിപ്ലവപ്രചാരണങ്ങൾക്കു വിരുദ്ധമായി തൊഴിലാളികളും ഇതര ബുദ്ധി


ജീവികളും ജർമ്മൻകാരെ രക്ഷകരായി സ്വീകരിച്ചു. തന്നിമിത്തം മുമ്പുസേന പല സ്ഥല ത്തും വച്ചു് നിരുപാധികം കീഴടങ്ങി.

എന്നാൽ ഹിറ്റ്ലറിന്റെ ഗഹ്ണീയമായ വിഡ്ഢിത്തംനിമിത്തം, സ്റ്റാലിന്റെ ക്രൂര ഭരണത്തിൽനിന്നും രക്ഷനേടാമെന്നാശിച്ചു് ജർമ്മനിയോടു ചേർന്ന ഈ റഷ്യക്കാരെയെല്ലാം



9-10-52-ലെ 'നെപ്ലാവാ' പത്രത്തിലെ ചിത്രത്തിൽ വലത്തുവശത്തു് ബറിയാ ബുംഗാനിനുമായി സംസാരിക്കുന്നതു കാണാം.


അതേ ചിത്രംതന്നെ 30-7-53-ലെ 'എസ്തീബുഡാപ്പെസ്റ്റു്" എന്ന പത്രത്തിൽ വന്നപ്പോൾ ബറിയായു മില്ല, അയാളുടെ കടലാസുകളുമില്ല



അതിനിഷ്ഠുരവും നിന്ദ്യവുമായവിധം മർദ്ദിക്കയാണുണ്ടായതു്. ഈ മർദ്ദനമാണു് ഒടുവിൽ റഷ്യക്കാരെ ജർമ്മൻകാക്കെതിരായി തിരിച്ചതു്. അതിനുശേഷം അമേരിക്കയുടെ നിർല്ലോഭമായ സഹായവും റഷ്യയ്ക്കു ലഭിച്ചു.

ഇക്കാലഘട്ടത്തിൽ സ്റ്റാലിൻ കമ്മ്യൂണിസത്തിന്റെ ചട്ടി അല്പം താഴ്ത്തിപ്പിടിച്ചു. യുദ്ധകാലമൊക്കെയും റഷ്യയിൽ കമ്മ്യൂണിസത്തിന്റെയോ, കൂട്ടുകൃഷിയുടേയോ പേരുപോലും കേട്ടിട്ടില്ല; മറിച്ചു്, റഷ്യയുടെ ഭൂതകാലമഹിമയും ചക്രവർത്തികാലത്തെ ധീരകൃത്യങ്ങളും റഷ്യൻ സ്വരാജ്യസ്നേഹവും മാത്രമായിരുന്നു പ്രചാരണവിഷയങ്ങൾ. അന്നത്തെ ആത്യന്തികമായ നിയന്ത്രണങ്ങളെല്ലാം യുദ്ധാവശ്യത്തിന്റെ പേരിലല്ലാതെ, പാർട്ടിയുടേയോ, സോഷ്യലിസത്തിന്റെയോ പേരിലായിരുന്നില്ല.

യുദ്ധം അവസാനിച്ചതോടെ സ്റ്റാലിൻ അമേരിക്കയുടെ സഹായത്താൽ കൂടുതൽ ശക്തനായിട്ടാണു പ്രത്യക്ഷപ്പെട്ടതു്. വീണ്ടും പഴയ ശുദ്ധീകരണപ്രസ്ഥാനം അദ്ദേഹം ആരംഭിച്ചു.



സർവ്വാധിപതി സ്റ്റാലിൻ മരിച്ചുകിടക്കുമ്പോഴേക്കുതന്നെ ക്രെംലിനിൽ അധികാരവടംവലി നടന്നുകൊണ്ടിരിക്കയാണു്.


പുതിയ സർവ്വാധിപതി ക്രൂഷ്ചേവു്

പെട്ടെന്നു് ഒരു ദിവസം സ്റ്റാലിൻ അന്തരിച്ചു. അന്നു് റഷ്യൻലോകം ശ്വാസംവിട്ടൊന്നുറങ്ങി. പക്ഷേ, അണിയറയിൽ അപ്പോഴും അധികാരത്തിനുവേണ്ടിയുള്ള ഒരു ഉഗ്രസമരം നടക്കുന്നുണ്ടായിരുന്നു. അതിൽ, സ്റ്റാലിനെ നരകത്തോളം താഴ്ത്തി ജനങ്ങളുടേയും പാർട്ടിയുടേയും ആനുകൂല്യംനേടാൻ നയതന്ത്രജ്ഞനായ ക്രൂഷ്ചേവിനു സാധിച്ചു. തദ്വാരാ സ്റ്റാലിൻ ആദ്യം ചെയ്തപോലെ, മലങ്കോവു്, ബുൽഗാനിൻ, ക്രൂഷ്ചേവു് എന്നിവരടങ്ങിയ ഒരു ത്രിമൂർത്തിഭരണം ക്രൂഷ്ചേവ് ആരംഭിച്ചു. നാല്പതു കൊല്ലമായി വയറുനിറയെ ആഹാരമൊ, മനുഷ്യോചിതമായ ഏറ്റവും കുറഞ്ഞ തോതിലെങ്കിലുമുള്ള ജീവിതാവശ്യങ്ങളോ നടക്കാതെ വലഞ്ഞിരുന്ന ജനസമൂഹം ക്രൂഷ്ചേവിന്റെ പുതിയനയപ്രഖ്യാപനത്തിൽ ആഹ്ലാദഭരിതരായി. സ്റ്റാലിന്റെ കാലത്തു് കൃഷിയെ പ്രോത്സാഹിപ്പിക്കാഞ്ഞതിലും നിത്യോപയോഗസാധനങ്ങൾ വർദ്ധിപ്പിക്കാഞ്ഞതിലും സ്റ്റാലിനെ കഠിനമായി കുറപ്പെടുത്തിക്കൊണ്ടു് പാർ


ട്ടിയുടെ ആനുകൂല്യം വളരെ വേഗം ക്രൂഷേവ് സമ്പാദിച്ചു. പക്ഷേ, സ്റ്റാലിനെപ്പോലെതന്നെ അദ്ദേഹവും അധികാരത്തിന്റെ അച്ചുതണ്ടായ പാർട്ടിനിയന്ത്രണം കയ്യിൽക്കിട്ടിയപ്പോൾ തന്റെ സഹപ്രവർത്തകർ ഓരോരുത്തരെയായി തരംതാഴ്ത്തിത്തുടങ്ങി. ആദ്യം മലങ്കോവും പിന്നീട് ബുൾഗാനിനും. ഇന്നിപ്പോൾ സ്റ്റാലിന്റെ അനന്തരഗാമിയായി റഷ്യൻ സർവ്വാധിപതിയായി വാഴുന്നതു ക്രൂഷേവാണു്.

കമ്മ്യൂണിസത്തിന്റെ പ്രകൃതികൊണ്ടുതന്നെ അതു് സേച്ഛാധിപത്യമാണു്. ഒരു റഷ്യൻ സർവ്വാധിപതിയ്ക്കു് തന്റെ പ്രജകളുടെ മേൽ പരിപൂർണ്ണാധികാരമാണുള്ളതു്. അവരുടെ ശരീരങ്ങളെ മാത്രമല്ല, മനസ്സുകളെപ്പോലും നിയന്ത്രിക്കുന്നതു് അദ്ദേഹമാണു്. രാജ്യത്തിനുള്ളിലും പരിസരങ്ങളിലുമുള്ള എല്ലാ റഷ്യാക്കാരുടേയും നിസ്സാരചലനങ്ങളെക്കൂടി ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ സംഘം രഹസ്യപ്പോലീസിന്റെ നിരന്തരമായ സൂക്ഷ്മ വീക്ഷണത്തിലും ശക്തിയേറിയ സൈന്യനിരയുടെ ഉഗ്രമായ കോട്ടയാലും വലയംചെയ്തു് ഒരാൾ അങ്ങനെ ഭരിക്കയാണു്.


കമ്മ്യൂണിസത്തിനു് വ്യക്തിതാത്പര്യമെന്നൊന്നില്ലെന്നു് അതിനെ സംബന്ധിച്ച അവസാനത്തെ വിശകലനത്തിൽനിന്നും മനസ്സിലാക്കിക്കഴിഞ്ഞു. ജീവിതം പുലർത്തുന്നതിനു് ഒരേ ഒരു മാർഗ്ഗം മാത്രമെ കമ്മ്യൂണിസ്റ്റ് ഭരണസീമയ്ക്കുള്ളിലുള്ളൂ; രാഷ്ട്രീയമായി അധികാരികളുടെ മുമ്പിൽ പരമശുദ്ധനായിരിക്കുക; യാതൊരു എതിർപ്പുകൾക്കും മുതിരാതെ അവർക്കു് പരിപൂർണ്ണമായി കീഴ്പ്പെടുക; ഒരു സർവ്വാധിപത്യസ്റ്റേറ്റിനു് തങ്ങളുടെ പരിപൂർണ്ണമായ അടിമത്തം കാഴ്ചവെയ്ക്കുക; ഈ ഗതികേടിനു് സ്വയം അർപ്പിക്കുകയും ചെയ്യുക. എന്നാൽ ഒരുവിധം ജീവിതം മുമ്പോട്ടു നയിക്കാം.



ലനിന്റെ ശവകുടീരത്തിനു മുകളിൽനിൽക്കുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളുടെ മുമ്പിൽക്കൂടി മുഖപ്പുഃഖനകവാത്തുചെയ്യുന്നു



The U.S.S.R. speaks of peace, but its attitude and behavior show a continuing hostility, suspicion, and aggressiveness toward the peoples of the noncommunist free world.



5 കമ്മ്യൂണിസ്റ്റ് വികാസം

അന്താരാഷ്ട്രീയമണ്ഡലത്തിൽ കമ്മ്യൂണിസ്റ്റ് വികസനത്തിന് ഏറ്റവും അധികം പങ്കു വഹിച്ച വ്യക്തി സ്റ്റാലിനായിരുന്നു. മാക്സും ലനിനും ലോകത്തെ രണ്ടായി വിഭജിച്ചു - ഒന്ന് കമ്മ്യൂണിസ്റ്റ് ലോകവും, മറെറാന്ന് മുതലാളിത്തലോകവും. ഇവ രണ്ടും തമ്മിൽ നൈസർഗ്ഗികമായിത്തന്നെ ഒരു സന്ധിയില്ലാസമരം ഉണ്ടായിക്കൊണ്ടിരിക്കുമെന്ന് അവർ പ്രവചിച്ചു. ഇതിന്റെ അനിവാര്യഭവിഷ്യത്ത് കമ്മ്യൂണിസ്റ്റ് വിജയവും മുതലാളിത്ത നിർമ്മാജ്ജനവുമായിരിക്കുമെന്നായിരുന്നു അവരുടെ സിദ്ധാന്തം.

പക്ഷേ, ഒരു കമ്മ്യൂണിസ്റ്റ് സർവ്വലോകാധിപത്യത്തിന് അത്യന്താപേക്ഷിതമായ ഘടകം റഷ്യയുടെ ഏകപ്രത്രാധിപത്യമാണെന്നും അതുകൊണ്ട് റഷ്യയുടെ സർവ്വ ഉല്പാദന കഴിവുകളും ആ ഏകലക്ഷ്യത്തിനായി കേന്ദ്രീകരിക്കണമെന്നും, ക്രമേണ; റഷ്യൻനിയന്ത്രണത്തിൽ ലോകവ്യാപകമായ ഒരു കമ്മ്യൂണിസ്റ്റ് സംഘടനയുടെ നിരന്തരപരിശ്രമവും അതിന് അത്യന്താപേക്ഷിതമാണെന്നും സ്റ്റാലിൻ വാദിച്ചു. സ്റ്റാലിന്റെ ഈ സിദ്ധാന്തം വളരെ അധികം ഫലപ്രദമായെന്ന് കമ്മ്യൂണിസത്തിന്റെ അനന്തരചരിത്രം തെളിയിക്കുകയും ചെയ്തു.

സ്റ്റാലിൻ ഇങ്ങനെ എഴുതി: —

"സോവിയറ്റ്യൂണിയനൊഴിച്ചുള്ള എല്ലാ കമ്മ്യൂണിസ്റ്റ് രാഷ്ട്രവും കമ്മ്യൂണിസ്റ്റിതര രാഷ്ട്രങ്ങളിലെ ഭരണവർഗ്ഗത്തിൽ നിന്നു സുരക്ഷിതമല്ല. അതിനാൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിന്റെ ഭദ്രതയ്ക്ക് മറെറല്ലാ കമ്മ്യൂണിസ്റ്റിതര രാഷ്ട്രങ്ങളും നശിക്കണം."

ഇതരരാജ്യങ്ങളുടെ നേർക്കുള്ള റഷ്യൻ ആക്രമണനയത്തെ അദ്ദേഹം ഇങ്ങനെ ന്യായീകരിച്ചു:- "അദ്ധ്വാനിക്കുന്ന വർഗ്ഗമാണു് സമരംചെയ്യുന്നതെങ്കിൽ, അതു സോഷ്യലിസത്തിന്റെ ശക്തി ക്രൂഢവാനും അതിനെ അഭിവൃദ്ധിപ്പെടുത്തുവാനും സാധിക്കുമെങ്കിൽ അക്കാരണംകൊണ്ടുതന്നെ പ്രസ്തുത സമരം നിയമപരവും പരിശുദ്ധവുമാണു്."

സ്റ്റാലിന്റെ ഈ നവീനതത്ത്വപ്രകാരം, കഴിഞ്ഞ രണ്ടു തലമുറക്കാലംകൊണ്ടു് 700 കോടി സ്വതന്ത്രജനങ്ങൾ റഷ്യൻ കരവലയത്തിൽ കുടുങ്ങി. കൊറിയാ, ഫിൻലണ്ടു്, ഈസ്റ്റോണിയാ, ലാറ്റ്വിയ, ലോസ്, വിയറ്റ്നാം, കംബോഡിയാ എന്നീ രാജ്യങ്ങളെ റഷ്യ യാതൊരു പ്രകോപനവും കൂടാതെ നഗ്നമായി ആക്രമിച്ചു കീഴടക്കി.

റുമേനിയാ, ഹങ്കറി, ബൾഗേറിയ, പോളണ്ടു്, അൽബേനിയ, ആസ്ട്രിയായുടേയും ജർമ്മനിയുടേയും വലിയൊരു ഭാഗവും ലോകമഹായുദ്ധവിരാമസന്ധിവ്യവസ്ഥയനുസരിച്ചു് ചുമപ്പുസേനയെ സ്ഥാപിച്ചുകൊണ്ടു് ആഭ്യന്തരവിപ്ലവം നടത്തി, റഷ്യൻ അധീനത്തിലാക്കി. മറ്റു ചില രാജ്യങ്ങളിൽ — ഗ്രീസ്, ഫിലിപ്പിയൻസ്, ടർക്കി — ഒളിയുദ്ധം അഴിച്ചുവിട്ടു. പക്ഷേ, ഭാഗ്യവശാൽ സ്വതന്ത്രരാജ്യങ്ങളുടെ; വിശിഷ്യാ, അമേരിക്കയുടെ, സഹായംകൊണ്ടു മാത്രം അവർ രക്ഷപ്പെട്ടു. ഒന്നു വ്യക്തമാണു് – റഷ്യയിൽ എന്നപോലെ, ലോകത്തിലെ ഒരു രാജ്യത്തും ബഹുജനങ്ങൾ സ്വമനസ്സാ കമ്മ്യൂണിസ്റ്റ് ഭരണത്തെ അംഗീകരിച്ചിട്ടില്ല. മാത്രമല്ല, എല്ലാ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലുമുള്ള ബഹുജനങ്ങളും അവിടത്തെ നിഷ്ഠുരമായ പട്ടാളഭരണവും തമ്മിൽ ഒരു നിരന്തരസമരം നടന്നുകൊണ്ടിരിക്കുകയുമാണു്.

റഷ്യയുടെ ആക്രമണപരിപാടി

1919-ൽ സർവ്വരാജ്യകമ്മ്യൂണിസ്റ്റ് നേതാക്കന്മാർ മോസ്കോയിൽ സമ്മേളിച്ചയവസരത്തിൽ ലനിൻ തന്റെ ആഗോളവിപ്ലവപദ്ധതി ആവിഷ്കരിച്ചു. ലോകത്തിലുള്ള മറ്റെല്ലാ ഗവമ്മെണ്ടുകളേയും അടിപ്പെടുത്തി മറിച്ചിടുവാൻ കേന്ദ്രനിയന്ത്രണത്തിൻകീഴ് ഉരുക്കുബലമുള്ള ഒരു ആഗോളസംഘടന ആവശ്യമെന്നു് അദ്ദേഹം വ്യക്തമാക്കി. ഈ കേന്ദ്രാധികാരം കമ്മ്യൂണിസത്തിന്റെ പിള്ളത്തൊട്ടിയായ റഷ്യയായിരിക്കണമെന്നും നിർദ്ദേശിച്ചു. ഈ സംഘടനയാണു് കോമിൻടേൺ എന്നറിയപ്പെടുന്ന അന്തർദ്ദേശീയകമ്മ്യൂണിസ്റ്റ് സംഘടന. ബാഹ്യരൂപത്തിൽ ഈ സംഘടനയെ നയിക്കുന്നതു് സർവ്വലോകകോൺഗ്രസ്സാണു്. പക്ഷേ പ്രയോഗത്തിൽ ഇതിനെ നിയന്ത്രിക്കുന്നതു് റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രമാണു്. അന്നു നടന്ന നയപ്രഖ്യാപനം ഇങ്ങനെയായിരുന്നു: - "യു. എസ്സ്. എസ്സ്. ആർ-നു് ലോകവിപ്ലവത്തിനു് എതിരായി യാതൊരു താല്പര്യവുമില്ല. അതുപോലെ സർവ്വരാജ്യകമ്മ്യൂണിസത്തിനു് റഷ്യക്കെതിരായി സ്വന്തം താല്പര്യങ്ങളൊന്നുമില്ല."

ഈ നയപ്രഖ്യാപനത്തിൽനിന്നുള്ള നിഗമനം വ്യക്തമാണു് - സോവിയറ്റ് യൂണിയന്റെ താല്പര്യം രാജ്യസീമകൾക്കു് അതീതമാണു്. അതുകൊണ്ടു് സോവിയറ്റ് റഷ്യയുടെ താല്പര്യങ്ങളും ക്ഷേമവും മറ്റുരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് വിപ്ലവപാർട്ടികളുടെ ലക്ഷ്യമായിരിക്കണം; കാരണം, അവ തമ്മിൽ വൈരുദ്ധ്യമില്ലെന്നുമാത്രമല്ല, ഒന്നു മറ്റൊന്നിനു പിൻ

ബലം കൊടുക്കുകയും ചെയ്യുന്നുണ്ട്. കോമിൻടേണിന്റെ പാർട്ടിനയങ്ങളെ സസൂക്ഷ്മം വീക്ഷിക്കുന്ന യാതൊരാൾക്കും ഒന്നു മനസ്സിലാക്കുവാൻ സാധിക്കും, മറ്റരാജ്യങ്ങളിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിനയങ്ങൾ എപ്പോഴും റഷ്യയുടെ തൊട്ടടിക്കു കീഴിലാണ് എന്ന്. ഒരു ഉദാഹരണം മാത്രം ഇവിടെ കൊടുക്കുന്നു: 1930-ൽ റഷ്യ ജർമ്മനിയുമായി ഒരു സഖ്യത്തിൽ എത്തിച്ചേർന്നു. തുടർന്ന്, മറ്റെല്ലാ രാജ്യങ്ങളിലേയും കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഒത്തൊരുമിച്ച് ജർമ്മനിക്കെതിരായ യുദ്ധയത്നങ്ങളെ നിരുത്സാഹപ്പെടുത്തുകയും വിഫലപ്പെടുത്തുകയും അങ്ങനെ ഇംഗ്ലണ്ടിലേയും ഫ്രാൻസിലേയും അമേരിക്കയിലേയും, വേണ്ടാ, ഇൻഡ്യയിലേയും കമ്മ്യൂണിസ്റ്റ് പാർട്ടികൾ സ്വന്തം രാജ്യരക്ഷയ്ക്കെതിരായി തുറന്ന പ്രവർത്തിക്കുകയും ചെയ്തു. പക്ഷേ, 1941-ൽ ജർമ്മനി റഷ്യയെ ആക്രമിച്ചപ്പോൾ ഈ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഒരു നിമിഷംകൊണ്ട് അവരുടെ നയം മാറി. അന്നുതുടങ്ങി ജർമ്മൻയുദ്ധം ഒരു സാമ്രാജ്യവിപുലീകരണയുദ്ധമെന്നും ജർമ്മനിയെ എങ്ങനെയും തോല്പിക്കണമെന്നും അവർ വാദിച്ചു. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്കളും താളത്തിനൊപ്പം നയം മാറി. അന്നവരെ, ഇംഗ്ലണ്ടിനും മിത്രരാജ്യങ്ങൾക്കുമെതിരായി ജർമ്മനിയുടെ ആക്രമണം ഒരു പ്രതിരോധയുദ്ധമെന്ന് അവർ പ്രഖ്യാപിച്ചിരുന്നു. പക്ഷേ, റഷ്യയെ ആക്രമിച്ചപ്പോൾ ആ യുദ്ധം ഒരു സാമ്രാജ്യവിപുലീകരണയുദ്ധമാണെന്നും തന്നിമിത്തം ജർമ്മനിയെ തോല്പിച്ച് റഷ്യയെ രക്ഷിക്കേണ്ടതു് ലോകസമാധാനത്തിനും ക്ഷേമത്തിനും അത്യന്താപേക്ഷിതമാണെന്നും അവർ വാദിച്ചു.

ഈ രണ്ടാം ലോകമഹായുദ്ധം യൂറോപ്പിനെ നാശഗർത്തത്തിന്റെ വക്കിലെത്തിച്ചു. യുദ്ധംകൊണ്ട് എല്ലാ രാജ്യങ്ങളിലും പട്ടിണിയും അരിഷ്ടതയും നടമാടി. ഈ ദാരിദ്ര്യത്തിന്റെയും കൊടുംയാതനകളുടെയും മുന്നേറ്റത്തിൽ, റഷ്യൻചെമ്പട, സഖ്യകക്ഷികളുടെ സഹായത്താൽ യൂറോപ്പിലെ വിവിധരാജ്യങ്ങളിലും താവളമുറപ്പിച്ചു. യുദ്ധകാലത്തു് താല്ക്കാലികമായി പിരിച്ചുവിട്ട കമ്മ്യൂണിസ്റ്റ് കോമിടേൺ സംഘടന "കോമിൻഫോം" എന്ന നൂതന പേരിൽ പുനരുദ്ധരിച്ചു. അതായതു രാജ്യത്തു് താവളമുറപ്പിച്ചിരുന്ന ചെമ്പടയുടെ പിൻബലത്തോടെ ഈ കമ്മ്യൂണിസ്റ്റ് പാർട്ടികൾ മോഹനവാഗ്ദാനങ്ങൾകൊണ്ട് തദ്ദേശഗവമ്മെണ്ടുകൾ എല്ലാം കൈയ്യടക്കി. അങ്ങനെ യുദ്ധവിരാമവേളയിൽ റഷ്യ യൂറോപ്പിലെ മിക്ക സ്വതന്ത്ര രാജ്യങ്ങളും പിടിച്ചു കീഴടക്കി.

റഷ്യയുടെ സാമ്രാജ്യമോഹം ഇതുകൊണ്ടും ശമിച്ചില്ല. ഏഷ്യൻ രാജ്യങ്ങളിൽ ചൈന, വിയറ്റ്നാം, കംബോഡിയാ തുടങ്ങിയ രാജ്യങ്ങളും അവർ വിഴുങ്ങി. ടിബറ്റ് ഇൻഡ്യൻ അതിർത്തിപ്രദേശമാണു്; അതു് ഒരു സ്വതന്ത്രരാജ്യവുമായിരുന്നു. ചൈനയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു് ടിബറ്റിന്റെ മേൽ ആദ്യം ഒരു അധീശത്വം മാത്രം അവകാശപ്പെട്ടു. ഒടുവിൽ ടിബറ്റ് ചൈനയുടെ ഒരു പ്രോവിൻസ് മാത്രമാണെന്നു വാദിച്ചു് അതു് പിടിച്ചെടുത്തു. ദലായ്ലാമ നാടുവിട്ടു് ഇൻഡ്യയിൽ അഭയം തേടിയിരിക്കുകയുമാണു്. ഇപ്പോഴിതാ, ചൈന, ഇൻഡ്യൻ അതിർത്തിയേയും ഭേദിച്ചുതുടങ്ങിയിരിക്കുന്നു. സ്റ്റാലിന്റെ ആദ്യപരിപാടി അനേകകൊല്ലങ്ങൾക്കുശേഷം സാക്ഷാൽക്കരിക്കുകയാണോ?

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി റഷ്യയുടെ അഞ്ചാംപത്തികളാണെന്നു്, ചൈനയുടെ ഈ ഇൻഡ്യൻ ആക്രമണവേളയിലെ, അവരുടെ നയപരിപാടി സുവ്യക്തമാക്കിയിട്ടുണ്ടു്.

സ്വതന്ത്രരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്പാർട്ടി സംഘടിപ്പിക്കുന്ന വിധം


ജനാധിപത്യരാജ്യങ്ങളെ അകമേനിന്നു് തുരങ്കംവെക്കുവാൻ ആ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ പാർട്ടികളെ സംഘടിപ്പിക്കുക കോമിൻഫോമിന്റെ ഉദ്ദേശങ്ങളിൽ ഒന്നാണു്. അതിനു് ആദ്യമായി അതാതു രാജ്യങ്ങളിൽ നിന്നു ദേശീയ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ മോസ്കോയിലേക്കു ക്ഷണിക്കപ്പെടും. കമ്മ്യൂണിസ്റ്റ് തത്വസംഹിതയിലും വിപ്ലവപരിപാടികളിലും ശ്രദ്ധകേന്ദ്രീകരിപ്പിക്കപ്പെട്ടശേഷം ഇവർ സ്വദേശങ്ങളിലേക്കു മടങ്ങി അവിടെ ഉരുക്കുതുല്യ ബലമുള്ള ഒരു കേന്ദ്രസംഘം വാർത്തെടുക്കുന്നു. ഒരു രാജ്യത്തു് കമ്മ്യൂണിസ്റ്റ്പാർട്ടി നിയമവിരുദ്ധമെന്നു പ്രഖ്യാപിക്കപ്പെട്ടാൽ മറ്റു പേരുകളിൽ-'തൊഴിലാളികക്ഷി', 'ജനകീയമുന്നണി', 'ജനകീയ സോഷ്യലിസ്റ്റ്കക്ഷി' ഇത്തരം-മറ്റു പാർട്ടികൾ രൂപീകരിക്കും. ചെറുതെന്നു ഭാവിക്കുന്ന ഈ പാർട്ടികൾ മറ്റു പുരോഗമനപാർട്ടികളുമായി ഐക്യമുന്നണി സൃഷ്ടിച്ചു് ആ പാർട്ടികളിൽ സ്വാധീനം ചെലുത്തി അവയെ ഉണ്ണിലപ്പെടുത്തും; ഒടുവിൽ മറ്റു പാർട്ടികളിൽ ഏതെങ്കിലും ഒന്നിനു് ശക്തിയുണ്ടു് ഏറെറടുക്കണമെങ്കിൽ കമ്മ്യൂണിസ്റ്റുകളുടെ പിൻബലം ആവശ്യമെന്ന ഒരു പശ്ചാത്തലം സൃഷ്ടിക്കുകയും, ആ പിൻബലത്തിനുവേണ്ടി ചില അധികാരസ്ഥാനങ്ങൾ അവർക്കു് കൈമാറാൻ നിർബ്ബന്ധിക്കപ്പെടുകയും ചെയ്യുന്നു. ആ അധികാരം ദുരുപയോഗിച്ചു് കമ്മ്യൂണിസ്റ്റ് കക്ഷി രാജ്യവ്യാപകമായ അരാജകത്വം സൃഷ്ടിക്കുകയുംചെയ്യും.




കമ്മ്യൂണിസ്റ്റ്കക്ഷി അധികാരം പിടിച്ചെടുക്കുന്ന

കമ്മ്യൂണിസ്റ്റ്കക്ഷി അധികാരം പിടിച്ചെടുക്കുന്നവിധം അവരുടെ വാക്കുകളിൽ വിവരിക്കാം. 1919-ൽ സോവിയറ്റ്യൂണിയൻ, കോമിൻഫോമിന്റെ കീഴ്ഘടകങ്ങൾക്കു് ഒരു പ്രവർത്തനപരിപാടി നിർദ്ദേശിച്ചു:—


"....വിജയകരമായ കമ്മ്യൂണിസ്റ്റ്സമരം സംഖ്യയിൽ ചെറുതും നല്ല കെട്ടുറപ്പുള്ളതുമായ ഒരു കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ രൂപീകരണത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. സമരംനടത്തി തഴമ്പിച്ചിട്ടുള്ളവരും കേന്ദ്രാജ്ഞകൾക്കു പരിപൂർണ്ണവിധേയരും ജനങ്ങളോടു് ഉറ്റബന്ധം പുലർത്താൻ പ്രാപ്തരുമായ വിപ്ലവകാരികളുടെ ഒരു ചെറുസംഘമായിരിക്കണം ഇതു്..... .....അധികാരം പിടിച്ചെടുക്കുക എന്നതു് ബൂഷ്വാഭരണകൂടത്തെ അക്രമംകൊണ്ടു മറിച്ചിടുകയെന്നതു മാത്രമാണു്. രാജ്യത്തിലെ പോലീസ്, നീതിന്യായക്കോടതി, പാർലിമെന്റ് തുടങ്ങിയ ജനകീയ സ്ഥാപനങ്ങളും നശിപ്പിച്ചു് തൽസ്ഥാനത്തു് അച്ചടക്കബോധമുള്ള തൊഴിലാളിസംഘടനകളെ കയ്യടക്കി ഭരണകൂടം ശിഥിലീകരിക്കുകയാണു് പ്രഥമ പരിപാടി [ഇതു കേരളത്തിൽ നടപ്പിൽവരുത്തിയതു കണ്ടതാണല്ലോ] കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ എല്ലാ അംഗങ്ങളും നിയമപരമായ പരസ്യപ്രവർത്തനങ്ങളോടൊപ്പംതന്നെ നിയമവിരുദ്ധമായ അട്ടിമറിപ്രവർത്തനവും നടത്തിക്കൊണ്ടിരിക്കേണ്ടതു അത്യന്താപേക്ഷിതമാണു്. നിയമവിധേയമായ മറ്റു സംഘടനകളോടു യോജിച്ചുനിന്നു് നിയമവിരുദ്ധസംഘടനകളിൽ പ്രവർത്തിക്കണം. എതിർപക്ഷങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും അധികാരവടംവലിയും വൈരുദ്ധ്യങ്ങളും മറ്റും തന്ത്രപരമായി പൂഷണം ചെയ്തു് എല്ലാക്കാര്യങ്ങളിലും പാർട്ടിതാല്പര്യം പുലർത്തണം. അന്തിമലക്ഷ്യം കൈവിടാതെ ഏതുപാർട്ടിയോടും സഖ്യം ചേരണം. ഒരിക്കലും ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കരുതു്....."



ആഭ്യന്തരവകുപ്പു്



പ്രചാരണവകുപ്പു്



നീതിന്യായവകുപ്പു്

മുന്നണിസംഘങ്ങളും സമരങ്ങളും




കമ്മ്യൂണിസ്റ്റ്കാരും നിയമാനുസൃതങ്ങളായ എല്ലാസംഘടനകളിലും പ്രവർത്തിക്കുകയും അവയുടെപുരോഗതിക്കുവേണ്ടി പ്രയത്നിക്കുകയും അവയെ പാർട്ടിലക്ഷ്യത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യും. മോസ്കോ നിയന്ത്രണത്തിലുള്ള അന്തർദേശീയസംഘടനകളും, ലോകസമാധാനസമിതി അഖിലലോകട്രേഡ്യൂണിയൻ, വിദ്യാർത്ഥിഫെഡറേഷൻ, മുതലായവസോവിയറ്റ്യൂണിയന്റെ താല്പര്യങ്ങളും പ്രജായത്തരാജ്യങ്ങളിൽ സംരക്ഷിപ്പാൻ രൂപീകരിച്ചിട്ടുള്ള സംഘടനകളിൽ ചിലതുമാത്രമാണു്.

പ്രക്ഷോഭണവും അക്രമങ്ങളും




ട്രേഡ്യൂണിയൻ തുടങ്ങിയ തൊഴിലാളിസംഘടനകളും സൃഷ്ടിച്ചുകമ്മ്യൂണിസ്റ്റ്കാർ തൊഴിൽരംഗത്തു പ്രക്ഷോഭണം നടത്തുകയും കമ്മ്യൂണിസ്റ്റാദർശം പ്രചരിപ്പിക്കുകയും ചെയ്യുന്നു. സാമ്പത്തികതകച്ചവ്യണ്ടാക്കുവാൻ സ്ട്രൈയിക്കു് നടത്തുകയും നയിക്കുകയും ചെയ്യുന്നു. മാരകായുധങ്ങളും ഉപയോഗിച്ചു് പ്രത്യേകം പരിശീലിപ്പിക്കപ്പെട്ട ഒരു സംഘം തൊഴിലാളികളെക്കൊണ്ടു് നിയമസമാധാനപാലനം അസാദ്ധ്യമാക്കിത്തീർക്കുന്നു. അക്രമാസക്തരായ പലാരയും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലേക്കയച്ചു് യുദ്ധമുറകളും അഭ്യസിപ്പിച്ചശേഷം 'സപരാജ്യവിമോചനസൈന്യം' എന്നപേരിൽ തിരിച്ചയക്കുന്നു.

തെരഞ്ഞെടുപ്പു്




പ്രചരിപ്പിക്കുന്നതിനും, ദേശീയൈക്യം ഭവനനിർമ്മാണം മുതലായ പരിപാടികളും ആവിഷ്കരിച്ചു് കമ്മ്യൂണിസ്റ്റ്കാർ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നു. മറ്റു പ്രജായത്തപാർട്ടികളുമായി യോജിച്ചുപ്രവർത്തിക്കുവാൻ കൂട്ടുചേരുന്നു. ആ പാർട്ടികളുടെ തണലിൽ വളർന്നു് അധികാരത്തിലേക്കു് ഉയരുന്നു. [സ്റ്റേറ്റകോൺഗ്രസ്സിന്റെകാലത്തു് അതിന്റെ തണലിലും, നാഷണൽ കോൺഗ്രസിന്റെ ആദ്യഘട്ടങ്ങളിൽ അതിന്റെതണലിലുമാണു് കമ്മ്യൂണിസ്റ്റ്പാർട്ടികേരളത്തിലും ഇൻഡ്യയിലുംവളർന്നതു്]

ഗവമ്മെണ്ടിൽ നുഴഞ്ഞുകയറ്റം




കമ്മ്യൂണിസ്റ്റ്കാർ തനിച്ചോ മറ്റു പാർട്ടികളുമായി യോജിച്ചോ ഒരു ഗവമ്മെൻറുണ്ടാക്കുവാൻ ഇടയായാൽ അവരുടനെ നിയമസമാധാനം തകർക്കാൻ, അണ്ടർഗ്രൗണ്ടിൽ പ്രക്ഷോഭണങ്ങളും, അട്ടിമറിപ്രസ്ഥാനങ്ങളും തുടങ്ങുകയായി. സാധാരണഗതിയിൽ അവർ നിയമസമാധാനവകുപ്പു്, ആഭ്യന്തരവകുപ്പു്, പ്രചാരണവകുപ്പു്, നീതിന്യായവും പോലീസ്സുമാണു് ആവശ്യപ്പെടുന്നതു്.

ആഭ്യന്തരവകുപ്പു കൈയിലായാലുടൻ പോലീസിനെ നിർവീര്യമാക്കിത്തുടങ്ങും; മജിസ്ട്രേട്ടന്മാരിലെല്ലാം കമ്മ്യൂണിസ്റ്റ്കളെ തിരുകിക്കയറ്റും. എതുപക്ഷക്കാരെ വോട്ടറെയുന്നതിൽനിന്നു നിരോധിക്കാം; യഥേഷ്ടം വോട്ടർപട്ടിക വീർപ്പിക്കുവാനും തെരഞ്ഞെടുപ്പിൽ വിജയം നേടുവാനും സാധിക്കും. പ്രചാരണവകുപ്പു് കിട്ടിക്കഴിഞ്ഞാൽ വാർത്താസംഘടനകളെയും പത്രങ്ങളെയും നിയന്ത്രിക്കാം; സ്വതന്ത്രാഭിപ്രായപ്രകടനങ്ങളെ തടയാം. അങ്ങനെ എതുപക്ഷം നിശ്ശബ്ദമായിക്കൊള്ളും നീതിന്യായവകുപ്പു് സ്വാധീനമായാൽ എതുകക്ഷികളെ നിലമുഷ്ട്യാ കുമിനൽ കുറ്റക്കാരാക്കി നിർമ്മാജ്ജനം ചെയ്യാം. രാജ്യരക്ഷാവകുപ്പു കൈവശമായാൽ അതുപ്പടായ സൈനികരെ കണ്ടുപിടിച്ചു് അവരെ രാജ്യനിയമത്തിനും ഗവമ്മെണ്ടിനും എതിരായി സംഘടിപ്പിക്കുവാൻ അവസരം ലഭിക്കുന്നു. വിശ്വസ്തരായവരെ കരിങ്കാലികളെന്നും രാജ്യദ്രോഹികളെന്നും മുദ്രകുത്തി ലിക്വിഡേറ്റ ചെയ്യുകയും ചെയ്യാം.



രാജ്യസംരക്ഷണവകുപ്പു്



മേൽ ചിത്രത്തിൽ കമ്മ്യൂണിസ്റ്റ്കാരും സെയിഗോണിലും വിയറ്റ്നാമിലും നടത്തിയ നശീകരപ്രവൃത്തികളും കാണാം. എതുകക്ഷികളെ ഭയപ്പെടുത്തി അടിപ്പെടുത്തുവാൻ നിത്യേന ഉപയോഗിക്കുന്ന, കമ്മ്യൂണിസ്റ്റുകളുടെ, മുഖമുദ്രയായ ഒരു പരിപാടി മാത്രമാണിതു്. കല്ക്കട്ടയിലും ബോംബെയിലും കമ്മ്യൂണിസ്റ്റ്കാരും പണിമുടക്കുവേളയിലും മറ്റു പ്രകടനങ്ങളുംകൂടിയിലും ചെയ്യുന്ന ഈ നശീകരണസമ്പ്രദായം മറുകക്ഷികളെ ഭയപ്പെടുത്താൻ നടത്തുന്ന "മുഖമുദ്രയായ" ഒരു നടപടിയാണു്.

കമ്മ്യൂണിസ്റ്റ് ആക്രമണപരിപാടി സസൂക്ഷ്മം പഠിക്കുമ്പോൾ അതിനു് നാലുവിധ വശങ്ങളുണ്ടെന്നു വ്യക്തമാണു്. ഒന്നാമതു്, നഗ്നമായ സൈനികാക്രമണം — ഇതാണു് ചൈനയും വടക്കൻ കൊറിയയും കൂടി കൊറിയൻ റിപ്പബ്ലിക്കിനെ ആക്രമിച്ചപ്പോൾ ചെയ്തതു്. രണ്ടാമത്തെ രീതി റഷ്യൻ കീഴക്കൻ യൂറോപ്പിലെ സ്വതന്ത്രരാജ്യങ്ങളിൽ പ്രയോഗിച്ചു അവിടങ്ങളിലെല്ലാം ചില സന്ധിവ്യവസ്ഥകളുടെ തണലിൽ മുഖപ്പു സൈനയെ സ്ഥാപിച്ചു് സിവിലിയൻ അധികാരികളെയും പൗരജനങ്ങളെയും ഭയപ്പെടുത്തി കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കൊണ്ടു് ഗവമ്മെണ്ടു് പിടിച്ചെടുക്കുകയായിരുന്നു. മൂന്നാമത്തേതു്, സ്വതന്ത്രരാജ്യങ്ങളിൽ ഒളിയുദ്ധം സംഘടിപ്പിച്ചു് സ്വന്തം രാജ്യങ്ങൾക്കെതിരായി അതു നയിക്കുക — ഇതാണു് ഗ്രീസിലും മറ്റും നടത്തിയതു്. ഭാഗ്യവശാൽ മറ്റു സ്വതന്ത്രരാജ്യങ്ങളുടെ സഹായത്തോടെ ആ രാജ്യങ്ങളും രക്ഷപെട്ടു അവസാനമായി, സ്വതന്ത്രരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളെ വളർത്തി ആഭ്യന്തര അട്ടിമറി — അക്രമപ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിച്ചു് നിയമസമാധാനം തകർക്കുകയും അതേസമയം അയൽക്കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും ഭീഷണി മുഴക്കിക്കൊണ്ടിരിക്കുകയും ചെയ്യുക. ഇൻഡ്യയിലും ബർമ്മയിലും ഈ രീതിയാണിപ്പോൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നതു്.


റഷ്യ ഉപഗ്രഹങ്ങൾ സൃഷ്ടിക്കുന്നു

കമ്മ്യൂണിസ്റ്റ് വീക്ഷണത്തിൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ അനന്തരഫലം യു. എസ്സ്. എസ്സ്. ആറിന്റെ ശക്തിപ്രാബല്യമാണ്.


ജർമ്മനി തോറ്റുപിൻവാങ്ങിയ കിഴക്കൻയൂറോപ്പിലെ രാജ്യങ്ങളിൽ യുദ്ധവിരാമ വേളയിൽ റഷ്യ സ്വന്തം സൈന്യങ്ങളെ സ്ഥാപിച്ചുകഴിഞ്ഞു. ആ സൈന്യബല ത്തിന്റെ തണലിൽ നിന്നുകൊണ്ട് ആ രാജ്യങ്ങളിൽ റഷ്യ ആദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടിയുംപ്പെട്ട ക്രൂട്ടഭരണക്രൂടങ്ങൾ സൃഷ്ടിച്ചു. പക്ഷേ, യുദ്ധകാലത്തു് ശത്രുക്കളോട് സമ്പ ർക്കം പുലർത്തിയെന്ന അപരാധം ചുമത്തി, കമ്മ്യൂണിസ്റ്റ്നയപരിപാടികളെ എതിർത്ത എല്ലാവരേയും, അറസ്റ്റ്ചെയ്യുകയും തോക്കിനിരയാക്കുകയും ചെയ്തു. ഈ രാജ്യങ്ങളിലെ നാസിഭരണം പ്രജായത്തശക്തികളെ വളരെ മുമ്പുതന്നെ ദുർബ്ബലപ്പെടുത്തിയിരുന്നു. അങ്ങ നെ ബാഹ്യരൂപത്തിൽ ക്രൂട്ടമന്ത്രിസഭയെന്ന നടിച്ചിരുന്ന ഭരണക്രൂടം അതിവേഗത്തിൽ രാജ്യത്തെ ഒരു കമ്മ്യൂണിസ്റ്റ് മാതൃകയിൽ കെട്ടിപ്പടുത്തു. കമ്മ്യൂണിസ്റ്റിതര പാർട്ടികൾക്കു് ഗവമ്മെണ്ടിന്റെ ഈ നടപടികളെ എതിർക്കുന്നതിനു പണമോ ശക്തിയോ ഉണ്ടായിരു ന്നില്ല. പക്ഷേ, കമ്മ്യൂണിസ്റ്റ്കൾക്കു് വിജയിയായ റഷ്യയുടെ സഹായവും റഷ്യൻസൈന്യ ത്തിന്റെ പിൻബലവും ഉണ്ടായിരുന്നു. ഇങ്ങനെ ആ എല്ലാരാജ്യങ്ങളും റഷ്യൻ ഉപഗ്രഹ ങ്ങളായി മാറി.

ഈ മാറ്റം എളുപ്പത്തിൽ സാധിക്കാതിരുന്ന രാജ്യങ്ങളിൽ ക്രൂരതൽ വക്രതയുള്ളതും കൗശലവുമായ മറ്റൊരു നയം തുടർന്നു. ദൃഷ്ടാന്തം, ചെക്കോസ്ലൊവാക്യയാണ് – യുദ്ധത്തിനു മുമ്പു് ഏറ്റവും പുരസ്പാതന്ത്ര്യം അനുഭവിച്ചിരുന്ന യൂറോപ്പിലെ ഒരു സ്വതന്ത്രരാഷ്ട്രമായി രുന്നു ചെക്കോസ്ലൊവാക്യ ചെക്കോസ്ലൊവാക്യ യുദ്ധത്തിൽ ആദ്യന്തം സഖ്യകക്ഷികളുടെ ഭാഗത്തായിരുന്നു. അതിനാൽ പാശ്ചാത്യരാജ്യങ്ങളുടെ നിർബ്ബന്ധത്താൽ 1945–ഒടുവിൽ റഷ്യൻസേനയെ അവിടെനിന്നു പിൻവലിക്കേണ്ടിവന്നു. എങ്കിലും, അതിനു പ്രതിഫലമെ ന്നോണം റഷ്യ പ്രസിഡണ്ടു് ബനെസിന്റെമേൽ കമ്മ്യൂണിസ്റ്റ്കാരുംപ്പെട്ട ഒരു ക്രൂട്ടമന്ത്രി സഭയെ രൂപീകരിപ്പാൻ നിർബ്ബന്ധിച്ചു. ഈ ഗവമ്മെണ്ടിനു് ''ദേശീയ ഗവമ്മെണ്ടു്'' എന്ന പേരും കൊടുത്തു. ഈ ഗവമ്മെണ്ടിലെ മർമ്മസ്ഥാനങ്ങൾ കമ്മ്യൂണിസ്റ്റ്കളോ, സഹ യാത്രക്കാരോ കൈവശപ്പെടുത്തി. ആഭ്യന്തരമന്ത്രിയായ കമ്മ്യൂണിസ്റ്റ്കാരൻ നോസക്ക് താമ സിയാതെ "ജനകീയ അല്ലെങ്കിൽ "സെൽ" കോടതി ഏർപ്പെടുത്തി കമ്മ്യൂണിസ്റ്റിതരന്മാ രിൽ പ്രധാനികളെയെല്ലാം അറസ്റ്റ്ചെയ്തു വധിച്ചു. ഐക്യരാജ്യസഹായനിധിയിൽനിന്നു ലഭിച്ച കോടിക്കണക്കിനു വിഭവങ്ങൾ കൃഷിവകുപ്പുമന്ത്രിയായ മറ്റൊരു കമ്മ്യൂണിസ്റ്റ്കാ രൻ കമ്മ്യൂണിസ്റ്റ്കാർക്കും സഹയാത്രക്കാർക്കും മാത്രമായി അവയെ വിതരണംചെയ്തു. ദാരി ദ്ര്യത്തിന്റെ കൊടുംപിരിയാൽ നട്ടംതിരിഞ്ഞ ജനങ്ങൾക്കു് ജീവസന്ധാരണത്തിനു കമ്മ്യൂ ണിസ്റ്റ്കളെ ആശ്രയിക്കേണ്ടിയും വന്നു.

എങ്കിലും 1947-ലെ തെരഞ്ഞെടുപ്പിൽ ഈ ഐക്യമുന്നണിക്കു് നാട്ടിൽ 38 ശത മാനം വോട്ടുകൾമാത്രമേ ലഭിച്ചുള്ളൂ. മാത്രമല്ല, അവരുടെ ജനസ്വാധീനം പിന്നെയും താഴോട്ടു പൊയ്ക്കൊണ്ടിരുന്നു. ജനസാമാന്യം ഈ ഐക്യമുന്നണിഗവമ്മെണ്ടിനെ വെറു




1938-ൽ ഹിറ്റ്ലർ ആക്രമിച്ച് ചെക്കോസ്ലോവാക്കിയയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി.




1941-ൽ പരസ്പരസഹകരണത്തിൽ വിശ്വസിച്ചുകൊണ്ട് ചെക്കോസ്ലോവാക്കിയായും സോവിയറ്റുമായി ഒരു സന്ധിയിലേപ്പെട്ടു.






പ്രസിഡൻറ് ബനെസൻ, ഗോട്ട്വാൾഡ്, വിദേശകാര്യമന്ത്രി ജാൻമസാരിക്ക്. മന്ത്രിസഭയിലെ പ്രധാന സ്ഥാനങ്ങളെല്ലാം കമ്മ്യൂണിസ്റ്റ്കാർക്കു വേണമെന്നു് ഗോട്ട്വാൾഡ് പ്രസിഡൻറ് ബനെസിനെ നിബ്ബന്ധിക്കുന്നു.



സംയുക്തഗവണ്മെൻറിൻെറ മറപിടിച്ച് അവർ പോലീസിൽ നുഴഞ്ഞുകയറി, പണിമുടക്കുകാരെ നടത്തി.




അവസാനം 1948 ഫെബ്രുവരിയിൽ മുഴുവനും കയ്യടക്കി. "യാതൊന്നും സംഭവിക്കയില്ല – ശാന്തമായിരിക്കുക" എന്നു റേഡിയോ പറഞ്ഞുകൊണ്ടിരുന്നു.



ജാൻമസാരിക്കു് "കുത്തഹതു" ചെയ്തവരെ.




മരണശിക്ഷയ്ക്കു് വിധിക്കപ്പെട്ടവരുടെ മക്കൾ; ഇടത്തുവശത്തു് സ്ത്രീപോലീസു്.



ഗോട്ട്വാൾഡിൻെറ പ്രതിമ.

ത്തുപേക്ഷിക്കുമെന്ന നിലയായി. തൽഫലമായി കമ്മ്യൂണിസ്റ്റ് കരം ആക്രമം സംഘടിപ്പിച്ചു പാർട്ടിക്കാരെക്കൊണ്ട് കമ്മ്യൂണിസ്റ്റിതരനും ജനങ്ങളുടെ ആരാധനാമൂർത്തിയുമായ ജാൻ മസാരിക്കിനെ വധിപ്പിച്ചു. ഒരു രഹസ്യവോട്ടെടുപ്പിൽ കമ്മ്യൂണിസ്റ്റ്കാർ തീരെ പരാജയപ്പെട്ട. അവക്കു മനസ്സിലായി, ഇനി രാജ്യത്തിൽ കമ്മ്യൂണിസ്റ്റിനു യാതൊരു സ്ഥാനവുമില്ലെന്നു്. അവർ ഉടനെ തിരിച്ചടിച്ചു. പ്രേഗിൽ കമ്മ്യൂണിസ്റ്റ്കാരുടെ കീഴിൽ ഒരു ട്രേഡ്യൂണിയൻപ്രകടനം നടത്തി. അവർ ദേശീയസർക്കാർ ഉടൻ രാജിവെക്കണമെന്നു് ഒരു "ജനകീയ പ്രക്ഷോഭണം" ഉൽഘാടനം ചെയ്തു. ഫെബ്രുവരി 25-(1948) സൈന്യങ്ങളുടെയും രാജ്യത്തെ ടാൽസപ്പാട്ട ജോലിക്കാരുടെയും പിൻബലത്താൽ ഈ പ്രകടനക്കാർ പ്രസിഡണ്ടു് ബനെസിനു ഒരു അന്ത്യമസന്ദേശം കൊടുത്തു. ഗത്യന്തരമില്ലാതെ പ്രസിഡണ്ടു് വഴങ്ങിക്കൊടുത്തു. ചെക്കോസ്ലോവാക്യ അന്നുതുടങ്ങി റഷ്യയുടെ ഒരു ഉപഗ്രഹമായി സ്ഥാപിക്കപ്പെട്ട. പ്രസിഡണ്ടു് ബനെസ് — സ്വരാജ്യത്തിനുവേണ്ടി സർവ്വവും ഹോമിച്ച ലോകമഹാൻ — കുറെ ദിവസത്തിനുശേഷം "ആത്മഹത്യ" ചെയ്തു് അന്തരിച്ചു.




1949-ൽ കമ്മ്യൂണിസ്റ്റ് സൈന്യം പീപ്പിംഗിലേയ്ക്കു പ്രവേശിക്കുന്നു.

ചൈന

1949 ഒക്ടോബർ 1 —ാംനു- പെക്കിങ്ങ് നഗരവീഥികളിൽക്കൂടി കമ്മ്യൂണിസ്റ്റ് സൈന്യം മാച്ചുചെയ്യുന്ന ശബ്ദം കേട്ടാണു് നഗരവാസികൾ ഉണർന്നതു്. ഉച്ചഭാഷിണികളിലും റേഡിയോവിൽക്കൂടിയും ഭയാക്രാന്തരായ ജനക്കൂട്ടം, നഗരഭരണം ചീനാ ജനകീയ റിപ്പബ്ലിക്കു് ഏറെറടുത്തിരിക്കുന്നെന്നു് ഒരു വിളംബരവും കേട്ടു. (കൂടുതൽ വിവരങ്ങൾക്കു് രക്തചീന വായിക്കുക) ചീനയിലെ 58 കോടിയോളം ജനങ്ങളെ റഷ്യ നിയന്ത്രിച്ചിരുന്ന കമ്മ്യൂണിസ്റ്റ്സൈന്യം എങ്ങനെ പിടിച്ചടക്കിയെന്നതിനെപ്പററി പലർക്കും പല അഭിപ്രായങ്ങളുണ്ടു്.

1920-ാമാണ്ടായപ്പോൾ ഡോക്ടർ സൺയാററ്സെൻ ചൈനയിൽ ഒരു ഡമോക്രാററിക്കു് ഭരണസമ്പ്രദായം കെട്ടിയുറപ്പിക്കാൻവേണ്ടി യുദ്ധക്കൊതിയന്മാരും പ്രബലരു



ലോകകമ്മ്യൂണിസത്തിന്റെ തലവ
നായ സ്റ്റാലിനു് ചൈനാക്കാ
രുടെ അഭിവാദ്യം

മായ തദ്ദേശ ദുഷ്പ്രഭുക്കന്മാരോടു് യുദ്ധം തുടങ്ങിയിട്ടു പന്ത്രണ്ടുകൊല്ലങ്ങളായി. സ്റ്റാലിൻ ഇതിനിടക്കു് ചൈനയിൽ കൈകടത്താൻ സമയമായെന്നു തീച്ചയാക്കി. അതുകൊണ്ടു ലനിൻ ചൈനയുമായി ഒരു സഖ്യത്തിലേപ്പെട്ടു. ആ സൗഹാർദ്ദസന്ധിവ്യവസ്ഥകളനുസരിച്ചു് ഇരുകക്ഷികളും മറുരാജ്യത്തിലെ ഭരണക്രമത്തിനെതിരായി പ്രചാരണം നടത്തുകയില്ലെന്നും ഇരുരാജ്യങ്ങളും സൗഹാർദ്ദമായി സഹവർത്തിത്വം പാലിക്കുമെന്നും സമ്മതിച്ചു. ഇങ്ങനെ ചൈനയുടെ സൗഹാർദ്ദം സമ്പാദിച്ചശേഷം റഷ്യ ചൈനയിൽ ബലിഷ്ഠമായ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയെ പുലർത്തി വളർത്തുവാൻ ആരംഭിച്ചു.

[ഇൻഡ്യയുടെ സഹവർത്തിത്വ തത്വത്തിന്റെയും പഞ്ചശീലത്തിന്റെയും തണലിൽ റഷ്യയും റഷ്യയുടെകീഴിൽ ചൈനയും ഈ രാജ്യത്തു് ബലിഷ്ഠമായ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയെ കെട്ടിപ്പുലർത്തുന്നപോലെ.]

ഈ ഉടമ്പടിയെ സ്റ്റാലിൻ പാർട്ടിനിരയ്ക്കു് ഇങ്ങനെ വ്യാഖ്യാനിച്ചുകൊടുത്തു: "കമ്മ്യൂണിസ്റ്റ് പാർട്ടിയും, സെനിന്റെ പ്രജായത്തസിദ്ധാന്തവും തമ്മിൽ ഉത്തരദക്ഷിണ ധ്രുവങ്ങളെപ്പോലെ പൊരുത്തക്കേടുള്ള രണ്ടു സിദ്ധാന്തങ്ങളാണു്—" പക്ഷേ, സൺയാറ്റ് സെന്നിന്റെ ജനസ്വാധീനം മൂഷണംചെയ്തു് പാർട്ടിതാല്പര്യത്തെ വിപുലപ്പെടുത്തുന്നതിനു് 1922-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി കൈഷക്കിന്റെ പ്രജായത്തപാർട്ടിയോടു യോജിച്ചു് ഒരു ഐക്യമുന്നണി ഉണ്ടാക്കി. മനസ്സില്ലാമനസ്സോടാണെങ്കിലും കൈഷക്കു് ഇതിനു സമ്മതിച്ചു. ഈ ക്രുട്ടുകെട്ടിനു് അമേരിക്കൻ വിദേശവകുപ്പുദ്യോഗസ്ഥന്മാരുടെ സമ്മർദ്ദം ഉണ്ടായിരുന്നെന്നാണു് പറയപ്പെടുന്നതു്. അങ്ങനെ കൈഷക്കു് സർവ്വസൈന്യാധിപനും ചൌ-എൻ-ലൈ രാഷ്ട്രീയവകുപ്പു മേധാവിയുമായി ഒരു ക്രുട്ടുഗവർമ്മെണ്ടുണ്ടാക്കുന്നതിനിടയായി. ഈ സാഹചര്യം ചൌ-എൻ-ലൈ നല്ലവണ്ണം മൂഷണംചെയ്തു. പ്രജായത്ത പാരമ്പര്യമുള്ള കൊമിന്താങ്ങ് പാർട്ടി നിരയിൽ വളരെ അധികം കമ്മ്യൂണിസ്റ്റ്കളെ തിരുകിക്കയറ്റാൻ അദ്ദേഹത്തിനു സാധിച്ചു.

1926-ൽ കൈഷക്കു് തന്റെ കീഴിലുള്ള സൈന്യത്തിൽ കടന്നുകൂടിയ കമ്മ്യൂ



എതിർത്താൽ ഇതാണു ഗതി. ഒന്നരക്കോടി ചൈനാക്കാർ ചത്തു കഴിഞ്ഞു.

ണിസ്റ്റ്കാരെയെല്ലാം അറസ്റ്റ്ചെയ്തു. തന്റെ റഷ്യൻഉപദേഷ്ടാക്കളെ വളഞ്ഞുപിടിച്ചു; രാജ്യത്തിൽ ഒരു സൈനികഭരണം പ്രഖ്യാപിച്ചു.

ഇതു കമ്മ്യൂണിസ്റ്റ്കക്ഷിക്കു് ഒരു വലിയ പരാജയം ആയി. എന്തുചെയ്യണമെന്നറിയാതെ അവർ പരുങ്ങി. ഒരുക്രൂരർ കമ്മ്യൂണിസ്റ്റ്കക്ഷി തനിയെ നില്പാൻതക്ക സ്വാധീനം ലഭിച്ചുകഴിഞ്ഞുവെന്നു വിശ്വസിച്ചു് ഒരു സ്വതന്ത്രപാർട്ടിയായി നിലനിൽക്കുന്നതിനു ശ്രമിച്ചു. പക്ഷേ, തന്ത്രശാലിയും ദീർഘവീക്ഷണപടുവുമായ സ്റ്റാലിൻ ഇതിനെതിരായി നിന്നു. സ്വതന്ത്രമായി നില്പാൻ ഇനിയും കമ്മ്യൂണിസ്റ്റ്പാർട്ടിയ്ക്കു് ശക്തി ലഭിച്ചിട്ടില്ലെന്നും, അതുകൊണ്ടു് ഈ അപമാനം സഹിച്ചുകൊണ്ടു് മുൻക്രൂരകെട്ടിൽത്തന്നെ — കൊമിന്താങ് പാർട്ടിയിൽ — കഴിച്ചുകൂട്ടി അതിൽ ഒരു ഇടതുപക്ഷം സൃഷ്ടിക്കണമെന്നും നിർദ്ദേശിച്ചു. ഈ ചൊൽപ്പടി അനുസരിച്ചു് അവർ കൊമിന്താങ്പാർട്ടിയിൽ ഒരു ഇടതുപക്ഷം സൃഷ്ടിച്ചുതുടങ്ങി. ചിയാങ് അതും സഹിച്ചില്ല, സ്റ്റാലിൻ ഉടൻ തന്റെ നയം മാറ്റി. അതുവരെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നായകന്മാർ പാർട്ടിലൈൻ തെറ്റായി വ്യാഖ്യാനിച്ചു എന്ന ആരോപണം ചുമത്തി എല്ലാ പാർട്ടിനേതാക്കളേയും ഭ്രഷ്ടരാക്കി. മാവോ, ചൌ-എൻ-ലൈ എന്നിവരെ നേതാക്കന്മാരുടെ സ്ഥാനത്തുനിന്നു നീക്കംചെയ്തു. "...ഇവർ അവരുടെ ദുർന്നയം കൊണ്ടു് ചൈനയിലെ ജനകീയവിപ്ലവം അപകടത്തിലാക്കിയിരിക്കുന്നു. അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നയം വ്യഭിചരിപ്പിച്ചുകളഞ്ഞു....." ഇങ്ങനെ കൊമിന്താങ് പ്രമേയം പാസ്സാക്കി. എങ്കിലും ചിയാങ് കമ്മ്യൂണിസ്റ്റ്കാരോടുള്ള തന്റെ യുദ്ധം തുടർന്നുകൊണ്ടേയിരുന്നു. 1930-ൽ കമ്മ്യൂണിസ്റ്റ്കാരെ നിശ്ശേഷം തോല്പിച്ചു് യേനാനപ്പുറം ഓടി

ക്കുവാൻ ചിയാങ്ങിനു സാധിച്ചു. ഈ പലായനമാണു് കമ്മ്യൂണിസ്റ്റ്കാരും ഇപ്പോഴും പുക ഴ്ത്തുന്ന സൈനികയേനാൻ പിൻമാറ്റം.

പക്ഷേ, 1937-ൽ സ്റ്റാലിനു് ഒരു സുവർണ്ണാവസരം ലഭിച്ചു. ജപ്പാൻകാരുടെ അ ന്നത്തെ തള്ളിക്കയറ്റം തടയുവാൻ ചിയാങ്ങിനു കെല്പില്ലാതെ വന്നു. അമേരിക്കയുടെ സഹാ യവും തീരെ കുറഞ്ഞു. തക്കംനോക്കി, ചിയാങ്ങിനെ കമ്മ്യൂണിസ്റ്റ്കാരുമായി ഒരു നൂതന സഖ്യത്തിലേപ്പെട്ടുവാൻ സ്റ്റാലിൻ പ്രേരിപ്പിച്ചു. തന്റെ മുമ്പും പിമ്പും ശത്രുക്കളെ കണ്ടു് അമ്പരന്ന ചിയാങ് ഈ പുതിയ സഖ്യത്തിനു സമ്മതിച്ചു. സ്റ്റാലിന്റെ ആജ്ഞാനുസരണം കമ്മ്യൂണിസ്റ്റുകാരും മൂന്നു വ്യവസ്ഥകളും സമ്മതിച്ചുകൊണ്ടു് ചിയാങ്ങിന്റെ കീഴിൽ ജപ്പാനെ തിരായി യുദ്ധം ചെയ്യാമെന്നേറ്റു.

1) കമ്മ്യൂണിസ്റ്റുസൈന്യങ്ങളെ ചിയാങ്ങിന്റെ മേൽനോട്ടത്തിലും നേതൃത്വത്തിലും നയിക്കാം.

2) സോവിയറ്റ് റിപ്പബ്ളിക്കു് മാതൃകയെ കമ്മ്യൂണിസ്റ്റുകാരും നിർദ്ദേഷം വെടിയാം.

3) ദേശീയ ഗവൺമെണ്ടിനും ചീനജനങ്ങൾക്കും എതിരായ എല്ലാ പ്രചാരണപ്രക്ഷോഭണ ങ്ങളും ഉപേക്ഷിക്കാം. ചിയാങ് ഈ വ്യവസ്ഥകളും സ്വീകരിച്ചു.

കമ്മ്യൂണിസ്റ്റുകാർ അവരുടെ പാരമ്പര്യമനുസ്സരിച്ചു് ഈ വ്യവസ്ഥകളും ബാഹ്യ മായി മാത്രമേ സ്വീകരിച്ചുള്ളൂ. അവരുടെ പുതിയ നിലപാടിനെ പാർട്ടിലൈൻ വ്യക്ത മാക്കിക്കൊടുത്തതിപ്രകാരമാണു്:- ".....എഴുപതുശതമാനവും സ്വന്തം പാർട്ടി വിപുലീ കരണം; ഇരുപതുശതമാനം ഒത്തുതീർപ്പു്; പത്തുശതമാനം പൊതുശത്രുവായ ജപ്പാൻകാരോ ടുള്ള യുദ്ധം....."

ഇൻഡ്യയും ചൈനയും തമ്മിൽ യുദ്ധമോ തക്കമോ ഉണ്ടായാൽ ഇന്ത്യൻ കമ്മ്യൂ ണിസ്റ്റുകളും പുറമേ പ്രഖ്യാപിക്കുന്ന നയപരിപാടികളെ വിലയിരുത്തുന്നതിനുമുൻപു്, ഇതര രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്പാർട്ടികളും അനുവർത്തിച്ചിട്ടുള്ള ഈദ്ദശനയങ്ങളും ഓർത്തിരി ക്കുന്നതു് ബുദ്ധിപൂർവ്വമായിരിക്കും.

ഇങ്ങനെ നിയമപരമായി വ്യക്തിത്വം സിദ്ധിച്ച കമ്മ്യൂണിസ്റ്റ് സൈന്യം അവസ രോചിതം ഒളിയുദ്ധം നടത്തി രാജ്യത്തിലെ വടക്കൻ പ്രദേശങ്ങളെല്ലാം സ്വാധീനമാക്കി. പ്രജായത്തപ്രമാണങ്ങളും മുറുകെപ്പിടിച്ചിരുന്ന ചിയാങ്ങിനു് കമ്മ്യൂണിസ്റ്റുകളുടെ പരി പാടികളെ യഥോചിതം നിയന്ത്രിക്കുവാൻ സാദ്ധ്യമായില്ല. പല സ്വതന്ത്രപ്രജായത്ത ഡമോ ക്രസികൾക്കും അനുഭവപ്പെടാവുള്ള ഒരാപത്താണിതു്. പ്രജായത്ത അണികളിൽ വ്യക്തി സ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ളതിനാൽ യാതൊരു വ്യക്തിയേയും കർശനമായി നിയന്ത്രിക്കാൻ പാടില്ല, മറിച്ചു്, വ്യക്തിത്വമോ സ്വാതന്ത്ര്യമോ അനുവദിക്കാത്ത കമ്മ്യൂണിസ്റ്റ്പാർട്ടിക്കു പാർട്ടിയണികളെക്കൊണ്ടു് സ്വന്തം നയപരിപാടികളെ അക്ഷരശഃ പാലിപ്പിക്കുവാൻ സാ ദ്ധ്യമാണുതാനും.

1941 ആയപ്പോഴേക്കു് കമ്മ്യൂണിസ്റ്റ് സൈന്യങ്ങളും ചിയാങ്ങിന്റെ ദേശീയ സൈന്യങ്ങളും തമ്മിൽ ഒരു തുറന്നയുദ്ധം തുടങ്ങി. 1945-ൽ ജപ്പാൻകാർ ലോകമഹായുദ്ധ ത്തിൽ നിർദ്ദേഷം തോല്പിക്കപ്പെട്ടു. അതിവിപുലമായ അവരുടെ യുദ്ധസാമഗ്രികളും മുഴുവൻ

അമേരിക്കയുടെ സമ്മതത്തോടുകൂടി റഷ്യ കൈവശപ്പെടുത്തി. അതെല്ലാം റഷ്യ, ചീനാ കമ്മ്യൂണിസ്റ്റുകാർക്ക് വിട്ടുകൊടുക്കയും ചെയ്തു. അതോടെ ചിയാങ്ങ് നിസ്സഹായനായി പിൻവാങ്ങി. അങ്ങനെ ചീനാവൻകര മുഴുവൻ കമ്മ്യൂണിസ്റ്റുകാർക്കധീനമായിത്തീർന്നു.

കമ്മ്യൂണിസ്റ്റ് സെല്ലുകൾ കേരളീയർക്ക് സുപരിചിതമാണല്ലൊ. ചൈനയിൽ കമ്മ്യൂണിസ്റ്റുകാർ 250,000 പാർട്ടിസെല്ലുകൾ രൂപീകരിച്ചു. ഗ്രാമങ്ങളിലും ഫാക്ടറികളിലും കർഷകത്തൊഴിലാളി യൂണിയനുകളിലും സ്കൂളുകളിലും കോടതികളിലും എന്നുവേണ്ടാ സർവ്വസ്ഥാപനങ്ങളിലും സെല്ലുകളായി. നിലവിലിരുന്ന എല്ലാ നിയമങ്ങളും റദ്ദ് ചെയ്തു. ജനങ്ങൾക്ക് "മൗലികമായ ചില അവകാശങ്ങൾ" അനുവദിക്കുന്ന ഒരു ഭരണഘടന പ്രസിദ്ധപ്പെടുത്തി. പക്ഷേ, അവയെല്ലാം സ്വതേ അസാധുവാക്കുന്ന പല വകുപ്പുകളും അവയിൽത്തന്നേയുണ്ട്. പ്രയോഗത്തിൽ ജനങ്ങൾക്ക് സ്വാതന്ത്ര്യം നിശ്ശേഷം നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

റഷ്യയിലെപ്പോലെതന്നെ, അക്രമംകൊണ്ടു പിടിച്ചെടുത്ത ഗവൺമെണ്ടിന് അക്രമംകൊണ്ടുമാത്രമെ അതു നിലനിർത്താൻ സാദ്ധ്യമാകയുള്ളുവെന്നു ചീനാ കമ്മ്യൂണിസ്റ്റുകാരും മനസ്സിലാക്കി. തന്മൂലം ചീനാ കമ്മ്യൂണിസ്റ്റുകാരുടെ ആദ്യസംരംഭം എല്ലാ പ്രതിയോഗികളേയും ലിക്വിഡേറ്റ ചെയ്യുക എന്നതായിരുന്നു. 1951-ൽ അതിക്രൂരമായ ഒരു ശുദ്ധീകരണ പ്രസ്ഥാനം അവിടെയും ആരംഭിച്ചു. പ്രതിയോഗികളെ മാത്രമല്ല, ഭാവിയിൽ പ്രതിയോഗികളായേക്കാനിടയുണ്ടെന്നു സംശയിച്ചവരേക്കൂടി "ക്ലൂട്ടക്കൊല" ചെയ്തു. സ്വാഭാവികമായി ചൈനാക്കാർ റഷ്യാക്കാരെക്കാൾ ക്രൂരമനസ്കരാണ്. അതുകൊണ്ട് അവിടത്തെ ശുദ്ധീകരണ പ്രസ്ഥാനവും അതിക്രൂരമായിരുന്നു. ക്രൂരവിസ്താരം, പരസ്യമായ ക്രൂരക്കൊല, ഗ്രാമങ്ങളിൽനിന്നു ആബാലവൃദ്ധം ജനങ്ങളെ ഒന്നാകെ നാടുകടത്തുക മുതലായ ഭീകര മർദ്ദനനടപടികൾകൊണ്ട് സർവ്വജനങ്ങളെയും ഭയപ്പെടുത്തി നിർവീര്യരാക്കി. ഭർത്താക്കന്മാരെ ഭാര്യമാക്കെതിരായും, ഭാര്യമാരെ ഭർത്താക്കന്മാക്കെതിരായും, മക്കളെ മാതാപിതാക്കന്മാക്കെതിരായും, സഹോദരനെ സഹോദരനെതിരായും ചാരവൃത്തിയിലേർപ്പെടുത്തി. 1951-ലെ ഭീകരമർദ്ദനം രണ്ടു കൊല്ലംകൊണ്ടു മൂർദ്ധന്യത്തിലെത്തി. "പഞ്ചവിരുദ്ധപ്രസ്ഥാനം," "ത്രിവിരുദ്ധപ്രസ്ഥാനം" എന്നും മറ്റും അറിയപ്പെട്ടിരുന്ന ശുദ്ധീകരണനടപടികൾ അന്നാണ് ആവിഷ്കരിച്ചതു്. ഈ പ്രസ്ഥാനംവഴി ആർക്കും ആരെയും ഏതു സമയത്തും എന്തു ക്രിമിനൽക്കുറ്റവും ആരോപിച്ചു് സെൽക്കോടതി മുഖാന്തിരം മിന്നൽവിസ്താരം നടത്തി വെടിവെച്ചു കൊല്ലാമെന്നായി. വിദ്യാർത്ഥിനിയായിരുന്നപ്പോൾ അയൽക്കാരിയായ കുട്ടിയുടെ പെൻസിൽ കടം വാങ്ങി ഉപയോഗിച്ചെന്ന കുറ്റം ചുമത്തി ഒരു യജമാനസ്ത്രീയേയും ട്രാഫിക്കുകൾ ലംഘിച്ച റിക്ഷാക്കാരന്റെ വണ്ടി തടഞ്ഞതു് ജനദ്രോഹമാണെന്നു സ്ഥാപിച്ചു് പോലീസ്കാരനേയും വെടിവെച്ചിട്ടുള്ള സംഭവങ്ങൾ വിരളമല്ല. (ക്രൂരതൽ വിവരങ്ങൾക്ക് രക്തച്ചീന വായിക്കുക.)

ഈ ക്രൂരമർദ്ദനം ചൈനയിലാകെ വലിയ ക്ഷാമവും സാമ്പത്തികത്തകർച്ചയും ഉണ്ടാക്കി. ആദ്യമാദ്യം ഗവൺമെണ്ട്, സ്വകായ്യസ്വത്തുക്കൾ പിടിച്ചെടുത്തു കായ്മംനേടി. വിദേശങ്ങളിൽ താമസിച്ചിരുന്ന ചൈനാക്കാരുടെ സമ്പാദ്യങ്ങൾ മുഴുവനായി കണ്ടുകെട്ടി. ഈ സാമ്പത്തികത്തകർച്ചയെ മറച്ചുവെക്കാൻ കള്ളപ്രചാരണങ്ങൾകൊണ്ട് സാധ്യമല്ലാ


തായി. ഇതിനിടയ്ക്ക്", നാട്ടിലെ ജനങ്ങളെ പട്ടിണിയിട്ട് വിദേശവിപണിയെ വമ്പിപ്പിക്കാൻ ഒരു ശ്രമം നടത്തി. അതും ഉദ്ദിഷ്ടഫലം നൽകാതായപ്പോൾ "കമ്മ്യൂൺസ്"" എന്നു പറയപ്പെടുന്ന ഒരു "തൊഴിൽപ്പാളയ"പ്രസ്ഥാനം സാവ്ത്രികമായി നടപ്പാക്കി. പരിഷ്കൃതങ്ങളായ പല കൃഷിസമ്പ്രദായങ്ങളും ഏർപ്പെടുത്തിയെങ്കിലും കർഷകരുടെ ദരിദ്രാവസ്ഥയും കമ്മ്യൂൺസ് പാളയത്തിലെ നിർബ്ബന്ധിതജോലികളും മൂലം ചൈനയിൽ കാർഷികവിഭവങ്ങൾ തീരെ കുറഞ്ഞുപോകയാണുണ്ടായതെന്ന് അടുത്തകാലത്തെ ഗവമ്മെണ്ടു് കണക്കുകൾ വ്യക്തമാക്കുന്നു.

ഇക്കാലത്തുതന്നെ സ്കൂളുകളിലും യുവജനപ്രസ്ഥാനങ്ങളിലും സർവ്വകലാശാലകളിലും മറ്റും കലകൾ, നാടകങ്ങൾ, ഗ്രന്ഥങ്ങൾ മുതലായവകളിൽക്കൂടി ഒരു മസ്തിഷ്കശുദ്ധീകരണപ്രസ്ഥാനവും നിരീശ്വരപ്രസ്ഥാനവും ചൈനയിൽ ആരംഭിക്കയുണ്ടായി. പക്ഷേ, ഇവയെല്ലാം പൊതുജനങ്ങളുടെ പിൻതുണ നേടുവാൻ ചൈനാഗവമ്മെണ്ടിനു് സാദ്ധ്യമായില്ല. ജനങ്ങളുടെ ശ്രദ്ധയെ മറ്റു മാർഗ്ഗത്തിൽ തിരിച്ചുവിടുവാൻ സ്വാഭാവികമായിത്തന്നെ ചൈന ഒരു സാമ്രാജ്യവിപുലീകരണത്തിനൊരുങ്ങിയിരിക്കുകയാണു്.

1949-ൽ മാവോ ഇങ്ങനെ പ്രഖ്യാപിച്ചു:—"...ചൈനയിലെ ഗവമ്മെണ്ടധികാരം പിടിച്ചെടുക്കുക എന്നതു് ഞങ്ങളുടെ ഒരുലക്ഷംമൈൽയാത്രയുടെ ആദ്യപടി മാത്രമാണു്..." എന്നു്.

ചൈനയുടെ ഈ സാമ്രാജ്യവിപുലീകരണം തുടർന്നു വിശദീകരിക്കാം.

ഏഷ്യയിൽ ചൈനയുടെ സാമ്രാജ്യവിപുലീകരണം



സോവിയറ്റ്യൂണിയന്റെ ഔദ്യോഗികമുദ്ര നോക്കുക: ഭൂഗോളത്തിന്റെ ചിത്രത്തിന്മേൽ അരിവാളും ചുറ്റികയും പതിച്ചിരിക്കുന്നു. കൊത്തിയിരിക്കുന്ന ലിപി തമോ, "ആഗോളതൊഴിലാളിവർഗ്ഗമേ, സംഘടിക്കുക" എന്നും.

പലർക്കും അറിഞ്ഞുകൂടാ, സോവിയറ്റ്യൂണിയൻ സർവ്വലോകകമ്മ്യൂണിസ്റ്റാധിപത്യത്തിന്റെ നെടുംകോട്ടയായി വിരാജിച്ചുകൊണ്ടു് ഉജ്ജ്വലസഫലതയോടുകൂടി ഒരു സാമ്രാജ്യവിപുലീകരണയത്നത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നു്. ഏഷ്യയിലും മദ്ധ്യപൂർവ്വപ്രദേശത്തുമാണു് ഈ സംരംഭം വ്യക്തമായി കാണാവുന്നതു്. ആ രാജ്യങ്ങൾ ഈയിടെ സ്വാതന്ത്ര്യം പ്രാപിച്ചവകയോ, അഥവാ, അതിന്റെ വക്കത്തെത്തിയവയോ ആണു്. അവിടങ്ങളിലുള്ള ജനങ്ങളുടെ ഉജ്ജ്വലദേശീയഭാവത്തെ കമ്മ്യൂണിസ്റ്റ്കാർ മുഷ്ണംചെയ്തു് അവിടെ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുവാൻ യത്നിക്കുക എന്നതാണു് കമ്മ്യൂണിസ്റ്റ്കാരുടെ യുദ്ധകാലാനന്തരനയം എന്നു വ്യക്തമായിട്ടുണ്ടു്. ഏഷ്യയിൽ ഇപ്പോൾത്തന്നെ 60 കോടി ജനങ്ങളെയും, 7,513,062 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള സ്ഥലങ്ങളും അവർ പിടിച്ചട

ക്കിക്കഴിഞ്ഞു. മറ്റു രാജ്യങ്ങളിൽ, വിശിഷ്യ, ഇൻഡ്യയിൽ അവരുടെ ഭീഷണി മുഴങ്ങിത്തുടങ്ങിയിട്ടുണ്ട്. സൂക്ഷ്മതയോടും ജാഗ്രതാപൂർവ്വവും കാര്യങ്ങൾ ഗൗനിക്കേണ്ടിയിരിക്കുന്നു. മറ്റു രാജ്യങ്ങളിൽ:—

വിദൂരമംഗോളിയ

1921-ൽ സോവിയറ്റ് നേതൃത്വത്തിലുള്ള "മംഗോളിയൻ ജനകീയസേന" ചൈനയുടെ അധീനത്തിലുള്ള മംഗോളിയ പരോക്ഷമായി ആക്രമിച്ച് അവിടെ ഒരു മംഗോളിയൻ ജനകീയ റിപ്പബ്ലിക്ക് സ്ഥാപിച്ചു. 1945-ൽ "ജനഹിതപരിശോധന" എന്ന പേരിൽ ഒരു തന്ത്രം നടത്തി മംഗോളിയ ദേശീയ ചീനയിൽനിന്ന് വേർപെട്ട ഒരു സ്വതന്ത്രരാഷ്ട്രമാണെന്ന സ്ഥാപിച്ചു. അങ്ങനെ അതു് ഇന്നു് സോവിയറിന്റെ ഒരു ഉപഗ്രഹമായിക്കഴിയുന്നു.

ടാന്നുടുവാ

1921-ൽ സോവിയറ്റ് റഷ്യ ടാന്നുടുവായുടെ സ്വാതന്ത്ര്യം അംഗീകരിച്ചു. അതുവരെ അതു് ദേശീയചൈനയുടെ ഒരു പ്രോവിൻസ് മാത്രമായിരുന്നു. 1944-ൽ സോവിയറ്റ് റഷ്യയുടെ ഭാഗമെന്നു പ്രഖ്യാപിക്കുകയും ചെയ്തു.

മഞ്ചൂറിയ

1924-ൽ മഞ്ചൂറിയയുടെ രക്ഷനാഡിയായ ചീന റയിൽവേയുടെ ക്രട്ടടമസ്ഥത കൈക്കലാക്കി. രണ്ടാംലോകമഹായുദ്ധത്തിനു ശേഷം മഞ്ചൂറിയായിൽ സോവിയറ്റ് സേനയെ താവളമുറപ്പിക്കുന്നതിനു് ഒരു സന്ധിവ്യവസ്ഥയുണ്ടാക്കി. ഇപ്പോൾ മഞ്ചൂറിയൻ തുറമുഖങ്ങളും റയിൽവേകളും സോവിയറ്റ് നിയന്ത്രണത്തിലാണു്. വാസ്തവത്തിൽ മഞ്ചൂറിയായും ഒരു ഉപഗ്രഹമായിത്തീർന്നിരിക്കയാണു്.

സിങ്കിയാങ്ങ്

1920 മുതൽ 42 വരെ യു. എസ്സ്. എസ്സ്. ആർ. ഈ രാജ്യത്തുനിന്നു് ചില സാമ്പത്തിക സൗജന്യങ്ങൾ നേടി. ആ രാജ്യത്തെ വിഭവങ്ങൾ സോവിയറ്റ് റഷ്യയിലേയ്ക്കു് ഒരു കുറഞ്ഞ വിലയ്ക്കു് കയറ്റുമതിചെയ്യാമെന്നും, റഷ്യ നിശ്ചയിക്കുന്ന വിലയ്ക്കു് റഷ്യയിൽനിന്നുമാത്രം പല റഷ്യൻസാമഗ്രികളും വാങ്ങിക്കൊള്ളാമെന്നുമായിരുന്നു അതു്. അങ്ങനെ സാമ്പത്തികമായി ആ രാജ്യത്തെ ചൂഷണംചെയ്തു് നശിപ്പിച്ചശേഷം 1944-ൽ അവിടെ റഷ്യയുടെ നിയന്ത്രണത്തിൽ ഒരു "ജനകീയ റിപ്പബ്ലിക്കു്" പ്രഖ്യാപിച്ചു. 1950-ൽ ഉണ്ടാക്കിയ ചീന റഷ്യൻ ഉടമ്പടിക്കുശേഷം ആ രാജ്യവിഭവങ്ങൾ ഇന്നു് ഇരുരാജ്യങ്ങളുംകൂടി ചൂഷണം ചെയ്യുകയാണു്.

ചീന

മുൻപേജുകളിൽ ചീനയിൽ കമ്മ്യൂണിസ്റ്റാധിപത്യം സ്ഥാപിച്ചതെങ്ങനെയെന്നു് വിശദമാക്കിയിട്ടുണ്ടല്ലൊ. മറ്റു രാജ്യക്കാരെ വഞ്ചിപ്പാൻ, ചീനാകമ്മ്യൂണിസ്റ്റുകളും റഷ്യൻ കമ്മ്യൂണിസ്റ്റുകളും വ്യത്യസ്തമെന്നും ഒന്നു് ഒന്നിനെ നിയന്ത്രിച്ചുകൊള്ളുമെന്നും ഒരു വലിയ പ്രചാരണം നടത്തിയിരുന്നു. പല സ്വതന്ത്ര രാജ്യങ്ങളും ഈ കുട്ട

ക്കിൽപ്പെട്ട് ഇപ്പോഴും ഭൗമശരായിത്തീർന്നിരിക്കയാണ്. ചീനാകമ്മ്യൂണിസ്റ്റ്കാർ ചീനയുടെ മേലുള്ള ആധിപത്യം കൊണ്ടുമാത്രം തൃപ്തിയടഞ്ഞിരുന്നില്ല. അവർ കൊറിയ പിടിച്ചടക്കി; കാലന്തരത്തിൽ ടിബറ്റും കൈവശപ്പെടുത്തി. വിയറ്റ്നാമിലും ലാവോസിലും കംബോഡിയായിലുമുണ്ടായിരുന്ന സ്വരാജ്യദ്രോഹികളും തങ്ങളുടെ ഹിതാനുവർത്തികളുമായിരുന്ന "ജനകീയ സൈന്യങ്ങളെ" സംഘടിപ്പിച്ച് ആ രാജ്യങ്ങളെ സ്വന്ത ചൊൽപ്പടിയ്ക്കു വിധേയമായ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളാക്കി.

വടക്കൻ കൊറിയാ

ലോകമഹായുദ്ധവിരാമസന്ധിയനുസ്സരിച്ച് സോവിയറ്റ്സേന, യുദ്ധാനന്തരം വടക്കൻ കൊറിയ വിട്ടുമാറേണ്ടിയിരുന്നു. അവിടെ ഒരു സ്വതന്ത്ര തെരഞ്ഞെടുപ്പു നടത്തേണ്ടിയുമിരുന്നു. എന്നാൽ ഇവയൊന്നും സോവിയറ്റ് റഷ്യ ചെയ്തില്ല. സ്വന്തം സൈന്യബലം ഉപയോഗിച്ച് ആ രാജ്യവും ഒരു കമ്മ്യൂണിസ്റ്റ് ഉപഗ്രഹമാക്കിത്തീർക്കുകയാണു ചെയ്തത്. ഇന്നും അവിടെ ഒരു സ്വതന്ത്രതെരഞ്ഞെടുപ്പ് പോലും അനുവദിക്കപ്പെട്ടിട്ടില്ല; എന്നു മാത്രമല്ല, തെക്കൻകൊറിയായെ ആക്രമിക്കുകയും ചെയ്തു. ഇന്നു്, തെക്കൻകൊറിയ, സ്വതന്ത്രരാജ്യസഖ്യത്തിന്റെ കീഴിലുള്ള ലോകസൈന്യത്തിന്റെ ബലത്തിന്മേൽ ആശ്രയിച്ച് ചീനയുടെ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു.

ടിബറ്റ്


ചൈനാവൻകര കമ്മ്യൂണിസ്റ്റ്കാർ പിടിച്ചടക്കുമ്പോൾ ടിബറ്റ് ഒരു സ്വതന്ത്രരാജ്യമായിരുന്നു. പക്ഷേ, പഞ്ചശീലത്തിന്റെയും മറവും മറപിടിച്ച് ചൈന ടിബറ്റിന്റെമേൽ ഒരു അധീശത്വം അവകാശപ്പെട്ടു. ഈ അവകാശവാദം തെറ്റായി അയൽരാജ്യമായ ഇന്ത്യ അംഗീകരിച്ചു. അതിന്റെ തണലിൽ ചീനാസേനയുടെ നില ടിബറ്റിൽ ഉറപ്പിച്ചശേഷം ആഭ്യന്തരമായി അതിനെ ആക്രമിച്ച് ഒരു ചൈനാപ്രോവിൻസാക്കിത്തീർത്തു; രാജ്യത്തിന്റെ ന്യായമായ അധികാരിയായ ദലായ്ലാമയെ ബഹിഷ്കരിച്ച് ചീനയുടെ വെറും പാവയായ പഞ്ചലാമയെ പ്രസ്തുത സ്ഥാനത്തേക്കുയർത്തി. അദ്ദേഹവും ഇപ്പോൾ തടങ്കലിലാണെന്നു പറയപ്പെടുന്നു. ഏതായാലും ഇന്നു് ടിബറ്റ് ചൈനയുടെ ഒരു പ്രോവിൻസെന്നപോലെ ചൈനയുടെ രക്തപങ്കിലമായ ഹസ്തങ്ങളിൽക്കിടന്നു പിടയുകയാണു്.

ലാവോസ്

ടിബറ്റ് ഇങ്ങനെ കൈവശപ്പെടുത്തുന്നതിനുമുമ്പു് സമീപരാജ്യങ്ങളും ചൈനയ്ക്കധീനമാക്കേണ്ടിയിരുന്നു. അതിനു്, 1953-ൽ വിയറ്റ്മിൻ കമ്മ്യൂണിസ്റ്റ്സേന, അയൽരാജ്യമായ ലാവോസിനെ ആക്രമിച്ചു. അവർ ആക്രമണം നടത്തുന്നതു് "വിമോചനസേന" എന്ന പേരും സ്വീകരിച്ചാണു്. എവിടേയും സ്വതന്ത്രരാജ്യങ്ങളെ സ്വാതന്ത്ര്യത്തിൽനിന്നു് അടിമത്വത്തിലേയ്ക്കു് വലിച്ചുതാഴ്ത്തുന്ന ഈ വിമോചനസേന ലാവോസിനെതിരായ ആക്രമണം ഇന്നും തുടർന്നുകൊണ്ടിരിക്കയാണു്.

കംബോഡിയാ

1954-ൽ വിയറ്റ്മിൻ കമ്മ്യൂണിസ്റ്റ് സേന കംബോഡിയാ ആക്രമിച്ചു. പക്ഷേ, അതിനു വളരെക്കൊല്ലങ്ങൾക്കുമുമ്പുതന്നെ കമ്മ്യൂണിസ്റ്റ്കാർ അവിടെ നുഴഞ്ഞുകയറി ആഭ്യന്തരകലഹമുണ്ടാക്കിയശേഷമാണ് ഈ ആക്രമണത്തിനു മുതിർന്നത്.



വിയറ്റ്നാം

സ്വാതന്ത്ര്യത്തിനു ദാഹിക്കുന്ന ജനതയുടെ സ്വാതന്ത്ര്യേച്ഛ ചൂഷണം ചെയ്ത് കമ്മ്യൂണിസ്റ്റാധിപത്യം സ്ഥാപിക്കുന്ന റഷ്യൻ തന്ത്രത്തിനു വിയറ്റ്നാം ഒരു ഉത്തമ ദൃഷ്ടാന്തമാണ്. 1946-നു ശേഷം പൂർണ്ണസ്വാതന്ത്ര്യത്തിന്റെ പേരിൽ കമ്മ്യൂണിസ്റ്റ് നിയന്ത്രണത്തിലുള്ള വിയറ്റ്മിൻ സേന ആരംഭിച്ച ആഭ്യന്തരയുദ്ധം ആ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത തകർത്തു എന്നു മാത്രമല്ല, 2,000,000 ആളുകൾ ഭവനരഹിതരായി ജീവസന്ധാരണത്തിനുപോലും മാർഗ്ഗമില്ലാതെ കഷ്ടപ്പെട്ട് നാടുവിടേണ്ടിയും വന്നു.

വിയറ്റ്മിന്റെ നായകനായ ഹോ-ചി മിൻ മോസ്കോയിൽ പരിശീലിപ്പിക്കപ്പെട്ട ഒരു വിപ്ലവകാരിയും, ഫ്രഞ്ചു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനയിതാവുമാണ്. 1920-ൽ ഇദ്ദേഹം, ചൈനയിലെ റഷ്യൻ ഏജന്റായ ബൊറോഡിന്റെ കൂടെ ചൈനയിലേക്കയയ്ക്കപ്പെട്ടു. അവിടെവച്ച് "വിയറ്റ്നാം വിപ്ലവലീഗ്" എന്ന ഒരു കമ്മ്യൂണിസ്റ്റ് സംഘടന ഇദ്ദേഹം രൂപീകരിച്ചു. 1930-ൽ ഈ സംഘടനയെ ഇൻഡോ-ചൈനാ-കമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപാന്തരപ്പെടുത്തി. രണ്ടാം ലോകമഹായുദ്ധാരംഭം വരെ ഇതു് ഒരു ന്യൂനപക്ഷം മാത്രമായിരുന്നു. ജപ്പാൻകാരുടെ ആക്രമണത്തിൽ ഫ്രഞ്ചുകാർ പരാജയപ്പെട്ടതോടെ ഹോ, രാജ്യത്തിന്റെ സ്വാതന്ത്ര്യം സമ്പാദിപ്പാൻ ഒരു പൊതു ആഹ്വാനം നടത്തി. തൽഫലമായി മറ്റു പാർട്ടികളെ ചേർത്ത് ഒരു ഐക്യമുന്നണി സ്ഥാപിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ഈ ഐക്യമുന്നണി, വിയറ്റ്നാം ഡമോക്രാറ്റിക് റിപ്പബ്ലിക്കു് പ്രഖ്യാപിക്കുകയും ഫ്രഞ്ചുകാരോടു വിശ്വസ്തത വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ വാഗ്ദാനത്തിൽ വിശ്വസിച്ച ഫ്രഞ്ചുകാർ ഗവർമ്മെണ്ടു് ഹോയുടെ പാർട്ടിയ്ക്കു് ഒഴിഞ്ഞുകൊടുക്കുകയും ഹോയുടെ ഗവമ്മെണ്ടിനെ അംഗീകരിക്കുകയും അതിനു് സൈനിക സഹായം ചെയ്തുകൊടുക്കുകയും ചെയ്തു. രണ്ടുമാസം കഴിഞ്ഞില്ല, ഹോ, മിന്നൽവേഗത്തിൽ ഫ്രഞ്ചുകാരെ ആക്രമിച്ചു. വിയറ്റ്നാം ഒരു കൊടിയ ആഭ്യന്തരയുദ്ധത്തിൽ കടുങ്ങി. വിയറ്റ്നാമിനു്, റഷ്യൻ ഉപദേഷ്ടാക്കളെക്കൂടാതെ, റഷ്യയുംപ്പെടെയുള്ള എല്ലാ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും ധാരാളമായ സൈനികസഹായം ചെയ്തു. ഹോ-ചി-മിൻ സഖാവു മലങ്കോവിനോടും യു. എസ്സ്. എസ്സ്. ആർ-നോടും തനിയ്ക്കുള്ള പരിപൂർണ്ണ ഐക്യം തുറന്നു പ്രഖ്യാപിച്ചു.

കൊറിയാ

കൊറിയായുടെ ചരിത്രം പ്രസിദ്ധമാണല്ലൊ. ലോകമഹായുദ്ധാനന്തരം ജപ്പാന്റെ അധീനത്തിലിരുന്നിരുന്ന കൊറിയയിലെ ജപ്പാൻസൈന്യത്തെ നിരായുധരാക്കുന്നതിനു് സ്വരാജ്യസഖ്യത്തിന്റെ അനുവാദത്തോടുകൂടി റഷ്യൻസൈന്യം കൊറിയയിൽ താവളമുറപ്പിച്ചു പക്ഷേ, ജപ്പാന്റെ പിൻമാറ്റം പൂർണ്ണമായിട്ടും എല്ലാ സന്ധിനിബന്ധനകൾക്കുമെതിരായി റഷ്യ സൈന്യത്തെ പിൻവലിക്കാൻ വിസമ്മതിച്ചു. ഉടമ്പടിപ്രകാരം കൊറിയയിൽ ഒരു തെരഞ്ഞെടുപ്പു നടത്താൻ സ്വരാജ്യസഖ്യം ഒരു കമ്മീഷനെ അയച്ചു. പ്രസ്തുത കമ്മീഷനെ, കൊറിയയിൽ പ്രവേശിക്കാൻ റഷ്യ അനുവദിച്ചില്ല. അതിനുശേഷം, സ്വന്തം രീതിയിൽ റഷ്യ ഒരു തെരഞ്ഞെടുപ്പു് കൊറിയയിൽ നടത്തി. റഷ്യ നിർദ്ദേശിച്ചുകൊടുത്ത ഏകമെമ്പറെ മാത്രം വോട്ടറന്മാർക്കു് വോട്ടുചെയ്യുവാൻ അനുവദിച്ച ഒരു തെരഞ്ഞെടുപ്പു പ്രഹസനം.

1948-ൽ റഷ്യ കൊറിയയിൽ പരസ്യമായ ഒരു ഉപഗ്രഹം സൃഷ്ടിച്ചു. റഷ്യയുടെ മറ്റു് ഉപഗ്രഹങ്ങളിൽനിന്നും പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട 2000 സോവിയറ്റുകൊറിയന്മാരുൾപ്പെട്ട ഒരു കമ്മ്യൂണിസ്റ്റ്പാർട്ടിയെ വടക്കൻകൊറിയയുടെ സ്വാധിപത്യം ഏല്പിച്ചുകൊടുത്തു. അനന്തരം 1949 ജൂൺ 25-ാംനു- പ്രസ്തുത ഗവമ്മെണ്ടു് ദക്ഷിണകൊറിയയുടെനേരെ യുദ്ധം പ്രഖ്യാപിക്കുകയും തുടർന്നു് ആക്രമണം നടത്തുകയുമുണ്ടായി. അതേ സമയം സ്വരാജ്യസഖ്യത്തിന്റെ കീഴിൽ രൂപീകരിച്ച ഒരു സൈന്യവ്യൂഹം ദക്ഷിണകൊറിയയെ സംരക്ഷിച്ചു. യുദ്ധത്തിൽ ഉത്തരകൊറിയ പരാജയപ്പെട്ടുതുടങ്ങി. അതോടുകൂടി ചൈന ഉത്തരകൊറിയയുടെ ഭാഗത്തുചേർന്നു് യുദ്ധം ക്രൂരതൽ ശക്തിപ്പെടുത്തി. ഇന്നു് കൊറിയ രണ്ടായി വിഭജിക്കപ്പെട്ടിരിക്കയാണു്. കമ്മ്യൂണിസ്റ്റ്കൊറിയാ ഇന്നും ദക്ഷിണകൊറിയയെ ഏതുസമയവും വിഴുങ്ങുവാൻ ഒരുങ്ങി ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

അങ്ങനെ റഷ്യ, ഏഷ്യയിൽ മുഴുവനായി ഒരു വലയം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണു് ലനിൻ പ്രഖ്യാപിച്ചിട്ടുണ്ടു്, ചൈനയിൽക്കൂടി ഇൻഡ്യയിൽക്കടന്നു് മദ്ധ്യപൂർവ്വപ്രദേശങ്ങളിലൂടെ തിരിഞ്ഞു് പശ്ചിമയൂറോപ്പു മുഴുവൻ പിടിച്ചടക്കി, റഷ്യയുടെ കീഴിൽ ഒരു അഖിലലോക കമ്മ്യൂണിസ്റ്റ്രാഷ്ട്രം പണിതുയർത്തണമെന്നു്.

കമ്മ്യൂണിസ്റ്റടിമരാഷ്ട്രങ്ങളുടെ ജൈത്രയാത്രയുടെ മുമ്പിൽ നില്ക്കുന്ന മഹത്തായ ഏകസ്വതന്ത്രരാജ്യം ഇന്ത്യയാണു്. അതിനെ അടിപ്പെടുത്തി റഷ്യൻ നുകത്തിനുകീഴിലാക്കാൻ അകത്തുനിന്നു് കമ്മ്യൂണിസ്റ്റ്പാർട്ടിയും പുറമേനിന്നു് ചൈനയും റഷ്യയുടെ ചൊല്പടിയനുസ്സരിച്ചു് അത്യദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുന്നു. അതിനെപ്പറ്റി പിന്നാലെ വിശദീകരിക്കാം.

കമ്മ്യൂണിസ്റ്റ് ഭീഷണി — പശ്ചിമയൂറോപ്പ്

ലോകത്തിലെ മറ്റുരാജ്യങ്ങളിലെന്നപോലെ പശ്ചിമയൂറോപ്പിലും ബലാല്ക്കാരമായി അധികാരം പിടിച്ചെടുക്കത്തക്കവിധമുള്ള ഒരു പരിതസ്ഥിതി സൃഷ്ടിക്കുന്നതിലാണു് കമ്മ്യൂണിസ്റ്റ്കളുടെ ലക്ഷ്യം കേന്ദ്രീകരിച്ചിരിക്കുന്നതു്.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം പ്രസ്തുത രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുവൃന്ദം തന്നെ "ഐക്യമുന്നണി" രൂപം കൈക്കൊണ്ടുകൊള്ളുക എന്നതായിരുന്നു. ഈ സംരംഭം പ്രഥമവീ



ക്ഷണത്തിൽ തോന്നാവുന്നപോലെ മറ്റു കമ്മ്യൂണിസ്റ്റിതരപാർട്ടികളോട് യോജിച്ചു പ്രവർത്തിക്കുവാനായിരുന്നില്ല, മറിച്ച്, ജനാധിപത്യങ്ങളെ വിവിധ നിലപാടുകളിൽ നിന്ന് തങ്ങളുടെ കക്ഷിക്കനുകൂലമായി സംഘടിപ്പിക്കുന്നതിനും മറ്റു കക്ഷികളുടെ ജനസ്വാധീനം തങ്ങളുടെ സ്വന്തം പാർട്ടിയുടെ വളർച്ചയ്ക്കുവേണ്ടി മൂഷണം ചെയ്യുന്നതിനുമായിരുന്നു. അവരുടെ പ്രാരംഭമുദ്രാവാക്യങ്ങൾ "വർഗ്ഗസമര"ത്തെപ്പറ്റിയായിരിക്കുകയില്ല; പ്രത്യുത, ദേശീയപരവും സ്വരാജ്യക്ഷേമത്തെ സംബന്ധിച്ചതുമായിരിക്കും. മറ്റു പാർട്ടികളെക്കാൾ ദേശീയാഭിലാഷങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുവാൻ ശക്തരും പ്രാപ്തരുമാണ് തങ്ങളെന്ന ഒരു ബോധം മറ്റുള്ളവരിൽ കൈവരുത്തുവാൻ തങ്ങളാൽത്തന്നെ അസാദ്ധ്യമായ വാഗ്ദാനങ്ങൾ വെറുതെയങ്ങു പ്രചരിപ്പിക്കും; അമേരിക്ക തുടങ്ങിയ പശ്ചിമരാജ്യങ്ങളോടുള്ള മമത രാജ്യക്ഷേമത്തിനു ഹാനികരമാണെന്നു പ്രചാരണം നടത്തും; ഓരോ വിഭാഗക്കാരെ തിരിച്ച് അവരുടെ സ്വകാര്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നാലും അതൊക്കെ അമിതമായി സാധിച്ചുകൊടുക്കാമെന്ന് ഒറ്റതിരിച്ച് വാഗ്ദാനം ചെയ്യും; ചെറു ഉടമകളോടു ചേർന്ന് വൻജന്മികൾക്കെതിരായും, വൻജന്മികളോടു ചേർന്ന് അവർക്ക് ഹിതമായും, ചെറുകച്ചവടക്കാരോടു ചേർന്ന് അവർക്കനുകൂലമായും ബുദ്ധിജീവികളോടു ചേർന്ന് അവർക്ക് സർവ്വസൗകര്യങ്ങളും വാഗ്ദാനം ചെയ്തും അങ്ങനെ വെവ്വേറെ നില്ക്കുന്ന എല്ലാ ഗണങ്ങളുടേയും പൊതു ആനുകൂല്യം തന്ത്രത്തിൽ സമ്പാദിക്കും. ഇതിലേയ്ക്കായി അവർ നേരിട്ടോ, ധനസഹായം ചെയ്ത് മറ്റുള്ളവരെക്കൊണ്ടോ കാര്യം നേടും. അങ്ങനെ അനേകം വർത്തമാനപ്പത്രങ്ങളും, ഗ്രന്ഥങ്ങളും, ഗ്രന്ഥശാലകളും, നാടകവേദികളും, ക്ലബ്ബുകളും, സ്റ്റഡിക്ലാസ്സുകളും, യുവജന സംഘടനകളും ഉടലെടുക്കും. ഇവയെല്ലാം തന്നെ ആകർഷകമായ പുരോഗമനശീർഷകത്തിലായിരിക്കുകയും ചെയ്യും. ഇവയിൽ വളരെ ചുരുക്കം മാത്രമേ പാർട്ടിനാമത്തിലായിരിക്കുകയുള്ളൂ. ഇങ്ങനെ അവരുടെ ശക്തി തക്കസമയംവരെ വെളിപ്പെടുത്താതിരിക്കാനും മറുപക്ഷങ്ങളിൽ വളരെയധികം നുഴഞ്ഞുകയറി അവയെ ബലഹീനമാക്കുവാനും സാധിക്കുന്നു.



പാരീസിൽ കമ്മ്യൂണിസ്റ്റ്കാരും പോലീസുകാരും തമ്മിൽ തെരുവുയുദ്ധം. അറസ്റ്റ്ചെയ്യപ്പെട്ട ഡുക്ലോസിന്റെ ഡയറിയിൽ സംഭവം സംഘടിപ്പിച്ചതിന്റെ തെളിവുകളുണ്ടായിരുന്നു.

ഈവിധത്തിൽ പശ്ചിമയൂറോപ്പിലെ ഡമോക്രസികൾക്കെതിരായി ഒരു നിരന്തര ശീത സമരം നടത്തുന്നതിന് കമ്മ്യൂണിസ്റ്റ്കാർക്ക് അതിവിപുലമായ ഒരു പ്രചാരണയന്ത്രം തന്നെയുണ്ട്. അവരുടെ ഗ്രന്ഥപ്രചാരണം വൻതോതിൽ എല്ലാ നിലവാരങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. അവരുടെ പുസ്തകങ്ങളും മുദ്രാവാക്യങ്ങളും എല്ലാ പബ്ലിക്ക് സ്ഥാപനങ്ങളിലും കടന്നുകൂടിയിട്ടുണ്ട്. അവരുടെ സമാധാനപ്രസ്ഥാനങ്ങളും മറ്റു പരിപാടികളും ജനസാമാന്യത്തെ വളരെയധികം ആകർഷിക്കുവാൻ മതിയായവയാണ്. എല്ലാവിധ യുവജനസംഘടനകളിലും സ്ത്രീസമാജങ്ങളിലും കമ്മ്യൂണിസ്റ്റ് വിരുദ്ധസംഘടനകളിൽപ്പോലും അവർ സൂത്രത്തിൽ കടന്നുകൂടിയിട്ടുണ്ട്. ഈ തന്ത്രങ്ങൾ മനസ്സിലാക്കിയ മറ്റു പാർട്ടികൾ ഇപ്പോൾ കൂടുതൽ ജാഗരൂകരായിക്കഴിയുന്നുണ്ടെങ്കിലും ഇപ്പോഴും അവരുടെ വോട്ടിംഗ്ശക്തി ഏകദേശം 30 ലക്ഷത്തോളമുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

ഓരോ രാജ്യത്തിലെയും കമ്മ്യൂണിസ്റ്റ്പാർട്ടികൾ വിവിധതരത്തിലുള്ള മുദ്രാവാക്യങ്ങൾ സൃഷ്ടിച്ച് അവയോരോന്നും വിവിധ ദേശീയസംഘടനകളാണെന്ന ഒരു മിഥ്യാബോധം ജനതാമദ്ധ്യത്തിലുളവാക്കുക കമ്മ്യൂണിസ്റ്റ്കാരുടെ മറ്റൊരു രീതിയാണ്. അതുപോലെതന്നെ ഓരോ രാജ്യത്തിലെയും ദേശീയാവസ്ഥകൾക്കനുരൂപമായി കമ്മ്യൂണിസ്റ്റ്പാർട്ടി അതിന്റെ നയപരിപാടികളും തന്ത്രങ്ങളും മാറ്റാറിയും മറിച്ചുംകൊണ്ടുമിരിക്കുമെന്നതിന് നോർവെയും ഇറ്റലിയും ഒന്നാന്തരം ഉദാഹരണങ്ങളാണ്. 1945-ൽ നോർവെയിൽ 42,000 മെമ്പർമാരുണ്ടായിരുന്ന പാർട്ടിസംഖ്യ 1953 ആയപ്പോഴേയ്ക്ക് വെറും 7,500 ആയി കുറഞ്ഞു. അതുകൊണ്ട് പാർലിമെന്ററി പ്രവർത്തനംവഴി നോർവെയുടെ രാജ്യകാര്യങ്ങളിൽ ഇടപെടുന്നതിന് കമ്മ്യൂണിസ്റ്റ്കാർക്ക് യാതൊരു നിവൃത്തിമാർഗവുമില്ലെന്നായി. ഉടനെ അവർ തെരുവുപ്രക്ഷോഭണവും അട്ടിമറിപ്രസ്ഥാനങ്ങളും ആരംഭിച്ചു. (ഈ പരിപാടിയായിരിക്കും ഇനി കേരളാകമ്മ്യൂണിസ്റ്റ്കാർ ഇവിടെ ആരംഭിക്കുക). വടക്കൻ അറ്റ്ലാന്റിക് കൂട്ടുകെട്ടസമ്പടിയിൽ (NATO) നോർവെ ചേരുന്നതിനെതിരായും, നോർവെയുടെ യുദ്ധചെലവിനെതി

രായും, യുദ്ധസേവനവ്യവസ്ഥകൾക്കെതിരായും എന്തുവേണ്ടാ, നോർവെയുടെ രാജ്യരക്ഷാനട പടികൾക്കു പൊതുവെ എതിരായി അവർ ജനങ്ങളെ ഇളക്കി പ്രക്ഷോഭണങ്ങൾ സംഘടി പ്പിച്ചു. ഒടുവിൽ ഒരു മഹാ ഒളിയുദ്ധപ്രസ്ഥാനം ഗവൺമെണ്ടു കണ്ടുപിടിച്ചു. ഏഴു സുപ്ര ധാന കമ്മ്യൂണിസ്റ്റ് നേതാക്കളും ഒരു റഷ്യാക്കാരനും അതിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. ഇവ രെല്ലാം സോവിയറ്റ് റഷ്യയ്ക്കുവേണ്ടി സൈനികചാരവൃത്തി നടത്തിക്കൊണ്ടിരുന്നവരാണു്.


എന്നാൽ ഇറാലിയിൽ, പാർലിമെൻറി തെരഞ്ഞെടുപ്പിൽ അവർക്കു് 22 ശത മാനം വോട്ടുകൾ മാത്രമേ ലഭിച്ചുള്ളൂ. ഉടൻതന്നെ അവർ ഇടതുപക്ഷീയരായ സോഷ്യലി സ്റ്റ്കാരുമായി ഒരു മുന്നണി ഐക്യത്തിലേർപ്പെട്ടു. അങ്ങനെ അവരിപ്പോഴവിടെ ഡമോ ക്രാറ്റിക് ഗവൺമെണ്ടിനെതിരായി പാർലിമെൻറിൽത്തന്നെ ഒരു എതുകക്ഷിയായി പ്രവ ത്തിക്കുന്നു. അതിനും പുറമെ, അവർ തന്നേയാണു് ഇറാലിയിലെ ഏറ്റവും ശക്തമായ തൊഴിലാളി സംഘടനയെ നിയന്ത്രിക്കുന്നതും. ക്രൂടാതെ, വലതുപക്ഷക്കാരുടെ ദേശീയ കോ-ഓപ്പറേറ്റീവു് ലീഗ്, ഇറാലിയൻ വനിതാലീഗ്, യുവജനഫെഡറേഷൻ മുതലായ സംഘടനകളിലും ധാരാളം നുഴഞ്ഞുകയറിയിട്ടുണ്ടു്. അവിടെ കമ്മ്യൂണിസ്റ്റ് നിയന്ത്രണത്തിൽ 12 ദിനപ്പത്രങ്ങളും 40-ലധികം വാരികകളും നടന്നുകൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ പാർലി മെൻറി തെരഞ്ഞെടുപ്പിനോടടുത്തു് അവർ മാസംതോറും ഒരു ബില്ല്യൺ ലീരാ (4,000,000 പവൻ) വീതം ചെലവാക്കിക്കൊണ്ടിരുന്നു. അവക്കു് അവിടെ സജീവപ്രവ ത്തകരായ 3000പേർ മുഴുസമയവും പാർട്ടിയ്ക്കുവേണ്ടി ജോലിയെടുക്കുന്നവരായുണ്ടു്. ഇങ്ങനെ ഇറാലിയൻ ജനതയെ റഷ്യൻ നുകത്തിൻകീഴ് കൊണ്ടുവരുന്നതിനു് കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു അഞ്ചാംപത്തിയായി അവിടെയൊരു ഉദ്യമം നടത്തിക്കൊണ്ടിരിക്കുകയാണു്.

കമ്മ്യൂണിസ്റ്റ് ഭീഷണി — മദ്ധ്യപൂർവ്വരാജ്യങ്ങളും ആഫ്രിക്കയും

മദ്ധ്യപൂർവ്വരാജ്യങ്ങളെ സംബന്ധിച്ചു സോവിയറ്റ്യൂണിയൻറെ ലക്ഷ്യം 1939-ലെ നാസി സോവിയറ്റ് ഉടമ്പടിയുടെ രഹസ്യ അനുബന്ധരേഖയിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. അതിലെ പ്രഖ്യാപിതലക്ഷ്യം, സോവിയറ്റ്യൂണിയൻറെ സർവ്വാധിപത്യാഭിലാഷം അതി ൻറെ അതിർത്തികളെ അതിലംഘിച്ചു് ഇൻഡ്യൻ മഹാസമുദ്രത്തിലേക്കു് കേന്ദ്രീകരിക്കുന്നു ണ്ടെന്നാണു്. സോവിയറ്റ്യൂണിയനുള്ള ലോകസാമ്രാജ്യമോഹത്തിൻറെ ഒരു സൂചന മാത്രമാണിതു്. ബോൾഷെവിക്കു് വിപ്ലവംമുതൽ റഷ്യ മറ്റു രാജ്യങ്ങളിൽ ആധിപത്യം സ്ഥാപിക്കുവാൻ ഉറ്റശ്രമിക്കുന്നുണ്ടു്. ആ രാജ്യങ്ങളിലെ പൊതുജനതാല്പര്യമുള്ള കമ്മ്യൂണി സ്റ്റിതര സംഘടനകളിലും ദേശീയ പ്രസ്ഥാനങ്ങളിലും നുഴഞ്ഞുകയറി നേതൃത്വം സ്ഥാപിക്കു വാൻ അവർ നിരന്തരം പരിശ്രമിക്കാറുണ്ടു്. അങ്ങനെ അവർ ഈ രാജ്യങ്ങളും പാശ്ചാത്യ രാജ്യങ്ങളുമായിട്ടുള്ള സർവ്വബന്ധങ്ങൾക്കെതിരായും, ഈ രാജ്യങ്ങളുടെ സാമ്പത്തിക വികസ നത്തിനുവേണ്ടി പാശ്ചാത്യരാഷ്ട്രങ്ങൾ നല്കുന്ന സഹായങ്ങൾക്കെതിരായും പ്രക്ഷോഭണം നട ത്തുന്നു. ക്രൂടാതെ "ലോകസമാധാനപ്രസ്ഥാനം" തുടങ്ങിയ കമ്മ്യൂണിസ്റ്റ് സമ്പ്രദായങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉറ്റശ്രമിക്കുന്നുണ്ടു്. ഇവയുടെയെല്ലാം അന്തിമലക്ഷ്യം ഈ രാജ്യ ങ്ങളെ പാശ്ചാത്യലോകത്തിൽനിന്നു് ഒറ്റപ്പെടുത്തുക എന്നതാണു്.

മദ്ധ്യപൂർവ്വപ്രദേശങ്ങളിലെ വിവിധരാജ്യങ്ങൾ സാമൂഹ്യമായും സാമ്പത്തികമായും ദേശീയബോധത്തിലും തുലനഗമനം ചെയ്തുകൊണ്ടിരിക്കുന്ന രാജ്യങ്ങളാണു്. ഇവിടങ്ങളിലെ വിപ്ലവാത്മകമായ ദേശീയബോധവും സാമ്പത്തിക കുറവുകളും പരിതസ്ഥിതികളും കമ്മ്യൂണിസ്റ്റ്കാരുടെ അടിമറിപ്രസ്ഥാനങ്ങൾ നടപ്പിലാക്കുന്നതിനു് അനുകൂലമാണു്. ഇന്നും ഈ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് സെല്ലുംഗങ്ങൾ വളരെ കുറവാണെങ്കിലും, മദ്ധ്യപൂർവ്വപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 27 രാഷ്ട്രങ്ങളിലായി ആകെ 96,010 പാർട്ടി മെമ്പർമാർ ഉണ്ടെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇതു് ഇറാൻ കണക്കിലെടുക്കാതെയാണു്. അവിടത്തെ ഗവൺമെണ്ടു് കമ്മ്യൂണിസ്റ്റ്കാർക്കെതിരായി കർശനനടപടികൾ എടുത്തുകൊണ്ടിരിക്കുന്നതിനാൽ അവിടത്തെ പാർട്ടി അംഗസംഖ്യ സ്പഷ്ടമായി വെളിപ്പെടുത്തപ്പെട്ടിട്ടില്ല. ഇസ്രായേലൊഴിച്ചു് മറ്റു മദ്ധ്യപൂർവ്വരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്പാർട്ടി നിരോധിക്കപ്പെട്ടിരിക്കയാണു്. എന്നിട്ടും, 1953-ൽ എട്ടു് അറബിരാജ്യങ്ങളിൽ നിന്നു് 60 പ്രതിനിധികൾ ബീറൂട്ടിൽ സമ്മേളിച്ചു, സോവിയറ്റ് നേതൃത്വത്തിലുള്ള "ജനകീയാവകാശസമിതി"യുടെ കൗൺസിലിൽ പരസ്യമായി സംബന്ധിക്കയുണ്ടായി. ബീറൂട്ട് കമ്മ്യൂണിസ്റ്റ് അണ്ടർഗ്രൗണ്ടു പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമാണുതാനും.

ഇറാനെ സംബന്ധിച്ചുള്ള സോവിയറ്റ് പരിപാടി ഒരു പ്രത്യേക വിധത്തിലാണു്.



ബോംബെയിൽ വിദ്യാർത്ഥിഫെഡറേഷൻ നടത്തുന്ന ഒരു ലഹള

1918-ൽ റഷ്യക്കാരനായ ട്രോയ്നോവിസ്കി ഇങ്ങനെ രേഖപ്പെടുത്തി: "..... പൗരസ്ത്യ രാജ്യങ്ങളിലെ വിപ്ലവത്തിന്റെ വിജയത്തിനുവേണ്ടി സോവിയറ്റ് അധീനതയിൽവരേണ്ട ഒന്നാമത്തെ രാജ്യം (പേർഷ്യ) ഇറാനാണ്. എന്തു വിലകൊടുത്താലും വേണ്ടില്ല, പേഷ്യ ഞങ്ങളുടേതാകും; അയേ മതിയാവൂ....." 1920-ൽ ചുമപ്പുസേന, റഷ്യൻ ദേശീയസേനയെ പിൻതുടർന്ന് വടക്കൻ പേഷ്യയിൽ പ്രവേശിച്ചു. ദക്ഷിണപേഷ്യയിൽ ഉറച്ചിരുന്ന ബ്രിട്ടീഷ് പട്ടാളത്തെ അവിടെനിന്ന് ഓടിച്ചശേഷം കാസ്പിയൻ കടൽത്തീരത്ത് ഒരു പാവഗവമ്മെണ്ട് സ്ഥാപിക്കണമെന്നതായിരുന്നു അവരുടെ ലക്ഷ്യം. പക്ഷേ, 1921-ൽ റഷ്യ ഈ തുറന്ന യുദ്ധനടപടിയ്ക്ക് വിരാമം ഇട്ടുകയും ഇരുരാജ്യങ്ങളും തമ്മിൽ ഒരു സന്ധി ഉണ്ടാക്കുകയും ചെയ്തു. പക്ഷേ, ഇറാനിൽനിന്ന് സോവിയറ്റ് സേനയെ പിൻവലിച്ചത് 1927-ൽ മാത്രമാണ്. അടുത്ത ഒരു ദശവർഷത്തേയ്ക്ക് ഇറാനിലെ സോവ്യറ്റ് പരിശീലനം സിദ്ധിച്ച വിപ്ലവകാരികൾ അവിടെ കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇറാനിലെ ബുദ്ധിജീവികളെ തങ്ങളുടെ സിദ്ധാന്തത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും അവർ അങ്ങേയറ്റം പരിശ്രമിച്ചു. റഷ്യയിൽനിന്നും സാമ്പത്തികസഹായം സ്വീകരിച്ചതിനും കമ്മ്യൂണിസ്റ്റ് പ്രവർത്തനം ചെയ്തതിനും, 1938-ൽ 45പേർക്ക് ഇറാൻഗവണ്മെൻറ് ജയിൽശിക്ഷ നൽകുകയുണ്ടായി. എന്നാൽ, ജയിലിൽ നല്ല പരിശീലനം സിദ്ധിച്ച ഉറച്ച കമ്മ്യൂണിസ്റ്റുകാരും ഉണ്ടായിരുന്നു. പുതുതായി ചെന്ന യാളുകാരും ആ പഴമക്കാരുമായി സമ്പർക്കം പുലർത്തി ഒന്നാംതരം പരിശീലനം സിദ്ധിച്ച ഒരു സംഘം വിപ്ലവകാരികളായിട്ടാണ് അവർ പുറത്തുവന്നത്.

1941 ആഗസ്റ്റിൽ സോവിയറ്റ്പട്ടാളവും ബ്രിട്ടീഷ്പട്ടാളവും ഇറാനിൽ പ്രവേശിച്ചു. രണ്ടുമാസങ്ങൾക്കുശേഷം ജയിലിൽവച്ചു പരിശീലനം സിദ്ധിച്ച വിപ്ലവകാരികളും സഹയാത്രികരോടും സോവിയറ്റ് വിപ്ലവകാരികളോടുംക്രടി യോജിച്ച് ഒരു പാർട്ടിയുണ്ടാക്കി. ടുഡേ (പൊതുജനം) പാർട്ടി. അതാണ് ഇറാനിലെ കമ്മ്യൂണിസ്റ്റ്കക്ഷി. 1943 ആരംഭത്തിലേതന്നെ പ്രസ്തുതപാർട്ടി ടെഹ്റാൻ ഭാഷയിൽ മൂന്നു ദിനപ്പത്രങ്ങളും പ്രസിദ്ധപ്പെടുത്തി. സ്വാതന്ത്ര്യമുന്നണി എന്ന പേരിൽ സ്വതന്ത്രദിനപ്പത്രങ്ങളുടെ ഒരു ഫെഡറേഷനും അവർ ആരംഭിച്ചു. ക്രടാതെ, പ്രധാനപ്പെട്ട തൊഴിലാളിസംഘടനകളിൽ കയറിപ്പറ്റുകയും ട്രെയിഡ്യൂണിയനുകളുടെ ഒരു കേന്ദ്രീകൃത സംഘടന സ്ഥാപിക്കുന്നതിനുവേണ്ടി സഹായിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ, കമ്മ്യൂണിസ്റ്റേതര ദേശീയകക്ഷികളുടെ ഒരു സഖ്യം സ്ഥാപിക്കുന്നതിനും അവർ അങ്ങേയറ്റം ശ്രമിച്ചു. ഭരണക്രടത്തിലും ഗതാഗതവാർത്താവിനിമയ വകുപ്പുകളിലും പാർട്ടിയംഗങ്ങൾ നുഴഞ്ഞുകയറിത്തുടങ്ങി. എന്നാൽ, ഭാഗ്യമെന്നു പറയട്ടെ. ഇറാനിലെ കാബിനറ്റിലും സൈന്യവ്യൂഹത്തിലും പോലീസ്നിരയിലും അവർക്ക് കയറിപ്പറ്റുവാൻ സാധിച്ചില്ല.

രണ്ടാംലോകമഹായുദ്ധകാലത്ത് ചുവപ്പുസേന ഇറാനിലെ ഒരു പ്രോവിൻസായ അസേർബൈജാൻ കൈവശപ്പെടുത്തി. ഇതു്, അവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വികാസത്തിനു് വഴിതെളിച്ചു. ജനാധിപത്യമാർഗ്ഗത്തിൽക്രടിയുള്ള ശ്രമം പരാജയപ്പെട്ടിടത്തു് ശക്തിയിലൂടെ ആധിപത്യത്തിൽ വരുവാൻ അവർക്കു് അങ്ങനെ സാഹചര്യം സൃഷ്ടിക്കപ്പെട്ടു. സോവിയറ്റ് പട്ടാളത്തിന്റെ പിന്തുണയോടെ ടുഡേ (ഇറാൻ കമ്മ്യൂണിസ്റ്റ് പാർട്ടി) 1945-ൽ അസേർബൈജാനിലും ഇറാനിയൻ കുർദിസ്ഥാനിലും ഒരു സായുധവി

പ്ലവം സംഘടിപ്പിച്ചു. ജനങ്ങളെ ഭയപ്പെടുത്തി അവർ ഒരു തെരഞ്ഞെടുപ്പു നടത്തുകയും അതോടെ സ്വാതന്ത്ര്യഭരണം പ്രഖ്യാപിക്കുകയും ചെയ്തു. ഈ വിപ്ലവം അടിച്ചമർത്തുന്നതിനു് ഇറാൻ ഗവണ്മെൻറിന്റെ സൈന്യം നിയോഗിക്കപ്പെട്ട എന്നുള്ളതു ശരിതന്നെ. പക്ഷേ, സംഭവസ്ഥലത്തേയ്ക്കു് മാർച്ചുചെയ്യുന്നതിനു് സോവിയറുപട്ടാളം അവരെ അനുവദിച്ചില്ല. ഉടമ്പടിപ്രകാരം, ബ്രിട്ടീഷ് അമേരിക്കൻ പട്ടാളങ്ങൾ സ്ഥലം വിട്ടു. അതേ സമയം, അന്താരാഷ്ട്രീയ വാഗ്ദാനങ്ങളെ ലംഘിച്ചുകൊണ്ടു് സോവിയറുപട്ടാളം അവിടെത്തന്നെ കഴിയുകമാത്രമല്ല, ക്രൂരതൽ പട്ടാളത്തെ പ്രവേശിപ്പിക്കുകകൂടി ചെയ്തു. അമേരിക്കൻ ഐക്യനാടുകളുടെ പ്രബലമായ സഹായത്തോടെ, ഇറാനിയൻ ഗവണ്മെൻറു് ഐക്യരാഷ്ട്രരക്ഷാസമിതിയിൽ രണ്ടു പ്രാവശ്യം നിവേദനം നടത്തുകയുണ്ടായി, സോവിയറുപട്ടാളം തങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ കൈകടത്തുന്നുണ്ടെന്നും, തന്നിമിത്തം, ആ പട്ടാളത്തെ ഉടനെ പിൻവലിക്കേണ്ടതാവശ്യമാണെന്നും. അവസാനം, ഐക്യരാഷ്ട്രസമിതിയുടെ ഈ പാശ്ചയുടെ അടിസ്ഥാനത്തിൽ, ഇറാനും റഷ്യയും തമ്മിലുണ്ടായ ആലോചനകളുടെ ഫലമായി, 1946 മേയ് മാസത്തിൽ റഷ്യ പട്ടാളത്തെ പിൻവലിച്ചു. എന്നാൽ, ഇറാന്റെ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുവാനുള്ള ടുഡെയുടെ രഹസ്യപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

മദ്ധ്യപൂർവ്വദേശത്തും ആഫ്രിക്കയിലും കമ്മ്യൂണിസ്റ്റുകാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെപ്പറ്റി മനസ്സിലാക്കിയാൽ ആ രാജ്യക്കാരുടെ സ്വാതന്ത്ര്യത്തിനു് കമ്മ്യൂണിസ്റ്റ്കാർ എന്നെന്നും ആപൽക്കാരികളാണെന്നുള്ളതിനു സംശയമില്ല.

കമ്മ്യൂണിസ്റ്റ് റഷീഷണി — പശ്ചിമഭ്രഗോളം—തെക്കേ അമേരിക്ക

ബോൾഷെവിക്കു് വിപ്ലവാരംഭം മുതൽക്കുതന്നെ കമ്മ്യൂണിസ്റ്റ് പ്രവർത്തനം തെക്കേ അമേരിക്കൻ രാജ്യങ്ങളിൽ നടന്നുവന്നിരുന്നുവെന്നുള്ളതു വാസ്തവംതന്നെ. പക്ഷേ, ഇതിന്റെ യഥാർത്ഥ്യം വെളിപ്പെട്ടതു് ലോകമഹായുദ്ധം തുടങ്ങിയശേഷമാണു്. ആ രാജ്യങ്ങളിലെ വിപ്ലവസംരംഭങ്ങളും സർവ്വലോക കമ്മ്യൂണിസവുമായുള്ള ഉറബന്ധം സ്പഷ്ടമാണു്. ഉദാഹരണമായി ബ്രസീലിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പേരുതന്നെ, "സർവ്വലോകകമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ബ്രസീലിയൻഘടക"മെന്നാണു്. അവിടത്തെ പാർട്ടിനേതാവായിരുന്ന ലൂയി കാർലോസ് പ്രസ്റ്റീസ് നാലുകൊല്ലക്കാലം റഷ്യയിൽ പരിശീലനം നടത്തുകയുണ്ടായി. 1935-ൽ ദേശീയസ്വാതന്ത്ര്യസഖ്യം എന്ന ഒരു മുന്നണിപ്രവർത്തകർ ബ്രസീലിയൻ ഭരണകൂടത്തിനെതിരായി ഒരു വിപ്ലവം സംഘടിപ്പിച്ചു; പക്ഷേ, പൊളിഞ്ഞുപോയി. ഗവണ്മെൻറ് കമ്മ്യൂണിസ്റ്റ് നേതാക്കളെ പിടികൂടുകയും പല രഹസ്യരേഖകളും പിടിച്ചെടുക്കുകയും ചെയ്തു. അക്കൂട്ടത്തിൽ ജർമ്മൻകാരനായ ആർതർ ഏണസ്റ്റ് ഇവെർട്ട് എന്നൊരു കമ്മ്യൂണിസ്റ്റ്കാരനെയും പിടികൂടി. ഇവയെല്ലാം അവരുടെ വിപ്ലവപദ്ധതികളെയും മോസ്കോയുമായുള്ള വേഴ്ചയേയും പ്രകടമാക്കി.

രണ്ടാം ലോകമഹായുദ്ധകാലത്തു് ലാററിൻ അമേരിക്കയിലെ അനേകം രാജ്യങ്ങളും റഷ്യയുമായി നയതന്ത്രബന്ധത്തിൽ ഏർപ്പെട്ടു. തദവസരത്തിൽ, മെക്സിക്കോയിലെ സോവിയറ്റ്കാര്യാലയം കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളുടെ കേന്ദ്രമായിത്തീർന്നു. ലാററിൻ അമേരിക്കയിൽ ഉടനീളമുള്ള ഏജൻറന്മാർക്കു് അവിടെനിന്നു് പണവും നിർദ്ദേശങ്ങളും തുടർച്ച

യായി ലഭിച്ചുകൊണ്ടിരുന്നു. 1947 ആയപ്പോഴേയ്ക്കും അവിടെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി യംഗങ്ങളുടെ സംഖ്യ 330,000ത്തോളമായി ഉയർന്നു. അക്കൊല്ലംതന്നെ പലരാജ്യങ്ങളിലായി നടന്ന തെരഞ്ഞെടുപ്പുകളിൽ പത്തുലക്ഷം വോട്ടുകളും അവർ കരസ്ഥമാക്കി.

ഇപ്പോൾ, പാർട്ടിയംഗങ്ങളുടെ സംഖ്യ 200,000വരെയായി കുറഞ്ഞിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ, അവർക്കു നിരവധി അനുഭാവികളെ നേടുവാൻ കഴിഞ്ഞിട്ടുണ്ട്. പലപ്പോഴും കമ്മ്യൂണിസ്റ്റിതരരുമായി യോജിച്ചുകൊണ്ട് പലേ മുന്നണികളും സംഘടിപ്പിക്കുന്നതിനും അവർക്കു സാധിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത്തരം മുന്നണിസംഘങ്ങൾക്കും അവയ്ക്കുപിറകിൽ പ്രവർത്തിക്കുന്ന പാർട്ടിഘടകങ്ങൾക്കും മോസ്കോയിൽനിന്നു വിപുലമായ സാഹായ്യവും ലഭിച്ചിട്ടുണ്ട്. 1953-ൽത്തന്നെ ലാറിൻ അമേരിക്കയിൽനിന്നു 1000 പേരോളം കമ്മ്യൂണിസ്റ്റുകളുടെ നേതൃത്വത്തിൽ റഷ്യൻ പര്യടനം നടത്തിയിട്ടുണ്ട്. ഇതു 1950-ലേതിന്റെ പത്തിരട്ടിയാണു്. പ്രധാനപ്പെട്ട കമ്മ്യൂണിസ്റ്റ് യുവജനയോഗങ്ങളിലും സമാധാനപ്രസ്ഥാനത്തിന്റെ സമ്മേളനങ്ങളിലും സംബന്ധിച്ച ലാറിൻ അമേരിക്കക്കാരുടെ സംഖ്യ 1950-നും 1953-നും ഇടയ്ക്കു് രണ്ടോ മൂന്നോ മടങ്ങു വർദ്ധിച്ചു. അതേസമയം തൊഴിലാളി സമ്മേളനങ്ങളിൽ സംബന്ധിച്ചിരുന്ന അന്നാട്ടുകാരുടെ എണ്ണം ഒൻപതു മടങ്ങാണു് വർദ്ധിച്ചതു്. ഇതോടൊപ്പം, ലാറിൻ അമേരിക്കയെ ലക്ഷ്യമാക്കി അവരുടെ പ്രചാരണയന്ത്രം ശരിക്കു പ്രവർത്തിക്കുകയും ചെയ്തു. 1954 ജൂൺ 18-നും 27 നും ഇടയ്ക്കു് 300ലധികം പ്രക്ഷേപണങ്ങൾ ഗോട്ടിമാലയെപ്പറ്റി മോസ്കോറേഡിയോ നടത്തുകയുണ്ടായി. ഇതെല്ലാം ആ മേഖലയെ സംബന്ധിച്ചുള്ള റഷ്യയുടെ അത്യധികമായ താൽപ്പര്യത്തെയാണു കാണിക്കുന്നതു്.

രാഷ്ട്രീയവും സാമൂഹ്യവുമായ സംഘടനയിൽക്കൂടി നഴ്ചയുകയറി ഭരണം പിടിച്ചടക്കുവാൻ കമ്മ്യൂണിസ്റ്റുകൾ ശ്രമിക്കുന്നതിന്റെ ഒരു ഉത്തമദൃഷ്ടാന്തമാണ് ഗോട്ടിമാലാ നൽകുന്നതു്. 1954 ജൂണിലാണല്ലോ, കാസ്റ്റില്ലോ അർമാസിലെ കമ്മ്യൂണിസ്തേതര ശക്തികൾ ആർബൻസിന്റെ ഭരണക്രൂരത്തെ തട്ടിത്തകർത്തതു്. അന്നുവരെ, അവിടത്തെ രാഷ്ട്രീയ സംഭവവികാസങ്ങളിൽ കമ്മ്യൂണിസ്റ്റുകൾക്കു് നേരിട്ടു ബന്ധമുണ്ടായിരുന്നു. അവിടത്തെ പ്രധാന ഡിപ്പാർട്ടുമെൻറുകളിലെല്ലാം കമ്മ്യൂണിസ്റ്റുകളും അവരുടെ അനുഭാവികളും കയറിപ്പറ്റിയിട്ടുണ്ടു്; പ്രത്യേകിച്ചു്, പ്രസിദ്ധീകരണശാഖകളിലും പ്രക്ഷേപണകേന്ദ്രങ്ങളിലും. നിയമദൃഷ്ട്യാ അവക്കിനി യാതൊരു പ്രതിബന്ധവും അവിടെ തരണംചെയ്യേണ്ടതില്ല. പാർട്ടി അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ഗോട്ടിമാലയിലെ പ്രമുഖ കമ്മ്യൂണിസ്റ്റുകളായ ജോസേ മാനുവൽ ഫോർട്ടുണിയും വിക്ടർ മാനുവൽ ഗുട്ടീറെസ്സും ഉന്നതഭരണ വൃത്തങ്ങളിൽ നല്ല സ്വാധീനം നേടിക്കഴിഞ്ഞിട്ടുണ്ടു്. പ്രസിഡൻറ് ആർബൻസുതന്നെ അവരുടെ സ്വാധീനവലയത്തിലായിക്കഴിഞ്ഞിരിക്കുകയാണു്.

ഗോട്ടിമാലയിൽ കമ്മ്യൂണിസ്റ്റുകൾക്കു് ഒരു പ്രഹരമേറ്റു എന്നതു വാസ്തവംതന്നെ. പക്ഷെ അതുകൊണ്ടൊന്നും, അവർ പിമാറുമെന്നു വിചാരിക്കേണ്ട; അവർ തങ്ങളുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. റഷ്യയോടുള്ള രഹസ്യബന്ധം പ്രത്യക്ഷമാക്കുവാൻ അവർ അങ്ങനെ കാത്തിരിക്കുകയാണു്. 1954 സെപ്റ്റംബർ 19-നു് പൊടോറിക്കോസിലുള്ള ഒരു സംഘം ചിലിയൻ കമ്മ്യൂണിസ്റ്റുകൾ ചിലിയൻ ദേശീയപതാകയെ അവഹേളിച്ചുകൊണ്ടു് ആക്രോശിച്ചു: "ഞങ്ങൾ ചിലിക്കാരല്ല; കമ്മ്യൂണിസ്റ്റുകാരാണു്" എന്നു്. അവരുടെ ഈ പ്രസ്താവത്തെ സംശയിക്കുവാൻ കാരണമൊന്നുമില്ല.

18045

എന്താണീ കമ്മ്യൂണിസം

കമ്മ്യൂണിസ്റ്റ്കളും ഇതരരും തമ്മിൽ ഒരു ജീവൻമരണമത്സരത്തിൽപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ കമ്മ്യൂണിസത്തിന്റെസ്വ്വ വശങ്ങളും ചിത്രത്തിൽക്കൂടി പ്രതിപാദിക്കുന്ന ഒരു ചിത്രഗ്രന്ഥം.

ഉള്ളടക്കം

1. കമ്മ്യൂണിസത്തിന്റെ ആകഷ്ണീയത
2. അതിന്റെ തത്വസംഹിത
3. റഷ്യയിൽ കമ്മ്യൂണിസം വന്നതെങ്ങനെ?
4. കമ്മ്യൂണിസം പ്രയോഗത്തിൽ
5. കമ്മ്യൂണിസ്റ്റ് വികാസം.

—എല്ലാം ചിത്രങ്ങളിൽക്കൂടി

വില രൂപാ രണ്ടുമാത്രം.

